IN THE END MY IMMACULATE HEART WILL TRIUMPH

യുഗാന്ത്യത്തിൽ എന്റെ വിമലഹൃദയത്തിന്റെ വിജയം സുനിശ്ചിതമാണ്

(33 DAYS TO GLORY)

മഹത്വത്തിലേക്കുള്ള 33 ദിവസങ്ങൾ

# വിമലഹൃദയ പ്രതിഷ്ഠാ പ്രാർത്ഥന



## CONSECRATION PREPARATION FOR THE TRIUMPHANT VICTORY OF THE IMMACULATE HEART OF MARY

## IN THE END MY IMMACULATE HEART WILL TRIUMPH

യുഗാന്ത്യത്തിൽ എന്റെ വിമലഹൃദയത്തിന്റെ വിജയം സുനിശ്ചിതമാണ്

**33 DAYS TO GLORY**

**മഹത്വത്തിലേയ്ക്കുള്ള 33 ദിവസങ്ങൾ**

# വിമലഹൃദയ പ്രതിഷ്ഠാ പ്രാർത്ഥന



## CONSECRATION PREPARATION FOR THE TRIUMPHANT VICTORY OF THE IMMACULATE HEART OF MARY

# പരിശുദ്ധ മറിയത്തിന്റെ വിമലഹൃദയത്തിന്റെ സുനിശ്ചിത വിജയത്തിനായുള്ള പ്രതിഷ്ഠയുടെ ഒരുക്ക പ്രാർത്ഥനകളും സന്ദേശങ്ങളും

പരിശുദ്ധ കന്യകാമറിയം തന്റെ സുനിശ്ചിത വിജയത്തിന്റെ പുലരിയിൽ പ്രത്യാശയുടേയും സമാധാനത്തിന്റേയും സന്ദേശം ഈ ലോകത്തിനു നൽകുന്നു. നമ്മളെ തന്റെ മക്കളായി ആലിംഗനം ചെയ്യാനുള്ള സ്നേഹത്തേയും ആഗ്രഹത്തേയും കുറിച്ച് നമ്മോട് സംസാരിക്കുന്നു. പരിശുദ്ധ മറിയത്തിന്റെ വിളിക്കുള്ള പ്രത്യുത്തരമായി നമുക്ക് പരിശുദ്ധ മറിയത്തിന്റെ വിമല ഹൃദയത്തിൽ നമ്മെത്തന്നെ പ്രതിഷ്ഠിക്കുന്നതാണ് ദൈവികവും പരിപൂർണ്ണവുമായത്. നമുക്കൊരുമിച്ച് നമ്മുടെ ഹൃദയപക്ഷങ്ങളെ പരിശുദ്ധ മറിയത്തിന്റെ പുത്രനും നമ്മുടെ കർത്താവുമായ ഈശോമിശിഹായുടെ ശുശ്രൂഷയ്ക്ക് സമർപ്പിക്കാം. ഈ അമൂല്യമായ വാതിലിലൂടെ പരിശുദ്ധ മറിയത്തിന്റെ അനുഗ്രഹത്തിന്റെയും കൃപയുടെയും ആഴവും വീതിയും നമ്മളിലേക്ക് ചൊരിഞ്ഞിരിക്കുന്നതു കാണാൻ സാധിക്കും. അത് ശാശ്വതമായ ഐക്യത്തിന്റെ "അതെ" ആണ് താനും.

സകല പുണ്യങ്ങളുടെയും അമ്മയായ മറിയത്തിന്റെ വാക്കുകൾ വിമലഹൃദയത്തിന്റെ സുനിശ്ചിത വിജയത്തിനു പ്രത്യേകം സമർപ്പിക്കപ്പെട്ട ഒരു ആത്മാവിലൂടെയാണ് നമുക്ക് ഓരോരുത്തർക്കും നല്കപ്പെടുന്നത്. ഈ സന്ദേശങ്ങളിലെ ഓരോ വാക്കുകളും കൃപയുടെയും സമയത്തിന്റെയും വിമലഹൃദയത്തിലൂടെ പരിശുദ്ധ മറിയത്തിന്റെ പുത്രനായ യേശുവിനു പ്രതിഷ്ഠിക്കപ്പെടേണ്ടതിന്റെ അനിവാര്യതയെക്കുറിച്ച് നമുക്കു ബോധ്യം നൽകുന്നു. ഈ ഉപകരണത്തിലൂടെ നമ്മുടെ മനസ്സിനു പ്രകാശവും പരിശുദ്ധ അമ്മ പഠിപ്പിച്ച വഴിയിലൂടെ നമ്മെ നടക്കാൻ സഹായിക്കുന്നതുമാകുന്നു.

**നേർവഴി നയിക്കൽ** (Guidance) : വിമലഹൃദയ പ്രതിഷ്ഠയുടെ ഉദ്ദേശ്യവും പദ്ധതിയേയും കുറിച്ച് നമ്മെ പഠിപ്പിക്കുന്നു.

**മാർഗ്ഗനിർദ്ദേശം** : വിമലഹൃദയ പ്രതിഷ്ഠയുടെ ഫലങ്ങളും അവയെ നമ്മുടെ ദൈനംദിന ജീവിതത്തിൽ സ്വാംശീകരിക്കേണ്ടതെങ്ങനെയെന്നും ബോധ്യപ്പെടുത്തുന്നു.

**ധ്യാനചിന്ത:** നമ്മുടെ ആഗ്രഹങ്ങളും ആവശ്യങ്ങളും അപേക്ഷകളും സമർപ്പിക്കുന്നതിലൂടെ ദൈവപിതാവിന്റെ ഇഷ്ടത്തിനനുസരിച്ച് നമ്മെ ഒരുക്കുന്നതിന് പരിശുദ്ധ മറിയം നമ്മെ സഹായിക്കുന്നു. വിമലഹൃദയ പ്രതിഷ്ഠയുടെ പാഠ്യഭാഗം തന്നെ പരിശുദ്ധ മറിയത്തിന്റെ സുനിശ്ചിത വിജയത്തിനു നമ്മെത്തന്നെ സമർപ്പിക്കുന്നതിനുള്ള അമ്മയുടെ സമ്മാനമാണ്.

ഈ ദൈവിക പദ്ധതിയിൽ നമ്മുടെ ഭാഗഭാഗിത്വത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ബോധ്യം തരുവാൻ പരിശുദ്ധ അമ്മ അതിയായി അഭിലഷിക്കുന്നു. പരിശുദ്ധ അമ്മ നമ്മെ അമ്മയോട് ചേർന്ന് പ്രത്യേകമായി മുദ്ര ചെയ്ത് പോരാടുന്നവരായി പരിഗണിക്കുന്നു. എന്റെ അവശിഷ്ടഭാഗത്തെ എന്റെ വിമല ഹൃദയത്തിനോടുള്ള പ്രത്യേക വണക്കത്തിൽ നിന്നു തിരിച്ചറിയാം. പരിശുദ്ധ മറിയത്തെ ആദരിക്കുന്നതിലൂടെ ദൈവത്തെ ആദരിക്കുന്നതായി ദൈവം പരിഗണിക്കും. ക്രിസ്തുവിന്റെ വികാരിയായ പരിശുദ്ധ പിതാവിനോടുള്ള വിശ്വസ്തതയും അവരിൽ കാണാൻ സാധിക്കും. പരിശുദ്ധ കുർബാനയിൽ യേശുവിന്റെ സജീവ സാന്നിധ്യത്തിലുള്ള വിശ്വാസവും ആദരവും അവരിൽ ഉണ്ടായിരിക്കും. ദിവ്യകാരുണ്യ ഈശോയുടെ സാന്നിധ്യത്തിൽ നിങ്ങളെക്കുറിച്ചുള്ള യേശുവിന്റെ പദ്ധതി ഫലമണിയിക്കും. ദൈവത്തിന്റെ രക്ഷാകര പദ്ധതിയിൽ എന്നിലൂടെ ചേർക്കപ്പെടുന്ന മക്കളിൽ ഈ മൂന്ന് അടയാളങ്ങൾ ഉണ്ടായിരിക്കും. നമ്മുടെ ആത്മാക്കളുടെ വിശുദ്ധീകരണത്തിലൂടെ യേശുവിന്റെ മുമ്പിൽ പ്രത്യക്ഷപ്പെടാൻ (ലൂക്കാ: 21/34, 35, 36) തക്കവണ്ണം നമ്മെ ഒരുക്കുവാനായിട്ടാണ് പരിശുദ്ധ അമ്മ നമ്മുടെ അടുത്തേക്കു വരുന്നത്. നമ്മുടെ ഹൃദയങ്ങൾ തുറന്നു കൊടുക്കാനായിട്ടാണ് പരിശുദ്ധ അമ്മ നമ്മോട് അപേക്ഷിക്കുന്നത്.

വിമലഹൃദയത്തിനു പ്രതിഷ്ഠിക്കുവാൻ നാം നമ്മെത്തന്നെ ഒരുക്കുമ്പോൾ ദൈവത്തിന്റെ തിരുവിഷ്ടമാണു നമ്മൾ പൂർത്തീകരിക്കുന്നത്. അതു വെറുമൊരു അധര വ്യായാമമല്ല; മറിച്ച് എല്ലാ ദിവസവും നവീകരിക്കുന്ന ഒരു പ്രവൃത്തിയാണ്. പ്രതിഷ്ഠയിൽ നാം ജീവിക്കണമെങ്കിൽ ബലി ആവശ്യമാണ്. നമ്മുടെ ഇഷ്ടം ബലികഴിച്ചാൽ യേശുവിന്റെ ഇഷ്ടം നമ്മളിൽ നിറവേറും. നമ്മൾ മറ്റുള്ളവരുടെ മുമ്പിൽ സാക്ഷികളാകത്തക്കവണ്ണം വിശുദ്ധരായി ജീവിക്കണം. സത്യത്തിലും വിശുദ്ധിയിലും പരിശുദ്ധ അമ്മയെ അനുകരിച്ച് യേശുവിൽ പരിശുദ്ധരാകാൻ വേണ്ടിയുള്ള ചിഹ്നങ്ങളായി ജീവിക്കണം. പരിശുദ്ധ അമ്മയുടെ വിളിക്കുള്ള പ്രത്യുത്തരമായി മറിയത്തിന്റെ വിമലഹൃദയത്തിലൂടെ ഒരുമിച്ചു കൂട്ടപ്പെട്ടവരും ഒരുക്കപ്പെട്ടവരുമായി നാം കാണപ്പെടണം. പരിശുദ്ധ മറിയത്തിന്റെ വിമലഹൃദയത്തിന്റെ സുനിശ്ചിത വിജയം യേശുവിന്റെ തിരുഹൃദയത്തിന്റെ ഭരണം നമ്മുടെ മധ്യേ സ്ഥാപിതമാക്കും. അതിനുവേണ്ടിയാണു നാം നമ്മെത്തന്നെ പ്രതിഷ്ഠിക്കുന്നത്.

സകല പ്രസാദവരങ്ങളുടെയും അമ്മയായിട്ടാണു പരിശുദ്ധ മറിയം പ്രത്യക്ഷപ്പെടുന്നത്. അമ്മയിൽ വിളങ്ങുന്ന പുണ്യങ്ങൾ നമുക്ക് അത്യന്താപേക്ഷിതമാണ്. പാപത്തിന്റെ അനന്തരഫലങ്ങൾ നാം മറന്നുപോയിരിക്കുന്നു. നമ്മുടെ ഹൃദയം മന്ദോഷ്ണതയും ചഞ്ചലചിത്തതയും കൊണ്ട് നിറഞ്ഞിരിക്കുന്നു. സാത്താന്റെ അന്ധകാരലോകത്തിൽ നിന്നും നമ്മെ രക്ഷിക്കുവാനായിട്ടാണ് ദൈവം പരിശുദ്ധ അമ്മയെ നമ്മുടെ മധ്യേ അയച്ചിരിക്കുന്നത്. പരിശുദ്ധ സ്നേഹാഗ്നിയാൽ നമ്മുടെ ഹൃദയങ്ങളെ നിറച്ച് പ്രത്യാശയുടെ പദ്ധതി നമ്മെ അറിയിക്കുവാനായിട്ടാണ് അമ്മ വരുന്നത്. സ്നേഹമസൃണയായ അമ്മ ലാളിത്യത്തോടെ നമ്മെ വിളിക്കുന്നത്; ദൈവം ഉണ്ടെന്നും ദൈവം നമ്മെ ഇപ്പോഴും അതേപടി സ്നേഹിക്കുന്നുവെന്നും അറിയിക്കുവാനാണ്. ക്ഷമിക്കുന്ന സ്നേഹത്തോടും കരുണയോടെ വിരിച്ചുപിടിച്ച കൈകളോടെയും അവസാനത്തെ ആടിനെയും പ്രതീക്ഷിച്ചു കാത്തിരിക്കുന്നവനാണ് ദൈവം. പ്രതിഷ്ഠയിലൂടെ നമ്മുടെ ഹൃദയത്തിലും ലോകത്തിലും ശാശ്വത സമാധാനം ഉണ്ടാകുമെന്ന വാഗ്ദാനം നാം നിറവേറ്റുകയാണ്. ഈ ദൈവിക കൃപയ്ക്കു വേണ്ടി നമ്മുടെ ഹൃദയങ്ങളെ ഒരുക്കാം. നിശ്ചയദാർഢ്യത്തോടെ പരിശുദ്ധ മറിയത്തിന്റെ വിമലഹൃദയത്തിന്റെ സുനിശ്ചിതവിജയത്തിനു വേണ്ടി നമ്മുടെ ഹൃദയങ്ങളെ തുറന്നുകൊടുക്കാം. *ആവേ മരിയാ!!!*

# ദൈനംദിന പ്രാർത്ഥനകൾ

പരിശുദ്ധ അമ്മ കൈയിൽ പുണ്യങ്ങളുടെ മുത്തുമാലയും പിടിച്ച് പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നു. എല്ലാ പ്രാർത്ഥനകളും വളരെ സാവധാനത്തിലും തീക്ഷ്ണതയോടും അതിരറ്റ സ്നേഹത്തോടും കൂടി ചൊല്ലിക്കൊണ്ടിരിക്കുന്നു. ഈ പ്രാർത്ഥനകളിൽ പരിശുദ്ധിയുടെ വിത്തുകളും, നിരന്തരമായി പ്രാർത്ഥിച്ച് പുണ്യങ്ങളിൽ വളരുവാനുള്ള കൃപയും അമ്മ വാഗ്ദാനം ചെയ്തിരിക്കുന്നു. ഈ പുണ്യങ്ങളുടെ മുത്തു മാലയിൽ നമ്മുടെ ഹൃദയങ്ങളിൽ ഉണ്ടാകേണ്ട പുണ്യങ്ങൾ എല്ലാം അടങ്ങിയിരിക്കുന്നു. പ്രാർത്ഥന യുടെ ഈ മുത്തുമണികളിൽ അടങ്ങിയിരിക്കുന്ന കൃപകൾ കൊണ്ട് സ്വർഗ്ഗത്തിൽനിന്ന് ലഭിക്കേണ്ട പുണ്യങ്ങൾ ലഭിക്കുവാൻ നമ്മളെ സഹായിക്കും. ഈ ഏഴു പുണ്യങ്ങളിലൂടെ നമ്മുടെ ആത്മാവ് പിതാ വായ ദൈവത്തിന്റെ കരങ്ങളിലേക്കു കരേറ്റപ്പെടും.

1. **ശ്ലീഹന്മാരുടെ വിശ്വാസപ്രമാണം ചൊല്ലുക.**

2. **പ്രതിഷ്ഠാജപം :** എന്റെ രാജ്ഞിയായ അമ്മേ, ഞാൻ എന്നെത്തന്നെ പൂർണ്ണമായി അങ്ങയുടെ കര ങ്ങളിൽ സമർപ്പിച്ചുകൊണ്ട് അങ്ങയോടുള്ള എന്റെ ഭക്തിയെ പ്രകടമാക്കുന്നു. ഈ ദിവസത്തേയും കണ്ണിനേയും കാതുകളേയും നാവിനേയും ഹൃദയത്തേയും എന്റെ സർവസ്വവും അങ്ങേയ്ക്ക് സമർപ്പി ക്കുന്നു. ആയതുകൊണ്ട് എന്റെ നല്ല അമ്മേ, എന്നെ അങ്ങയുടെ സ്വന്തമായി സ്വീകരിച്ചു കാത്തുരക്ഷി ക്കുകയും സൂക്ഷിക്കുകയും ചെയ്യണമെ. ആമേൻ.

3. **ത്രികാലജപം** (കർത്താവിന്റെ മാലാഖ)

## ഓരോ പുണ്യത്തിനും ആവർത്തിച്ചു ചൊല്ലേണ്ട പ്രാർത്ഥനകൾ

**1. വിശ്വാസം**

a) സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..

b) ത്രിത്വസ്തുതി

c) പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന.

പരിശുദ്ധാത്മാവെ എഴുന്നള്ളി വരേണമെ, എന്റെ ഹൃദയത്തിൽ വെളിച്ചം വീശണമെ.

പരിശുദ്ധാത്മാവെ എന്റെ മനസ്സിലേക്ക് എഴുന്നെള്ളി വരേണമെ. ദൈവിക കാര്യങ്ങൾ മനസ്സിലാ ക്കുവാൻ കൃപ നൽകേണമെ.

പരിശുദ്ധാത്മാവെ എന്റെ ആത്മാവിന്റെ ആഴങ്ങളിലേക്കു എഴുന്നള്ളി വരേണമെ. ഞാൻ ദൈവ ത്തിന്റെ സ്വന്തമാകട്ടെ. ദൈവത്തിന്റെ ഉപരി മഹത്വത്തിനായി എന്റെ ചിന്തകളെയും, വാക്കുകളെയും, പ്രവൃത്തികളെയും വിശുദ്ധീകരിക്കേണമേ.

**2. പ്രത്യാശ 3. സ്നേഹം 4.എളിമ 5. ക്ഷമ 6. പരിശ്രമശീലം** (നിലനിൽപ്പ്) **7. അനുസരണം**

**ഓ മറിയമേ!** ഓ, പരിശുദ്ധ മറിയമെ എന്റെ ഹൃദയത്തെ അങ്ങയുടേതാക്കി മാറ്റണമെ. പുണ്യങ്ങളാൽ നിറച്ച് പരിശുദ്ധിയുടെ പൂമാല ചാർത്തേണമെ. അങ്ങേയ്ക്ക് പ്രതിഷ്ഠിച്ചിരിക്കുന്ന എന്റെ ഹൃദയം അങ്ങയുടെ സ്വന്തമാക്കണമെ. അങ്ങേയ്ക്കുള്ള കാഴ്ചവസ്തുവായി അതിനെ പിതാവായ ദൈവത്തിനു സമർപ്പിക്കണമെ. അങ്ങയുടെ ഹൃദയത്തെ മറ്റുള്ളവരറിയുവാൻ എന്നെ അങ്ങയുടെ ഉപകരണമാക്കി മാറ്റേണമെ.

**പെന്തക്കുസ്താ പ്രാർത്ഥന**: ക്രിസ്തുവിന്റെ ആത്മാവെ എന്നെ ചലിപ്പിക്കണമെ. ക്രിസ്തുവിന്റെ ആത്മാവെ എന്നെ മാറ്റേണമെ ക്രിസ്തുവിന്റെ ആത്മാവെ എന്നെ നിറയ്ക്കണമെ. ക്രിസ്തുവിന്റെ ആത്മാവെ എന്നെ മുദ്രയടിക്കണമെ. ഓ സ്വർഗ്ഗസ്ഥനായ പിതാവെ അങ്ങയുടെ ഹൃദയത്തിൽ എന്നെ പ്രതിഷ്ഠിക്കണമെ. പുണ്യങ്ങളുടെ ഒരു ഉറവ എന്നിൽ സൃഷ്ടിക്കണമെ. എന്റെ ആത്മാവിനെ അങ്ങ യുടെ സ്വന്തമായി മുദ്രകുത്തണമെ. അങ്ങനെ ഞാൻ അങ്ങയുടെ പ്രതിബിംബമായി മറ്റുള്ളവരുടെ മുമ്പിൽ പ്രകാശിക്കുവാൻ കൃപ തരേണമെ. *ആമേൻ.*

## 1-ാം ദിവസം

**പ്രി**യ മക്കളെ, വിമലഹൃദയപ്രതിഷ്ഠ കേവലം ഒരു അധര വ്യായാമമല്ല; ഒരു പ്രവൃത്തിയാണെന്ന് നിങ്ങളുടെ ഹൃദയങ്ങൾ മനസ്സിലാക്കുന്നതിൽ ഞാൻ സന്തോഷിക്കുന്നു.

നിങ്ങളുടെ ഹൃദയം ആത്മാവിന്റെ ജനാലയാണ്. വിമലഹൃദയ പ്രതിഷ്ഠ എന്ന പ്രവൃത്തി ആ ജനാല തുറക്കുന്നു. നിങ്ങളുടെ ആത്മാവ് ഒരു പ്രിസം പോലെയാണ്. ദൈവത്തിന്റെ പ്രതിബിംബമായിട്ടാണ് ദൈവം അതിനെ സൃഷ്ടിച്ചിരിക്കുന്നത്. ഈ പ്രിസത്തിൽ അശുദ്ധിയുണ്ടെങ്കിൽ അതിന് ദൈവത്തിന്റെ മഹത്വം പ്രതിഫലിപ്പിക്കുവാൻ സാധിക്കുകയില്ല. ആത്മാവിനു വെളിച്ചം ലഭിക്കുവാൻ നിങ്ങൾ പ്രാർത്ഥിക്കണം. പ്രാർത്ഥനയിലൂടെ മാത്രമെ എല്ലാ അശുദ്ധികളും നിർമ്മാർജ്ജനം ചെയ്യാൻ സാധിക്കുകയുള്ളു.

പ്രിയ മക്കളെ എന്റെ ഹൃദയത്തിലേക്കു നോക്കുക. നിർന്നിമേഷം നോക്കുമ്പോൾ മാത്രമേ പരിശുദ്ധ ത്രിത്വത്തിന്റെ പ്രതിഫലനം നിങ്ങൾക്ക് അനുഭവമാക്കിത്തരുവാൻ സാധിക്കുകയുള്ളു. ദൈവത്തിന്റെ പ്രകാശം ലഭിക്കുമെന്നു ഞാൻ നിങ്ങൾക്ക് ഉറപ്പു നൽകുന്നു.

**നേർവഴി നയിക്കൽ:** പരിശുദ്ധ മറിയം നമ്മെ വിമലഹൃദയത്തിന്റെ സുനിശ്ചിത വിജയം എന്ന ലക്ഷ്യത്തിലേക്കാണ് നയിക്കുന്നത്. ഇതിന്റെ ആദ്യപടിയാണ് വിമലഹൃദയ പ്രതിഷ്ഠ. അങ്ങനെ നമ്മൾ പരിശുദ്ധ അമ്മയുടെ പരിശുദ്ധിയിലേക്കും ശാശ്വത സമാധാനത്തിലേക്കുമുള്ള വിളിക്ക് പ്രത്യുത്തരം നൽകുന്നു.

നമ്മുടെ വ്യക്തിപരമായ മാനസാന്തരത്തിലൂടെയാണ് ദൈവത്തിനു നമ്മുടെ ആത്മാവിലും മനസ്സിലും പ്രവർത്തിക്കാൻ നാം അനുമതി നൽകുന്നത്. വിമലഹൃദയപ്രതിഷ്ഠ എന്ന പ്രവൃത്തിയിലൂടെ ലഭിക്കുന്ന പ്രത്യേക കൃപയിലൂടെ നമ്മുടെ ഹൃദയങ്ങളെ മറിയത്തിന്റെ ഹൃദയത്തിലൂടെ യേശുവിന്റെ ഹൃദയവുമായി ബന്ധിക്കുന്നു.

**മാർഗ്ഗനിർദ്ദേശം:** പ്രാർത്ഥന, ദൈവവുമായുള്ള ബന്ധം സൃഷ്ടിക്കുന്ന ഒരു പ്രവൃത്തിയാണ്. പ്രാർത്ഥന വഴി ദൈവം നമ്മുടെ ഹൃദയത്തിലേക്കും നമ്മൾ ദൈവത്തിലേക്കും കടന്നുചെല്ലുന്നു. പ്രാർത്ഥനയിലൂടെ എല്ലാ അശുദ്ധികളും ദൈവത്തിനു സമർപ്പിക്കപ്പെടുകയും അവിടുത്തെ കൃപയിലൂടെ രൂപാന്തരപ്പെടുകയും ചെയ്യുന്നു. ദൈവിക സാന്നിധ്യത്തിലൂടെയാണ് മനസ്സിനു സ്വസ്ഥത/ശാന്തത ലഭിക്കുന്നത്. നമ്മൾ ദൈവവുമായി ഐക്യപ്പെട്ടാലെ ദൈവത്തിനു നമ്മളിലൂടെ അത്ഭുതങ്ങൾ പ്രവർത്തിക്കാൻ സാധിക്കുകയുള്ളു.

**ധ്യാനചിന്ത:** ഓ മറിയത്തിന്റെ വിമലഹൃദയമെ, എന്റെ ആത്മാവിന്റെ ജനലുകൾ തുറക്കാൻ എന്നെ സഹായിക്കണമെ. അങ്ങനെ എല്ലാ അശുദ്ധികളും ദൈവകൃപയാൽ തുടച്ചുമാറ്റപ്പെട്ട് എന്റെ മാനസാന്തരത്താലും പ്രതിഷ്ഠയാലും സാക്ഷ്യത്താലും ദൈവം എന്നിൽ മഹത്വപ്പെടുവാൻ ഇടയാകട്ടെ. എന്റെ പ്രിയപ്പെട്ട അമ്മേ, എന്റെ ഹൃദയം തുറക്കാൻ എന്നെ സഹായിക്കണമെ, അങ്ങനെ ഞാൻ ലോകത്തിന്റെ മുമ്പിൽ അമ്മയുടെ സുനിശ്ചിത വിജയത്തിന്റെ അടയാളമാകട്ടെ.

*'അവർ സ്വർഗ്ഗദൂതന്മാരെപ്പോലെ ആയിരിക്കും.' (മത്താ. 22 : 30)*

(ദൈനംദിന പ്രാർത്ഥനകൾ ചൊല്ലുക.)

## 2-ാം ദിവസം

**എ**ന്റെ ഏറ്റവും പ്രിയപ്പെട്ട മക്കളെ, നിങ്ങൾക്കു വലിയ സമ്മാനവുമായിട്ടാണ് ഞാൻ വന്നിരിക്കുന്നത്. എന്റെ സ്നേഹത്തിന്റെ അടയാളമായി നിങ്ങളുടെ ഹൃദയത്തിനുപകരം എന്റെ വിമലഹൃദയം ഞാൻ നിങ്ങൾക്കു നൽകുന്നു. ഈ കൈമാറ്റത്തിൽ നിങ്ങളുടെ വിമലഹൃദയ പ്രതിഷ്ഠ എന്റെ സുനിശ്ചിത വിജയത്തിനു വഴിയൊരുക്കുന്നു. ഇതിനു പകരം വേറെ ഒരു ഉപാധിയില്ല.

**നേർവഴി നയിക്കൽ:** പരിശുദ്ധ അമ്മ പ്രതിഷ്ഠയുടെ ഉദ്ദേശം നമ്മെ ഓർമ്മിപ്പിക്കുന്നു. പ്രതിഷ്ഠയിലൂടെ നമ്മുടെ ഹൃദയം പരിശുദ്ധ മറിയം സ്വന്തമാക്കുകവഴി പരിശുദ്ധാത്മാവായ ദൈവത്തിന്റേതായി മാറുന്നു. പരിശുദ്ധ മറിയം പരിശുദ്ധാത്മാവിന്റെ മണവാട്ടിയായതുകൊണ്ട്, നമ്മുടെ പ്രതിഷ്ഠയിലൂടെ നമ്മൾ അവന്റേതായി മാറുന്നു. പരിശുദ്ധ മറിയത്തിന്റെ എല്ലാ പ്രവർത്തനങ്ങളുടെയും ലക്ഷ്യം എല്ലാ ഹൃദയങ്ങളും തന്റെ തിരുക്കുമാരന്റെ തിരുഹൃദയത്തിലേക്കു എത്തിക്കുകയെന്നതാണ്.

വിമലഹൃദയ പ്രതിഷ്ഠവഴി പരിശുദ്ധ അമ്മയുടെ വിമലഹൃദയവുമായി നമ്മുടെ ഹൃദയം കൈമാറ്റം ചെയ്യപ്പെടുന്നു. അതുവഴി പ്രത്യേകമായ ഒരു അനുരഞ്ജനത്തിലൂടെ നമ്മുടെ ഹൃദയങ്ങൾ ശുചിയാക്കപ്പെടുകയും വിശുദ്ധീകരിക്കപ്പെടുകയും ചെയ്യും. നമ്മുടെ ആത്മാവ് പരിശുദ്ധ മറിയത്തിന്റെ ആത്മാവുമായി ഐക്യപ്പെടുമ്പോൾ പരിശുദ്ധ മറിയത്തെ അനുകരിക്കാനുള്ള അതിയായ ആഗ്രഹം നമ്മളിൽ ജനിക്കുന്നു. നമ്മുടെ ഹൃദയങ്ങളെ പരിശുദ്ധ മറിയത്തിന്റെ ഹൃദയവുമായി ഐക്യപ്പെടാൻ വേണ്ട വിശുദ്ധിയിലേക്കു നയിക്കുന്നു. അതുവഴി ഹൃദയങ്ങൾ കൈമാറാനുള്ള ഒരു സാഹചര്യം സൃഷ്ടിക്കപ്പെടുന്നു. ഈ അനുകരണത്തിൽ ദൈവത്തിന്റെ ഹൃദയവുമായും കൈമാറ്റം ചെയ്യപ്പെടാനുള്ള ആഗ്രഹം ജനിക്കുന്നു. പ്രതിഷ്ഠ ചെയ്യുമ്പോൾ പരിശുദ്ധ അമ്മയുടെ വിമലഹൃദയത്തിലൂടെ യേശുവിന്റെ തിരുഹൃദയവുമായി ഐക്യപ്പെടുന്നു.

**മാർഗ്ഗനിർദ്ദേശം:** പരിശുദ്ധ അമ്മ പറയുന്നു, പ്രാർത്ഥനയിലൂടെ നമ്മളിലേക്കു ചൊരിയപ്പെടുന്ന ശക്തിയെക്കുറിച്ചു നമ്മൾ അജ്ഞരാണ്. ലോകസമാധാനം സ്ഥാപിക്കാനുള്ള താക്കോൽ നമ്മുടെ ഹൃദയത്തിലുണ്ട്. പ്രാർത്ഥനയിലൂടെ ദൈവവുമായുള്ള ബന്ധം വർദ്ധിക്കുകവഴി നമ്മുടെ എല്ലാ ആവശ്യങ്ങളും പൂർത്തീകരിച്ചു ലഭിക്കുകയും ചെയ്യും. അതിനുവേണ്ടി നമ്മൾ കുറച്ചു സമയം മാറ്റിവെക്കണം. യേശുവിനു നമ്മെക്കുറിച്ചുള്ള പദ്ധതി വെളിപ്പെടുത്തിത്തരാൻ നമ്മൾ സമയം നൽകണം. പ്രാർത്ഥനയുടെ ഏകാന്തതയിൽ എല്ലാ സ്വർഗ്ഗീയ രഹസ്യങ്ങളും നമ്മുടെ ആത്മാവിനെ പഠിപ്പിക്കാൻ സാധിക്കും.

**ധ്യാനചിന്ത:** ഓ മറിയത്തിന്റെ വിമലഹൃദയമെ എന്റെ ഹൃദയത്തെ അങ്ങയുടെ ഹൃദയവുമായി കൈമാറ്റം ചെയ്യാൻ തക്കവണ്ണം അഗ്നിയാൽ ജ്വലിപ്പിക്കണമെ. അങ്ങയെ അനുകരിക്കാനുള്ള എളിമയാൽ എന്നെ നിറയ്ക്കണമെ. പരി.മറിയമെ, ദൈവത്തെ പൂർണ്ണഹൃദയത്തോടെ സ്നേഹിക്കുവാൻ എന്നെ സഹായിക്കണമെ. എന്നേക്കും അങ്ങയുമായി ഐക്യപ്പെടുവാൻ ഞാൻ ആഗ്രഹിക്കുകവഴി അങ്ങയുടെ തിരുക്കുമാരന്റെ ന്യായാസനത്തിന്റെ മുമ്പിൽ പരിശുദ്ധ സ്നേഹത്താൽ നിറഞ്ഞു നിൽക്കാൻ എന്നെ സഹായിക്കേണമെ.

*'എന്റെ നാമത്തെപ്രതി ഭവനത്തെയോ സഹോദരന്മാരെയോ സഹോദരികളെയോ പിതാവിനെയോ മാതാവിനെയോ മക്കളെയോ വയലുകളെയോ പരിത്യജിക്കുന്ന ഏതൊരുവനും നൂറിരട്ടി ലഭിക്കും. അവൻ നിത്യജീവൻ അവകാശമാക്കുകയും ചെയ്യും.' (മത്താ. 19:29)*

ദൈനംദിന പ്രാർത്ഥനകൾ ചൊല്ലുക.

## 3-ാം ദിവസം

**എ**ന്റെ പ്രിയമക്കളെ, നിങ്ങളുടെ പ്രതിഷ്ഠയെ പ്രത്യേകമാംവിധം നവീകരിക്കുക. മംഗളവാർത്ത ദിവസത്തെ എന്റെ സമർപ്പണത്തെ സ്മരിച്ചുകൊണ്ട് എന്റെ വിമലഹൃദയത്തിലേക്കു നിങ്ങളെ പ്രതിഷ്ഠിക്കുക. നിങ്ങൾക്കു ചിന്തിക്കാൻ പറ്റാത്ത അത്രയധികം കൃപകളാലാണു ഞാൻ എന്റെ മാതൃസഹജമായ കരത്തിൽ നിങ്ങളെ പിതാവായ ദൈവത്തിന്റെ മുമ്പിൽ സമർപ്പിക്കുന്നത്; അതുപോലെ നിങ്ങളുടെ വഴിയും സത്യവും ജീവനുമായ യേശുവിന്റെ മുമ്പിലും നിങ്ങളെ സമർപ്പിക്കുന്നത്.

പിശാചിന്റെ വഞ്ചനയാൽ കലുഷിതമായ ഈ ലോകത്തിലേക്ക് ഞാനെന്റെ പൂർണ്ണശക്തിയോടുകൂടിയാണു വരുന്നത്. സുവിശേഷത്തിന്റെ പൂർണ്ണസത്യത്തിലേക്ക് നയിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. അതുവഴി നിങ്ങളുടെ ജീവിതം ക്രമപ്പെടുത്തി സ്വർഗ്ഗകിരീടത്തിനു നിങ്ങൾ അർഹരായിത്തീരും.

തണുപ്പുള്ളതും വിരസവുമായ ഈ ലോകസാഹചര്യത്തിൽ നിങ്ങളുടെ ഹൃദയത്തെ എന്റെ വിമലഹൃദയവുമായി കോർത്തിണക്കുക. ഞാൻ നിങ്ങളെ നയിക്കുകയും സംരക്ഷിക്കുകയും ചെയ്യാം.

പ്രിയ മക്കളെ, പിശാചിന്റെ കുതന്ത്രങ്ങളിൽ നിന്നും കെണികളിൽ നിന്നും രക്ഷപ്പെടുക അത്ര എളുപ്പമല്ല. നിശ്ചയമായും നിങ്ങൾക്കറിയുകയുമില്ല. എന്റെ വിമലഹൃദയത്തോടു കോർത്തിണക്കിയാൽ മാത്രമെ പിശാചിന്റെ മൂലപാപങ്ങളുടെ പ്രലോഭനങ്ങളിൽനിന്ന് നിങ്ങൾക്ക് രക്ഷപ്പെടാനാവുകയുള്ളു. ഈ അവസാന നാളുകളിൽ എന്റെ വിമലഹൃദയത്തിനു പ്രതിഷ്ഠിച്ചവർ മാത്രമെ സുവിശേഷ സത്യങ്ങളോടു വിശ്വസ്തരായിരിക്കുകയുള്ളു. ക്രിസ്തുവിന്റെ വികാരി പരിശുദ്ധ കുർബാനയിൽ യേശുവിന്റെ യഥാർത്ഥ സാന്നിദ്ധ്യത്തെ ആരാധിക്കും.

പരിശുദ്ധ ത്രിത്വത്തിന്റെ മഹത്വത്തിനായി നിങ്ങളെ ഇങ്ങനെ നയിക്കാനാണു എന്റെ ആഗ്രഹം. എന്റെ വിമലഹൃദയത്തിലൂടെ ത്രിത്വത്തിലേക്കുള്ള വഴി കണ്ടെത്തുവാനും ദൈവികപ്രകാശം പരത്തുവാനും നിങ്ങൾക്കു സാധിക്കും. ഈ ദൈവികപ്രകാശം ഭൂമിയിലേക്കു പരത്തിക്കഴിയുമ്പോൾ എന്റെ ഉത്തരവാദിത്വം അതുവഴി പൂർത്തിയാകുകയും, എന്റെ യേശുവിന്റെ തിരുഹൃദയത്തിന്റെ ഭരണം സംജാതമാകുകയും ചെയ്യും. നിങ്ങളുടെ ഒരു ചെറിയ ശ്രമം ഈ മഹത്വം വെളിപ്പെടാൻ കാരണമാകും. മനുഷ്യഹൃദയങ്ങളിൽ ഇരു ഹൃദയങ്ങളുടെ സുനിശ്ചിത വിജയം സാധ്യമാകുക എന്നത് നിങ്ങളുടെ കരങ്ങളിലാണ്.

**നേർവഴി നയിക്കൽ:** പ്രതിഷ്ഠയ്ക്കുവേണ്ടിയുള്ള ഒരുക്കങ്ങൾത്തന്നെ ഒരു ആത്മാവിനു പ്രത്യേകമായി ഒരു കൃപ നൽകുന്നു. ദൈവം ഒരു കൃപ നൽകേണ്ടതിന് അതിനെ പ്രത്യേകമായ ഒരുക്കപ്പെടേണ്ടതുണ്ട്. ഒരുക്കങ്ങൾ എന്നാൽ ആത്മാവിന്റെ വിശുദ്ധീകരണമാണ്. ദൈവം കൊടുക്കുന്ന കൃപയ്ക്കനുസൃതമായി ഒരു ആത്മാവ് ഒരുക്കപ്പെടണം.

വിമലഹൃദയ പ്രതിഷ്ഠ എന്ന പ്രവൃത്തി പരിശുദ്ധ മറിയത്തിലൂടെ യേശുവുമായുള്ള സംലയനമാണെന്നുള്ള കാര്യം ചെറുതായി കാണരുത്. അതുകൊണ്ട് നിങ്ങളുടെ ഈ പ്രതിഷ്ഠ വളരെ ഗൗരവമായിത്തന്നെ നിങ്ങൾ കാണണം. ഈ ഒരുക്കത്തിന്റെ ഉദ്ദേശ്യം ഒരു ആത്മാവിനു ഈ വലിയ കൃപ സ്വീകരിക്കാനുള്ള അടിത്തറ ഉണ്ടാക്കുക എന്നുള്ളതാണ്. നമ്മുടെ അമ്മ പറയുന്നു, ദൈവം ഈ കൃപ അതിന്റെ പൂർണ്ണതയിൽ ഒരു ആത്മാവിനു നൽകുന്നതിനുമുമ്പ് അതു ഒരുക്കപ്പെടേണ്ടതുണ്ട്.

**മാർഗ്ഗനിർദ്ദേശം:** പരിപൂർണ്ണതയ്ക്കു വേണ്ടിയുള്ള ഒരു തീവ്രമായ ആഗ്രഹം നമ്മളിൽ ഉണ്ടാക്കിയെടുക്കണം. അതുവഴിയാണു വിശുദ്ധി സ്വന്തമാക്കുന്നത്. മറിയത്തിന്റെ അമലോത്ഭവ ഹൃദയത്തിൽ നമ്മൾ ചെയ്യുന്ന പ്രതിഷ്ഠ നമ്മുടെ ആത്മാവിനു പൂർണ്ണത കൊണ്ടുവരുന്നു. നമ്മുടെ തീവ്രമായ അഭിലാഷത്താൽ പുണ്യങ്ങളിൽ വളർന്നു വിശുദ്ധിയുടെ അത്യുച്ചകോടിയിൽ എത്തണം. വിശുദ്ധമായ അഭിലാഷങ്ങൾ ലോകവുമായുള്ള കെട്ടുപാടുകളിൽനിന്ന് നമ്മെ വിടുവിക്കുന്ന അനുഗ്രഹ ചിറകുകളാണ്. അങ്ങനെ ലോകത്തിനു തരാൻ സാധിക്കാത്ത ഒരു സമാധാനം നമ്മൾ കണ്ടെത്തും.

**ധ്യാനചിന്ത:** ഓ മറിയത്തിന്റെ വിമലഹൃദയമെ, ദൈവം എന്നിലേക്കു ചൊരിയാൻ ആഗ്രഹിക്കുന്ന സമൃദ്ധമായ കൃപകൾ സ്വീകരിക്കാൻ തക്കവിധം എന്റെ ഹൃദയം തുറക്കാൻ എന്നെ സഹായിക്കണമെ. അമൂല്യമായ ഈ സമ്മാനം സ്വീകരിക്കുവാൻ ഞാൻ എന്നെത്തന്നെ ഒരുക്കട്ടെ. ദൈവേഷ്ടമനുസരിച്ചു എന്നിലേക്കു ചൊരിയുന്ന കൃപകൾ സ്വീകരിക്കാൻ, എന്റെ യോഗ്യതകളാലല്ല എങ്കിലും, ആത്മാർത്ഥതയിലും, എളിമയിലും വിശുദ്ധിയിലും ഞാൻ എന്നെത്തന്നെ നൽകുന്നു.

*'നിങ്ങളുടെ വിശുദ്ധീകരണമാണ്, ദൈവം അഭിലഷിക്കുന്നത്' (1 തെസ. 4:3)*

ദൈനംദിന പ്രാർത്ഥനകൾ ചൊല്ലുക.

## 4-ാം ദിവസം

**എ**ന്റെ വിളിക്കു പ്രത്യുത്തരം നൽകിയ എന്റെ മക്കൾ എന്റെ വിമലഹൃദയത്തിൽനിന്ന് അഭ്യർത്ഥിക്കുന്ന എല്ലാ കൃപകളും അവർക്കു ലഭിക്കും. എന്റെ മാതൃഹൃദയത്തിൽ നടത്തിയ പ്രതിഷ്ഠയിൽ അധിഷ്ഠിതമായ ഉറച്ച വിശ്വാസത്താൽ പരിശുദ്ധാത്മാവ് നിങ്ങളിലും നിങ്ങളിലൂടെയും പ്രവർത്തിക്കും. ഒരിക്കൽക്കൂടി ഞാൻ നിങ്ങളെ ഓർമ്മപ്പെടുത്തുന്നു. നിങ്ങളുടെ കാൽക്കീഴിൽ ഭൂമിയില്ലാത്തതായി തോന്നുമ്പോൾ, മനസ്സിലാക്കിക്കൊള്ളുക നിങ്ങൾ എന്റെ കരവലയത്തിലാണ്.

എന്റെ മക്കളെ, എന്റെ വാക്കുകളിലൂടെ പറഞ്ഞ എന്റെ സുനിശ്ചിത വിജയം പിതാവായ ദൈവത്തിന്റെ ഇഷ്ടമല്ലെന്ന് ഒരിക്കലും സംശയിക്കരുത്. ദൈവഹിതമനുസരിച്ച് എന്റെ തെരഞ്ഞെടുക്കപ്പെട്ട മക്കളുടെ ഞാനുമായിട്ടുള്ള ഐക്യത്തിൽനിന്നും ഉറച്ച വിശ്വാസത്തിൽനിന്നുമാണ് നിങ്ങൾക്ക് 'അതെ' Yes എന്നു പറയാനുള്ള പ്രേരണ ലഭിക്കുന്നത്.

**നേർവഴി നയിക്കൽ:** ഹൃദയങ്ങളുടെ ദൈവീകമായ കൈമാറ്റത്തിനുള്ള അവസ്ഥ ആത്മാവിൽ സംജാതമാകണമെങ്കിൽ അസാധാരണമായ കൃപ അത്യന്താപേക്ഷിതമാണ്. ദഹിപ്പിക്കുന്ന അഗ്നി ഇറങ്ങി വരണം. പ്രതിഷ്ഠ നടത്തിയ ആത്മാവിനെ ദൈവം മനുഷ്യന്റെ സ്നേഹിക്കാനുള്ള സ്വാഭാവിക കഴിവിനേക്കാൾ ഉപരിയായി ഉയർത്തുന്നു. ചുരുക്കത്തിൽ, ദൈവം ഓരോ ആത്മാവിനേയും സ്വർഗ്ഗോന്മുഖമാക്കി മാറ്റുന്നു.

ആത്മാവ് മാനുഷികമായി ചലിച്ചാലും കൈമാറ്റസമയത്ത് ദൈവം അതനുസരിച്ച് അതിനെ ആകർഷിക്കും. ദൈവത്തിനു മാത്രമേ ഒരു ആത്മാവിനെ ഒരു പ്രത്യേക ആത്മീയതലത്തിലേക്കു കൊണ്ടുവരാൻ സാധിക്കുകയുള്ളു. അങ്ങനെ ഒരു ആത്മാവിൽ ഒരത്ഭുതം ചെയ്യുവാൻ ആഴമായ ദൈവീക സ്നേഹത്തിന്റെ ഇടപെടൽ ആവശ്യമാണ്. പ്രതിഷ്ഠയ്ക്ക് വേണ്ടുന്ന അടിസ്ഥാനപരമായ കാര്യങ്ങൾ നടന്നിട്ടില്ലെങ്കിൽ ആ ആത്മാവിനു കൈമാറ്റസമയത്ത് എത്തേണ്ട സ്ഥലത്തേക്ക് എത്താൻ സാധിക്കുകയില്ല. പരിശുദ്ധ അമ്മയോടുള്ള സ്നേഹം വളർത്തിയെടുക്കുവാൻ പ്രതിഷ്ഠിക്കപ്പെട്ട ഒരു ആത്മാവിന്റെ പരിശ്രമഫലമാണ് ഹൃദയങ്ങളുടെ കൈമാറ്റം. ഒരുക്ക ശുശ്രൂഷയും പ്രതിഷ്ഠപോലെതന്നെ അത്രയ്ക്കും പ്രാധാന്യമുള്ളതാണെന്ന് മറക്കരുത്. അല്ലെങ്കിൽ പ്രതിഷ്ഠയിലൂടെ ലഭിക്കേണ്ട പ്രത്യേക കൃപ ലഭിക്കുകയില്ല.

**മാർഗ്ഗനിർദ്ദേശം :** എങ്ങനെയാണ് ഒരു ആത്മാവിനെ ദൈവത്തിലേക്കു കരേറ്റുക. നല്ല ആഗ്രഹങ്ങൾ ശക്തിയും ധൈര്യവും നമ്മിൽ ഉളവാക്കും. അതുവഴി ദൈവത്തിന്റെ മല കയറാനുള്ള അദ്ധ്വാനവും ക്ഷീണവും കുറയ്ക്കും. പ്രയാസമുള്ള സമയങ്ങളിൽ ഉൽകൃഷ്ടമായ ആഗ്രഹം കൂടാതെ വിശുദ്ധി പ്രാപിക്കണമെന്ന് ആഗ്രഹിച്ചാൽ ആരായാലുംതന്നെ പൂർണ്ണതയിൽ എത്തുകയില്ല. പരിശുദ്ധിക്കുവേണ്ടിയുള്ള ഈ തീവ്രമായ അഭിലാഷത്തോടുകൂടി നിരന്തരമായി മുന്നേറിയാൽ മാത്രമേ പുണ്യങ്ങളാൽ അലങ്കരിക്കപ്പെട്ട പരിശുദ്ധിയുടെ കിരീടം വാങ്ങിച്ചെടുക്കാൻ സാധിക്കുകയുള്ളു. പരിശുദ്ധ അമ്മയുടെ ആഗ്രഹം ഒരിക്കലും ദുഷിക്കാത്ത ഈ കിരീടം പ്രതിഷ്ഠയിലൂടെ നമ്മുടെ ആത്മാവിനെ ധരിപ്പിക്കണം എന്നാണ്.

**ധ്യാനചിന്ത:** ഓ മറിയത്തിന്റെ അമലോത്ഭവഹൃദയമെ, എന്റെ ഹൃദയം അങ്ങയുടെ ഹൃദയംപോലെ ആകുവാനുള്ള കൃപയ്ക്കുവേണ്ടി പ്രാർത്ഥിക്കണമെ. പരിശുദ്ധാത്മാവിന്റെ ശക്തിയാൽ അങ്ങയോടുള്ള സ്നേഹംകൊണ്ട് എന്നെ നിറയ്ക്കേണമെ. ദഹിപ്പിക്കുന്ന അഗ്നിയാൽ എന്റെ ഹൃദയത്തെ കൈമാറ്റ നിമിഷ ത്തിലേക്കു നയിക്കണമെ. അങ്ങനെ രൂപാന്തരീകരണത്തിന്റെ അത്ഭുത ശക്തിയാൽ എന്റെ ഹൃദയത്തെയും മനസ്സിനെയും പൊതിഞ്ഞ്, ദൈവം ആഗ്രഹിക്കുന്ന ഉയരത്തിൽ പറന്നു പ്രകാശിക്കട്ടെ.

*"കർത്താവിന്റെ മലയിൽ ആരു കയറും? അവിടുത്തെ വിശുദ്ധ സ്ഥലത്ത് ആരു നിൽക്കും? കളങ്കമറ്റ കൈകളും നിർമ്മലമായ ഹൃദയവും ഉള്ളവൻ, മിഥ്യയുടെ മേൽ മനസ്സ് പതിക്കാത്തവനും കള്ളസത്യം ചെയ്യാത്തവനും തന്നെ." (സങ്കീ. 24-3:4)*

ദൈനംദിന പ്രാർത്ഥനകൾ.

## 5-ാം ദിവസം

**പ്രി**യ മക്കളെ, എന്റെ സുനിശ്ചിത വിജയത്തിന്റെ പ്രഭയിലേക്ക് നിങ്ങൾ ഉണരുകയാണ്. എന്റെ വിളിക്കുള്ള പ്രത്യുത്തരം നൽകിയതിനാൽ നിങ്ങളുടെ ഐക്യത്തിനുവേണ്ടി ഞാൻ പ്രാർത്ഥിക്കുന്നു. ലോകത്തിൽ സമാധാനം ഉണ്ടാകാൻവേണ്ടി തിരഞ്ഞെടുക്കുവാനുള്ള കൃപ ഞാൻ നിങ്ങൾക്ക് നൽകുന്നു. എന്റെ വിമലഹൃദയത്തിന്റെ അപേക്ഷയായ 'റഷ്യയുടെ പ്രതിഷ്ഠ'ക്കുവേണ്ടി നിങ്ങൾ പ്രാർത്ഥിക്കുക. എന്റെ വിളിക്കുള്ള ഉത്തരമായി നിങ്ങളുടെ മാനസാന്തരം ഈ സ്ഥലത്ത് പരക്കട്ടെ. സന്ദേശങ്ങൾ അവസാനിപ്പിച്ച് ജീവനും ഫലവും പുറപ്പെടുവിക്കുവാൻ നിന്നെ ഞാൻ ചുമതലപ്പെടുത്തുന്നു.

**നേർവഴി നയിക്കൽ:** പ്രതിഷ്ഠക്കുവേണ്ടിയുള്ള ഒരുക്ക പ്രാർത്ഥനയിൽ അടിസ്ഥാനമായി പരിശുദ്ധ മറിയത്തോടുള്ള സ്നേഹവും തുറവിയും വേണം. ഇത് വിശുദ്ധമായ ആഗ്രഹവും വേറെ ലക്ഷ്യങ്ങളില്ലാത്തതുമായ നിഷ്കളങ്കസ്നേഹമായിരിക്കണം.

രണ്ടാമതായി ഈ ആത്മാവ് ദൈവവുമായി പൂർണ്ണമായി രമ്യതയിലാകാൻ തീക്ഷ്ണമായി ആഗ്രഹിക്കണം. ഈ കൃപ ഭാഗികമായി പ്രതിഷ്ഠയിലെ ഐക്യത്തിൽനിന്ന് ലഭിക്കുന്നു. അനുരഞ്ജനപ്പെടാതെ മുഴുവനായിട്ടുള്ള ഐക്യം അനുഭവിക്കാൻ സാധിക്കുകയില്ല. കൃപ ആത്മാവിന്റെ അടിത്തട്ടിലാണ് ഇരിക്കേണ്ടത്. അതുകൊണ്ട് പൂർണ്ണ മാനസാന്തരംകൂടാതെ ദൈവകൃപ അതിന്റെ പൂർണ്ണതയിൽ സ്വീകരിക്കാൻ സാധിക്കുകയില്ല. കൃപയുടെ തീവ്രതപോലെതന്നെ അനുരഞ്ജനവും തീവ്രമായിരിക്കണം.

മൂന്നാമതായി ആത്മാവിന്റെ ഏകാന്തതയിലേ പരിശുദ്ധ മറിയത്തോടുള്ള സ്നേഹം വളർത്തിയെടുക്കുവാൻ സാധിക്കുകയുള്ളു.

നാലാമതായി പരിശുദ്ധ മറിയം നമ്മളിൽനിന്നും പ്രതീക്ഷിക്കുന്നതെന്തെന്നു നാം മനസ്സിലാക്കിയെടുക്കണം. പക്ഷേ വളരെ ചുരുക്കമായിട്ടേ നാം അതു അറിയാൻ പരിശ്രമിക്കാറുള്ളു എന്നതും ഒരു സത്യമാണ്. ഈ അറിവ് കൂടാതെ പ്രതിഷ്ഠയുടെ ഫലങ്ങൾ പുറപ്പെടുവിക്കാൻ സാധിക്കുകയില്ല. എന്താണ് ദൈവം നമ്മിൽനിന്നു ആഗ്രഹിക്കുന്നതെന്ന് അറിയുവാൻ പരിശുദ്ധ മറിയത്തിലൂടെ നമുക്കു പ്രാർത്ഥിക്കാം.

**മാർഗ്ഗനിർദ്ദേശം :** പൂർണ്ണതയ്ക്കുവേണ്ടിയുള്ള നമ്മുടെ ആഗ്രഹം പുണ്യങ്ങൾ അന്വേഷിച്ചുകൊണ്ടായിരിക്കണം. അത് ഇങ്ങനെയാണ്; എല്ലാ വിശുദ്ധരേക്കാൾ അധികമായി ദൈവത്തെ സ്നേഹിക്കുക. എല്ലാ രക്തസാക്ഷികളെക്കാളും അധികം സഹിക്കാനും എല്ലാവരോടും വ്യവസ്ഥയില്ലാതെ ക്ഷമിക്കാനും പൊറുക്കുവാനും കഴിയുക. ഒരു ആത്മാവിനെ രക്ഷിക്കാൻ ഏതു തരത്തിലുള്ള സഹനങ്ങളും സ്വീകരിക്കുവാനും; മറ്റുള്ളവരെ സ്നേഹിക്കുന്നു എന്നതിന്റെ പ്രവൃത്തികൾ നമ്മളിൽ പ്രകടമാക്കുവാനും കഴിയണം. ഇങ്ങനെയുള്ള വിശുദ്ധമായ ചിന്തകളും ആഗ്രഹങ്ങളും പുണ്യങ്ങളുടെ ഒരു ജ്വലനവും ലാളിത്യത്തിന്റെയും വിശുദ്ധിയുടെയും കതിരുകൾ പ്രകടമാകുകയും ചെയ്യും. പ്രതിഷ്ഠയുടെ മൂലക്കല്ലുകളാണിവയെല്ലാം.

**ധ്യാനചിന്ത:** ഓ മറിയത്തിന്റെ വിമലഹൃദയമെ, പുണ്യത്തിലും വിശുദ്ധിയിലും മുന്നേറുവാൻ എന്നെ സഹായിക്കണമെ. ദൈവം എന്റെ ജീവിതത്തിൽ നൽകിയ നന്മകൾ ധ്യാനിക്കുവാനും അതു സാധിക്കാത്തവർക്കുവേണ്ടി എന്റെ ഹൃദയം തുറക്കുവാനും എനിക്കു സാധിക്കട്ടെ. അങ്ങയുടെ ഹൃദയത്തെ തീക്ഷ്ണമായി സ്നേഹിക്കാതെയും ആദരിക്കാതെയും ഇരുന്നതിനെപ്രതി ഞാൻ ക്ഷമചോദിക്കുന്നു. എന്റെ അമ്മെ എന്നെ അങ്ങയുടെ തിരുക്കുമാരനുമായി ബന്ധിക്കുകയും ഐക്യപ്പെടുത്തുകയും അങ്ങനെ ഞാൻ യേശു ആഗ്രഹിക്കുന്നതുപോലെ യേശുവിന്റെ സ്വന്തമാകുകയും ചെയ്യട്ടെ.

*'ദൈവമെ നിർമ്മലമായ ഒരു ഹൃദയം എന്നിൽ സൃഷ്ടിക്കണമെ' സങ്കീ. 51:10*

ദൈനംദിന പ്രാർത്ഥനകൾ ചൊല്ലുക.

## 6-ാം ദിവസം

**എ**ന്റെ മക്കളെ, നിങ്ങൾ ഒരുമിച്ചു നിങ്ങളുടെ ഹൃദയങ്ങൾ കൊണ്ടുവരുവിൻ. എന്റെ വിളിക്കുള്ള പ്രത്യുത്തരത്തിന്റെ ഉദ്ദേശ്യം പരിശുദ്ധ ത്രിത്വത്തെ ശുശ്രൂഷിക്കുക എന്നുള്ളതാണ്. ഞാൻ നിങ്ങളെയെല്ലാം സ്നേഹിക്കുന്നു. നിങ്ങൾക്കു നന്മ ഭവിക്കട്ടെ എന്ന് ആശിക്കുന്നു. ശാശ്വത സമാധാനത്തിനുവേണ്ടിയുള്ള അന്തിമ പോരാട്ടത്തിനുവേണ്ടി നിങ്ങളെത്തന്നെ ഒരുക്കുക. ശക്തിയോടും ഐക്യത്തോടുംകൂടി നിൽക്കുക. ലോകസമാധാനത്തിനുവേണ്ടി നിലകൊള്ളുക. പിതാവായ ദൈവത്തിന്റെ വാഗ്ദാനമാണിത്.

നമ്മുടെ പ്രതിഷ്ഠ അവിടുന്നു സ്വീകരിച്ചിരിക്കുന്നു. നമ്മുടെ മാനസാന്തരം അവിടുന്നു പ്രതീക്ഷിക്കുന്നു. നമ്മുടെ ഓരോ ഹൃദയങ്ങളെയും സ്വന്തമാക്കി അവിടുത്തെ രാജ്യം സ്ഥാപിക്കാൻ ആഗ്രഹിക്കുന്നു.

പരിശുദ്ധ അമ്മ പറയുന്നു, എന്റെ കരങ്ങൾ പിടിച്ച് ഭയപ്പെടാതെ പിന്തിരിഞ്ഞുനോക്കാതെ ഓടുകയും, മുഴുവൻ ശ്രദ്ധയും ഈ ലക്ഷ്യത്തിനുവേണ്ടി സമർപ്പിക്കുകയും ചെയ്യുക. പ്രിയ മക്കളെ, ഇതിന്റെ അർത്ഥം സ്വയം ശുചീകരിക്കുക എന്നതു മാത്രമല്ല, സ്നേഹം മറ്റുള്ളവരുമായി പങ്കുവയ്ക്കുകയും വേണം എന്നതാണ്. ഐക്യം ഒറ്റക്ക് ഉണ്ടാക്കിയെടുക്കുന്നതല്ല, പക്ഷെ നമ്മുടെ ചുറ്റുവട്ടത്തിലുള്ളവരുടെ ഹൃദയങ്ങളെ സ്പർശിച്ചു അവരെ ദൈവത്തിലേക്കു തിരിക്കുന്നതിലാണ്. ഈ ദൈവിക പ്രതിച്ഛായ കാണപ്പെടുമ്പോൾ, നമ്മുടെ മാനസാന്തരം പ്രകടമാകും.

**നേർവഴി നയിക്കൽ:** പ്രതിഷ്ഠ നടത്തിയ ആത്മാവിനു മദ്ധ്യസ്ഥം പ്രാർത്ഥിക്കാനും, ഉപദേശിക്കാനും മറ്റുമുള്ള കൃപകൾ നമ്മുടെ അമ്മ നൽകും. അതേസമയം അമ്മ നമ്മിൽനിന്ന് എന്താഗ്രഹിക്കുന്നു എന്നുള്ളതും നാം മനസ്സിലാക്കണം. നമ്മൾ എപ്പോഴും ഓർമ്മിക്കേണ്ട ഒരു കാര്യം ഈ ബന്ധം ഒരു വശത്തേക്കു മാത്രമുള്ളതല്ല, ഇരുവശത്തേക്കുമുള്ളതാണെന്നാണ്. നമ്മുടെ മുന്നോട്ടുള്ള പ്രയാണം ദൈവം എന്താഗ്രഹിക്കുന്നു എന്നു നാം തിരിച്ചറിയുന്നതിലൂടെയാണ്. പരിശുദ്ധ അമ്മ വിശുദ്ധിയിൽ വളരുവാൻ നമ്മോട് ആവശ്യപ്പെടുന്നുവെങ്കിലും അതിന്റെ സാക്ഷാത്ക്കാരം അമ്മയിലൂടെത്തന്നെയാണ് ലഭ്യമാക്കുക.

**മാർഗ്ഗനിർദ്ദേശം:** ഒരു കാര്യം സത്യമാണ്. ദൈവപ്രേരണയില്ലാതെ സ്വാർത്ഥതയില്ലാത്ത നല്ല കാര്യങ്ങൾ ചെയ്യാൻ നമുക്കു സാധിക്കുകയില്ല. പരിശുദ്ധാത്മാവിന്റെ ശക്തികൂടാതെ അവന്റെ നാമം പോലും ഉച്ചരിക്കുവാൻ സാധിക്കുകയില്ല. എല്ലാ കാര്യങ്ങളും പരിശുദ്ധാത്മാവിന്റെ കൃപയാലാണ് നാം ചെയ്യുന്നതെന്നു മനസ്സിലാക്കിക്കൊണ്ട് പരിശുദ്ധാത്മാവിന്റെ രക്ഷാകരപദ്ധതിയിൽ നാം സഹകരിക്കണം. കഷ്ടതകളും ബുദ്ധിമുട്ടുകളും അസൗകര്യങ്ങളും സഹിക്കാതെ വിശുദ്ധരാകണമെന്നു പലരും ആഗ്രഹിക്കുന്നു. ദൈവിക നിയമമനുസരിച്ച് ഈ ഭാരം ഇരുകൂട്ടരും ഒരുമിച്ച് വഹിക്കേണ്ടതാണ്. ദൈവകരത്തോടു ചേർന്നുള്ള നമ്മുടെ സഹകരണം ആത്മാവിനെ വിശുദ്ധീകരിക്കാൻ അത്യന്താപേക്ഷിതമാണ്. ഈ ഭാരം വഹിക്കുന്നതിലാണ് നിത്യാനന്ദം അനുഭവിക്കാൻ സാധിക്കുക. വിശുദ്ധിയിൽ വളരാൻ തടസ്സമായിട്ടുള്ളവയെ, ഇതിനുവേണ്ടി പലപ്പോഴും ബലികഴിക്കേണ്ടിവരും.

**ധ്യാനചിന്ത:** ഓ മറിയത്തിന്റെ വിമലഹൃദയമെ, ദൈവത്തിന്റെ കരുണയിൽ ആശ്രയിച്ചുകൊണ്ട്, അങ്ങയെ പൂർണ്ണഹൃദയത്തോടെ സ്നേഹിക്കാനുള്ള കൃപയ്ക്കുവേണ്ടി ഞാൻ പ്രാർത്ഥിക്കുന്നു. നല്ല ചിന്തകളും ആഗ്രഹങ്ങളും ആത്മാവിൽ പ്രകാശവും അങ്ങയുടെ മദ്ധ്യസ്ഥതയിലാണെന്ന് ഞാൻ വിശ്വസിക്കുന്നു. പ്രിയ അമ്മേ, എന്റെ വിശുദ്ധീകരണത്തിനും ദൈവേഷ്ടമനുസരിച്ചു ഞാൻ പൂർണ്ണനായി മാറുന്നതിനും വേണ്ടി എനിക്കുവേണ്ടി മാദ്ധ്യസ്ഥം വഹിക്കണമെ. അങ്ങയിലൂടെ യേശുവിൽ എത്തിച്ചേരാൻ വേണ്ടി ഞാൻ ചെയ്ത പ്രതിഷ്ഠ അതിന്റെ പൂർണ്ണതയിലെത്തിക്കണമെന്നു ഞാൻ പ്രാർത്ഥിക്കുന്നു. ഉറച്ച പ്രത്യാശ എത്രയും പെട്ടെന്നു ലഭിക്കുമെന്നു വിശ്വസിച്ചു പ്രാർത്ഥിക്കുന്നു.

*'അപ്രകാരം, മനുഷ്യർ നിങ്ങളുടെ സൽപ്രവൃത്തികൾ കണ്ട്, സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിനു നിങ്ങളുടെ പ്രകാശം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ' (മത്താ. 5:16)*

ദൈനംദിന പ്രാർത്ഥനകൾ ചൊല്ലുക.

## 7-ാം ദിവസം

**എ**ന്റെ പ്രിയമക്കളെ, സമാധാനത്തിനുവേണ്ടിയുള്ള ഈ സംരംഭത്തിലേക്ക് നിങ്ങളെ ക്ഷണിക്കാനാണു ഞാൻ വന്നിരിക്കുന്നത്. നിങ്ങളെ ഞാൻ ഒരിക്കലും ഉപേക്ഷിക്കുകയില്ല. മാസത്തിലെ എല്ലാ ആദ്യശനിയാഴ്ചകളിലും ഞാൻ വന്ന് നിങ്ങളെ ഈ ദൈവികപദ്ധതിക്കുവേണ്ടി ഒരുക്കുന്നതാണ്. എന്റെ പ്രിയരെ, നിങ്ങൾ ആവശ്യപ്പെട്ടതെല്ലാം പൂർത്തീകരിക്കാനാണ് നിങ്ങളെ ഞാൻ വിളിക്കുന്നത്. സമാധാനത്തിനുവേണ്ടിയുള്ള എന്റെ സന്ദേശങ്ങൾ അതിന്റെ മൂർദ്ധന്യാവസ്ഥയിലാണ്. മാർച്ച് മാസത്തിൽ എന്റെ തിരുനാൾദിവസം നിങ്ങൾ ഒരുമിച്ചുകൂടി വിമലഹൃദയ പ്രതിഷ്ഠ നടത്തി പിതാവിനോട് 'അതെ' /Yes എന്നു പറയണം. ഈ സുവവസരത്തിൽ നിങ്ങളുടെ ആഗ്രഹങ്ങളെ സഫലീകരിച്ചുതരാൻ എനിക്കു സാധിക്കും. എന്റെ ഹൃദയത്തിലൂടെയും തിരഞ്ഞെടുക്കപ്പെട്ട ഇടയന്മാരുടെ മാർഗ്ഗനിർദ്ദേശത്തിലൂടെയും ഒരുമിച്ചുകൂടുക. വിശുദ്ധിയുടെ വിത്തുകൾ ഞാൻ നിങ്ങളിൽ പാകാം. അതുവഴി പുണ്യങ്ങളിലും കൃപകളിലും വളരാൻ നിങ്ങൾക്കു സാധിക്കും.

**നേർവഴി നയിക്കൽ :** പ്രതിഷ്ഠയുടെ സുപ്രധാന ഉദ്ദേശ്യം ഒരു ഐക്യം ഉണ്ടാക്കിയെടുക്കുക എന്നതാണ്. പരിശുദ്ധ മറിയം ഈ ഐക്യത്തിനുവേണ്ടി ഒരു പ്രത്യേക കൃപ നമുക്ക് തരും. ഈ ദൈവിക കൃപയ്ക്കു വേണ്ടി നമ്മുടെ ആത്മാക്കളെ ഒരുക്കേണ്ടത് ആവശ്യമാണ്. ഈ കൃപ അതിന്റെ പൂർണ്ണതയിൽ നൽകപ്പെടാൻ ആത്മാവിനു വേണ്ടവിധത്തിൽ ഒരുക്കപ്പെടേണ്ടതുണ്ട്. ഈ ആത്മാവ് ഒരുക്കപ്പെട്ടതിന്റെ തോതനുസരിച്ച് മാത്രമേ കൃപകൾ സ്വീകരിക്കാനാവൂ. പരിശുദ്ധ കന്യകാമറിയം വഴി നൽകപ്പെടുന്ന ഈ കൃപയുടെ ഉദ്ദേശ്യമെന്തെന്നും അതിൽനിന്നുളവാക്കേണ്ട ഫലങ്ങളും തിരിച്ചറിഞ്ഞ് അംഗീകരിക്കണം. എല്ലാ കൃപകളും ദൈവത്തിന്റെ ദാനമാണെന്നും അതു ദൈവമഹത്വത്തിനായിട്ടാണ് നൽകുന്നതെന്നും നാം ഓർമ്മിക്കണം. സ്വർഗ്ഗത്തിൽനിന്നും നൽകപ്പെടുന്ന എല്ലാ ദാനങ്ങളുടെയും ലക്ഷ്യം ഇതുതന്നെയാണ്.

**മാർഗ്ഗനിർദ്ദേശം:** നിങ്ങൾ പ്രതീക്ഷിച്ച അത്രക്കു പൂർണ്ണതയിലേക്കു വളരാൻ സാധിച്ചില്ല എന്നു വിചാരിച്ച് നിങ്ങൾ നഷ്ടധൈര്യരാകരുത്. അപൂർണ്ണതയോർത്ത് നഷ്ടധൈര്യരായാൽ സാത്താൻ അത് മുതലെടുക്കുകയും നമ്മളിൽ മിഥ്യാബോധംകൊണ്ട് നിറയ്ക്കുകയും ചെയ്യും. പുണ്യങ്ങളിൽ തീക്ഷ്ണമായി വളരാൻ ആഗ്രഹിക്കുന്ന ഒരു ആത്മാവ് നിരന്തരമായ പരിശ്രമത്തിലും ദൈവസഹായത്താലും ഈ ജീവിതത്തിൽ ലഭിക്കേണ്ട പൂർണ്ണത കൈവരിച്ചിരിക്കും. നിരാശപ്പെട്ടുപോയാൽ പ്രതിഷ്ഠയിലൂടെ ലഭിച്ച കൃപകൾ നഷ്ടപ്പെടും. ശാശ്വതമായ പ്രതിജ്ഞ; വിശുദ്ധമായ 'അതെ'/Fiat ആണ് പ്രതിഷ്ഠയുടെ വാഗ്ദാനമായ മുദ്ര.

**ധ്യാനചിന്ത:** ഓ മറിയത്തിന്റെ വിമലഹൃദയമെ, പ്രതിഷ്ഠയിലൂടെ എന്റെ ആത്മാവിലേക്കു ചൊരിയപ്പെട്ട പ്രകാശത്താൽ കൃപയിൽ വളരാൻ എന്നെ സഹായിക്കണമെ. അമ്മേ, അങ്ങ് നിരന്തരമായി ദൈവഹിതം അന്വേഷിച്ചിരുന്നതുപോലെ, ഞാനും അതന്വേഷിക്കാനും ജീവിതത്തിൽ വ്യവസ്ഥകളില്ലാതെ പ്രാവർത്തികമാക്കാനും ഇടയാവട്ടെ. ലോകാരൂപിയിൽനിന്നകന്നുകൊണ്ടും, സഹനങ്ങൾ ദൈവകരങ്ങളിൽനിന്ന് സ്വീകരിച്ച്, അന്തിമ പോരാട്ടത്തിൽ അങ്ങയുടെകൂടെനിന്ന് അങ്ങയുടെ വിമലഹൃദയത്തിന്റെ സുനിശ്ചിത വിജയത്തിനു ഞാൻ എന്നെത്തന്നെ സമർപ്പിക്കുന്നു.

*'അവൻ തനിക്കുണ്ടായിരുന്ന സന്തോഷം ഉപേക്ഷിച്ച് അവമാനം വകവയ്ക്കാതെ,*
*കുരിശ് ക്ഷമയോടെ സ്വീകരിച്ചു' ഹെബ്രാ. 12:12*

ദൈനംദിന പ്രാർത്ഥനകൾ ചൊല്ലുക.

## 8-ാം ദിവസം

**എ**ന്റെ ഏറ്റവും പ്രിയപ്പെട്ട മക്കളെ എന്നെ നിങ്ങൾ ഉപേക്ഷിക്കരുത്. ഊഷ്മളമായ ആലിംഗനത്താൽ നിങ്ങളെ ഒരുമിച്ചു ചേർക്കാൻ ആഗ്രഹിക്കുന്നു. യേശു കേന്ദ്രീകൃതമായി നമ്മൾ ഒരുമിച്ചു നിന്നാൽ സാത്താന് ഒരു തരത്തിലും നമ്മെ ഉപദ്രവിക്കുവാൻ സാധിക്കുകയില്ല. ഞാൻ നിങ്ങളോട് പറയുന്നു. ലോകത്തെമുഴുവനും പ്രതിഷ്ഠിക്കുന്ന ഉറച്ച ബോധ്യത്തിലേക്ക് വിളിക്കാനാണ് ഞാൻ വന്നിരിക്കുന്നത്. ഈ ഏകീകൃത പ്രതിഷ്ഠയിൽനിന്ന് എന്റെ പോരാളികളെ തിരഞ്ഞെടുക്കാൻ ഞാൻ വരും.

എന്റെ വിമലഹൃദയ പ്രതിഷ്ഠയിൽ, നിങ്ങൾ തിരഞ്ഞെടുക്കപ്പെടാൻ വേണ്ടി 'അതെ' Yes എന്നു പറയുമ്പോൾ അവന്റെ ശുശ്രൂഷയിലേക്ക് പ്രത്യേകമായി തിരഞ്ഞെടുക്കപ്പെടുന്നു. സുനിശ്ചിത വിജയത്തിനുവേണ്ടി സഹനങ്ങൾ നിങ്ങൾ സ്വീകരിക്കുന്നു. നിങ്ങളിൽനിന്ന് ഇനിയും കൂടുതൽ പ്രതീക്ഷിക്കുന്നു. ആത്മാവിൽ എളിമപ്പെട്ട് എന്റെ കൈയും പിടിച്ച് നിങ്ങളുടെ കുടുംബത്തിലും ഗ്രാമത്തിലും ലോകത്തിലും സമാധാനം സ്ഥാപിക്കാൻ എന്നെ അനുവദിക്കൂ.

പ്രിയ മക്കളെ, നിങ്ങളുടെ ഹൃദയം എനിക്കായി തുറന്നുതരൂ, അതിൽ ഒരു തീപ്പൊരിയിടുവാൻ ഞാൻ ആഗ്രഹിക്കുന്നു. എന്റെ സന്ദേശങ്ങളെ ഉൾക്കൊള്ളുന്നതിന്റെ തോതനുസരിച്ച് എനിക്കു നിങ്ങളെ ആഴങ്ങളിലേക്കു നയിക്കാൻ സാധിക്കും. ഞാൻ തരുന്ന വചനമനുസരിച്ച് ജീവിക്കുകയും വരുംദിനങ്ങൾക്കുവേണ്ടി നിങ്ങളെ പഠിപ്പിക്കാനും ഒരുക്കുവാനുമുള്ള സന്ദേശങ്ങളാണു ഞാൻ നിങ്ങൾക്കു നൽകുന്നത്. നിങ്ങളുടെ ആത്മാവിനെയും മനസ്സിനെയും മാനസാന്തരത്തിന്റെ യഥാർത്ഥ ഫലം പുറപ്പെടുവിച്ച് ദൈവത്തിന്റെ ഛായയിൽ രൂപപ്പെടാൻ നിങ്ങളെ സഹായിക്കുവാനാണു ഞാൻ വന്നിരിക്കുന്നത്.

നീ എന്റെ അടുത്തേക്ക് വരുമോ? നിന്റെ ഹൃദയം ദൈവത്തിങ്കലേക്കു കരേറ്റുവാൻ എന്നെ അനുവദിക്കുമോ? ഒത്തുതീർപ്പുകൾക്ക് വിധേയമാകാതെ തിരഞ്ഞെടുപ്പ് നടത്തണം.

**നേർവഴി നയിക്കൽ:** പ്രതിഷ്ഠ നിന്റെ ആത്മാവിൽ ആഴമായ സ്നേഹവും ഊഷ്മളതയും അനുഭവപ്പെടും. ഈ സ്നേഹം പരിശുദ്ധ അമ്മയുടെ ഹൃദയത്തിലേക്കു എത്തുകയും, അങ്ങനെ നിന്നോട് കൂടുതൽ അടുത്തുവരികയും ചെയ്യും. ആത്മാവിന്റെ ഇംഗിതങ്ങൾ പരിശുദ്ധ മറിയത്തിന്റെ ഹൃദയത്തിലേക്ക് പ്രതിഷ്ഠിക്കുമ്പോൾ അതൊരു കാന്തംപോലെ ആകർഷണമായി മാറും. ഈ ആകർഷണം തീക്ഷ്ണമായ ആഗ്രഹം ജനിപ്പിച്ചു പരിശുദ്ധ മറിയത്തിന്റെ ശ്രദ്ധ പിടിച്ചെടുക്കും. നിന്റെ ഹൃദയാഭിലാഷങ്ങൾ പരിശുദ്ധ മറിയത്തിന്റെ ശ്രദ്ധയിൽ വന്നാൽ, ഈ സ്നേഹത്തെ ആഴപ്പെടുത്തി ഹൃദയം കൈമാറാനുള്ള അടിസ്ഥാനമിടും.

**മാർഗ്ഗനിർദ്ദേശം:** ആവശ്യമില്ലാത്ത കളകൾ മുളച്ചുപൊന്തുന്ന പൂന്തോട്ടം പോലെയാണ് നിങ്ങളുടെ ആത്മാവ്. അതുകൊണ്ട് സ്വയം പരിത്യജിച്ചുകൊണ്ട്, പുല്ലുമാന്തി എടുത്ത് ഓരോന്നിനെയും ഹൃദയത്തിൽനിന്നും വേരോടെ പറിച്ചെടുത്ത് കളയണം. അല്ലെങ്കിൽ നിന്റെ ആത്മാവ് ആവശ്യമില്ലാത്ത കളകളും മുൾച്ചെടികളും കൊണ്ട് നിറഞ്ഞ കാടുപോലെയായിത്തീരും. നിന്റെ സ്വന്തം ഇഷ്ടത്താലാണു ആത്മാവിനെ നാശത്തിലേക്കു നയിക്കുന്നത്. പക്ഷെ പ്രതിഷ്ഠയിലൂടെ വളമുള്ള മണ്ണുകൊണ്ട് അതിനെ നിറയ്ക്കും. ആത്മാവിനെ വെട്ടിയൊരുക്കുന്നതിലൂടെയാണ് പ്രതിഷ്ഠയിലൂടെ നൽകപ്പെടുന്ന കൃപകളെ സ്വീകരിക്കാൻ അടിസ്ഥാനമിടുന്നത്.

**ധ്യാനചിന്ത:** ഓ പരിശുദ്ധ മറിയത്തിന്റെ വിമലഹൃദയമെ, അങ്ങയുടെ തിരുക്കുമാരന്റെ അടുത്തേക്ക് എന്നെ അടുപ്പിക്കണമെ. എന്റെ ഹൃദയം ദൈവസ്നേഹത്താൽ ജ്വലിപ്പിച്ചു ദൈവത്തിൽ പൂർണ്ണമായി ലയിച്ചുചേരുവാൻ എന്നെ സഹായിക്കണമെ. പ്രിയ അമ്മെ, എന്റെ ഹൃദയത്തെ സ്വന്തമാക്കി അങ്ങയുടെ ഹൃദയവുമായി കൈമാറ്റം ചെയ്യണമെ. വിശുദ്ധവും നന്മയുമായിട്ടുള്ളതുകൊണ്ട് എന്നെ നിറയ്ക്കണമെ. പിതാവിന്റെ ഇഷ്ടം നിറവേറ്റുവാൻ അതിനെ പ്രകാശിപ്പിക്കണമെ. അങ്ങയുടെ ദൃഷ്ടാന്തത്തിലൂടെ എന്റെ വിശുദ്ധീകരണം സഫലമാകട്ടെ. ഒരിക്കലും വേർപെടാത്തവിധം അങ്ങും ഞാനും, ഞാനും അങ്ങും തമ്മിൽ പരിപൂർണ്ണ സ്നേഹത്താൽ ബന്ധിക്കപ്പെടട്ടെ. അമ്മയുടെ ഹൃദയത്തിലൂടെ നൽകപ്പെട്ട കൃപകളിലൂടെ എന്റെ ഹൃദയം പൂർണ്ണമായി ദൈവത്തിന്റേതായി മാറട്ടെ.

*'എന്റെ മണവാട്ടി അടച്ച ഉദ്യാനമാണ്; മുദ്രവച്ച നീരുറവ' (ഉത്തമ. 4:12)*

ദൈനംദിന പ്രാർത്ഥനകൾ ചൊല്ലുക.

## 9-ാം ദിവസം

**പ്രി**യ മക്കളെ, എന്റെ വിമലഹൃദയത്തിൽനിന്നും നിങ്ങൾ എങ്ങനെ മാറി നിൽക്കും. സമാധാനത്തിന്റെ സന്ദേശവുമായിട്ടാണ് ഞാൻ ലോകത്തിലേക്കു വരുന്നത്. ഈ ലക്ഷ്യപ്രാപ്തിക്കായ് നിന്റെയുള്ളിൽ വസിക്കാൻ നിന്റെ വിമലഹൃദയപ്രതിഷ്ഠയിലൂടെ എന്നെ അനുവദിക്കണം. ഈ ഒരു വഴിയിലൂടെ മാത്രമെ എന്റെ വിജയത്തിന്റെ ആഴങ്ങളിലേക്കു നിനക്ക് കടക്കാൻ സാധിക്കുകയുള്ളൂ. എപ്പോഴാണോ എന്റെ ഹൃദയം നിനക്കു പകരപ്പെടുന്നത് അപ്പോഴാണു ഭൂമിയിൽ നീ സമാധാനം കൈവരിക്കുക. എന്റെ പ്രിയ മക്കളെ, ആഗോളവ്യാപനമായ ഒരു പ്രതിഷ്ഠയ്ക്ക് നിങ്ങളുടെ പ്രാർത്ഥനയിൽ ജപമാല ചൊല്ലണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു. എന്റെ ഹൃദയത്തിൽ പരിശുദ്ധാത്മാവിന്റെ സമൃദ്ധമായ കൃപാവരങ്ങളുമായി, നിങ്ങളുടെ 'അതെ'/'ഫിയാത്ത്' എന്ന നിമിഷത്തിനായി നിങ്ങളെ ഒരുക്കുവാനായി ഞാൻ വരും.

**നേർവഴി നയിക്കൽ:** പ്രതിഷ്ഠയുടെ ഈ അടിസ്ഥാനം ഈ തീക്ഷ്ണതയിലാണ് കാണപ്പെടുക. ഈ ആഗ്രഹം പരിശുദ്ധ അമ്മയെ നമ്മിലേക്കും നമ്മളെ അമ്മയിലേക്കും അടുപ്പിക്കും. ഈ ആകർഷണ ശക്തി വഴിയാണ് പ്രതിഷ്ഠയ്ക്കുവേണ്ടിയുള്ള അടിസ്ഥാന ഒരുക്കം തുടരുന്നത്. പരിശുദ്ധ കന്യകാ മറിയത്തിന്റെ മണവാളനായ പരിശുദ്ധാത്മാവ് പരിശുദ്ധ മറിയത്തിന്റെ വിമലഹൃദയം വഴി നമ്മുടെ ഹൃദയത്തിലേക്കു വരുന്നു. പരിശുദ്ധ മറിയം നമ്മുടെ ഹൃദയത്തെ പാകപ്പെടുത്തി കഴിയുമ്പോൾ പരിശുദ്ധാത്മാവ് തന്റെ പരിശുദ്ധ സ്നേഹത്താൽ നിറച്ച് ഓരോ ഹൃദയത്തെയും പരിശുദ്ധ മറിയത്തിന്റെ പുത്രന്റെ അടുത്തേക്ക് കൊണ്ടുവരുന്നു. പരിശുദ്ധ മറിയം പറയുന്നു; ഞാൻ നിങ്ങളുടെ ഹൃദയത്തിൽവന്നു വസിക്കുക വഴി പരിശുദ്ധാത്മാവിന്റെ ജ്വലനമുണ്ടാകുന്നതിലൂടെ പ്രതിഷ്ഠ ഫലപ്രദമാകുന്നു.

**മാർഗ്ഗനിർദ്ദേശം:** എളിമയാണ് എല്ലാ പുണ്യങ്ങളുടെ അടിസ്ഥാനവും സംരക്ഷകനും. കർത്താവ് എല്ലാവരുടെയും പ്രാർത്ഥനകൾ ശ്രവിക്കുമെന്നും വാഗ്ദാനം ചെയ്തിരിക്കുന്നു. എന്നാൽ അഹങ്കാരിയുടെ പ്രാർത്ഥനയുടെമേൽ കാതുകൾ അടയ്ക്കുകയും എളിയവരുടെമേൽ അളവുകളില്ലാത്ത ഔദാര്യം അവിടുന്നു കാണിക്കുകയും ചെയ്യുന്നു. അവർ ആഗ്രഹിക്കുന്നതും ആവശ്യപ്പെടുന്നതും ദൈവം കൈതുറന്നു നൽകുന്നു. നമ്മുടെ പ്രതിഷ്ഠയിലൂടെ ഈ കൃപ ലഭിക്കുന്നുവെങ്കിലും എളിമയിലൂടെ മാത്രമെ ഈ പ്രതിജ്ഞയുടെ ഫലമണിയാൻ സാധിക്കുകയുള്ളൂ. 'അതെ'/'ഫിയാത്ത്' ആണ് പരിശുദ്ധ മറിയത്തിന്റെ സുനിശ്ചിത വിജയത്തിന്റെ അടിസ്ഥാനം നമ്മുടെ ഹൃദയങ്ങളിൽ പാകുന്നത്. കർത്താവിന്റെ മുമ്പിൽ നിന്നെത്തന്നെ എളിമപ്പെടുത്തുക, നീ കർത്താവിൽനിന്ന് ചോദിക്കുന്നതെന്തും നിനക്കു പ്രതീക്ഷിക്കാം.

**ധ്യാനചിന്ത:** ഓ മറിയത്തിന്റെ വിമലഹൃദയമെ, എന്നിൽ കരുണ തോന്നണമെ. എന്റെ ആത്മാവിൽ വെളിച്ചംവീശി ഞാൻ എന്താണെന്നും, എന്തു യോഗ്യതയാണു എനിക്കുള്ളതെന്നും എനിക്കു അനുഭവമാക്കിത്തരണമെ. ഈ ലോകത്തിന്റെ വഴികൾ ദുഃഖത്തിലേക്കാണെന്നും, അതേസമയം താഴ്മയിൽ സ്വർഗ്ഗത്തിന്റെ സദ്ഗുണങ്ങളുണ്ടെന്നും മനസ്സിലാക്കുവാൻ എന്നെ സഹായിക്കണമെ. എന്റെ രാജ്ഞിയും അഭിഭാഷകയുമായ അമ്മെ, ദൈവത്തിന്റെ മഹത്വത്തിന്റെ മുമ്പിൽ എന്റെ ഹൃദയത്തെ എളിമപ്പെടുത്തുവാൻ എന്നെ സഹായിക്കണമെ. പ്രതിഷ്ഠയുടെ സമയത്തുതന്നെ എളിമയെന്ന പരമപുണ്യം നൽകി, അമ്മ 'അതെ'/'ഫിയാത്ത്' പറഞ്ഞപ്പോഴുണ്ടായ തീക്ഷ്ണത എനിക്കു നൽകണമെ.

*'അവിടുന്നു തന്റെ ദാസിയുടെ താഴ്മയെ കടാക്ഷിച്ചു.' ലൂക്ക. 1:48*

ദൈനംദിന പ്രാർത്ഥനകൾ ചൊല്ലുക.

# 10-ാം ദിവസം

**പ്രി**യ മക്കളെ, ഒരു കാര്യം ഓർമ്മിക്കണം. എന്റെ വിമലഹൃദയത്തോടുള്ള യഥാർത്ഥ ഭക്തി ആന്തരീക മാണ്. അത് നിങ്ങളുടെ ഹൃദയത്തിൽനിന്നുവന്ന് മനസ്സിൽ വേരുപാകുന്നു. പ്രതിഷ്ഠയുടെ പൂർണ്ണത എന്നുവച്ചാൽ, നിങ്ങളുടെ അമ്മയിൽ ശിശുസഹജമായ വിശ്വാസം. ഈ വിശ്വാസം, നിങ്ങളുടെ ആത്മാ വിനെ ലാളിത്യത്തോടും ആശ്രയബോധത്തോടും മൃദുലതയോടും കൂടി എന്റെ വിമലഹൃദയത്തോടു ചോദിക്കാൻ നിങ്ങളെ പ്രാപ്തരാക്കും. നിങ്ങൾ എല്ലാ സമയത്തും ഏതു സാഹചര്യങ്ങളിലും എല്ലാ റ്റിലും ഉപരിയായി എന്നോട് അഭ്യർത്ഥിക്കും. നിങ്ങളുടെ സംശയത്തിൽ വെളിച്ചമായും, അലച്ചിലുക ളിൽ യഥാസ്ഥാനത്തെത്തിക്കുവാനും, പ്രലോഭനങ്ങളിൽ ശക്തിപ്പെടുത്തുവാനും, ബലഹീനതകളിൽ ശക്തിയായും, വീഴ്ചകളിൽ നിങ്ങളെ ഉയർത്തുവാനും, നിരുത്സാഹപ്പെടുമ്പോൾ ആശ്വസിപ്പിക്കാനും, ജീവിതത്തിന്റെ കുരിശുകളിലും ദുഃഖങ്ങളിലും മഹാദുരിതങ്ങളിലും നിങ്ങളെ ആലിംഗനം ചെയ്ത് ധൈര്യ പ്പെടുത്തി അതെല്ലാം സ്വീകരിക്കാനും അതിജീവിക്കാനുമുള്ള കൃപയും ശക്തിയും നിങ്ങൾക്ക് ലഭിക്കും.

ഈ നിമിഷങ്ങളെല്ലാം എന്റെ ഹൃദയത്തിലെ ആഴമായ സ്നേഹത്തിൽനിന്നുമാണ്. എന്റെ പ്രിയപ്പെ ട്ടവരെ, വരുവിൻ സ്വർഗ്ഗത്തിൽനിന്നു കൃപകൾ പെറുക്കിയെടുക്കാം. പരിശുദ്ധാത്മാവിനു നിങ്ങളുടെ ഹൃദയങ്ങളെ നിറയ്ക്കുവാൻ തുറന്നുകൊടുക്കുവിൻ. കൈകൾ വിരിച്ചുപിടിച്ച് അവന്റെ രാജകീയ ആഗ്ര ഹങ്ങൾക്കു ഹൃദയം തുറന്നുകൊടുക്കുവിൻ.

**നേർവഴി നയിക്കൽ:** ഇരുഹൃദയങ്ങളുടെ ഭരണത്തിന്റെ മദ്ധ്യേയാണു ദൈവികമായ രക്ഷാകര പ്രവൃത്തി സ്ഥിതി ചെയ്യുന്നത്. ഈ പ്രവൃത്തിയുടെ ഏക ലക്ഷ്യം ആത്മാക്കളെ ഐക്യപ്പെടുത്തുക മാത്രമാണ്. ദൈവികമായ ഐക്യത്തിനുവേണ്ടിയാണ്, പരിശുദ്ധാത്മാവ് ഹൃദയത്തിലേക്ക് കടന്നു വരുന്നത്. അങ്ങനെ, നമ്മുടെ ഹൃദയത്തിൽ ഈ ആകർഷണം ഉണ്ടാകുമ്പോൾ യേശുമറിയത്തിന്റെ ഇരുഹൃദയങ്ങൾ ഒന്നി ക്കുകയും ആ ഐക്യം രക്ഷാകര പ്രവർത്തിയും സഹരക്ഷക പ്രവൃത്തിയും കൊണ്ടുവരുകയും ചെയ്യുന്നു. പ്രതിഷ്ഠയുടെ യഥാർത്ഥ ലക്ഷ്യം ഇതാണ്.

പ്രതിഷ്ഠയിലൂടെ പരിശുദ്ധാത്മാവ്, നമ്മുടെ ഹൃദയത്തെ യേശുവിനെ സ്വീകരിക്കാൻ ഒരുക്കുന്നു. അതേസമയം യേശുമറിയത്തിന്റെ സഹരക്ഷക ശക്തിയും നമുക്കു ലഭിക്കുന്നു. ഇതാണ് ഒരാത്മാവിനെ ഫലം പുറപ്പെടുവിക്കുവാൻ കെൽപ്പുള്ളതാക്കുന്നത്. ഇരുഹൃദയങ്ങളുടെ ഐക്യത്തിൽ നമ്മുടെ ഹൃദ യത്തെ കൂട്ടിച്ചേർത്ത് മൂന്നു ഹൃദയങ്ങളുടെ ഐക്യം സ്ഥാപിതമാക്കുന്നു.

**മാർഗ്ഗനിർദ്ദേശം:** ഹൃദയത്തിന്റെ ഏകാന്തത എന്നുവച്ചാൽ എന്താണെന്ന് നമുക്ക് മനസ്സിലാക്കാം. നമ്മുടെ ഹൃദയത്തിൽനിന്ന് ദൈവത്തിനു വേണ്ടിയല്ലാത്തതെല്ലാം എടുത്തുമാറ്റി അവന്റെ തിരുഹൃദയത്തെ പ്രസാ ദിപ്പിക്കുക എന്നതാണ്. ചുരുക്കത്തിൽ ആത്മാർത്ഥതയോടെ നമുക്കു ഇങ്ങനെ പറയാൻ സാധിക്കട്ടെ. 'എന്റെ ദൈവമെ, വേറെ ഒന്നിനേയും ഞാൻ ആഗ്രഹിക്കുന്നില്ല, നിന്നെ മാത്രം.' എല്ലാറ്റിൽ നിന്നും നമ്മെ വേർപെടുത്തി, അവനെ മാത്രം അന്വേഷിച്ചാൽ അവന്റെ ഹൃദയം സമൃദ്ധമായി നമുക്കു ലഭിക്കും. ദൈവത്തെ അനുഭവിക്കാതെ ഒരാത്മാവിനും ദൈവത്തെ അന്വേഷിക്കുവാനും കണ്ടെത്തുവാനും സാധി ക്കുകയില്ല. ദൈവത്തെ കാണുവാൻ ആഗ്രഹിക്കുന്ന ആത്മാവ്, ലോകത്തോടുള്ള മൈത്രി തന്റെ ഹൃദയ ത്തിൽനിന്നും എടുത്തുമാറ്റണം. ദൈവവുമായി ഒന്നിക്കണമെന്ന് ആഗ്രഹിക്കുന്ന ആത്മാവ് തന്റെ ഹൃദ യത്തെ ദൈവത്തിൽ മാത്രം കേന്ദ്രീകരിച്ചുകൊണ്ട് തുറന്ന ഹൃദയവുമായി കാത്തിരിക്കണം.

**ധ്യാനചിന്ത:** ഓ മറിയത്തിന്റെ വിമലഹൃദയമെ, എല്ലാറ്റിലും, എല്ലാറ്റിലുമുപരിയായി ദൈവത്തെ കാണു വാനും, ഏകാന്തതയിൽ ദൈവത്തെ കണ്ടുമുട്ടുവോളം എന്റെ ഹൃദയത്തെ നയിക്കണമെ. എന്റെ പ്രതി ഷ്ഠയിൽ എന്റെ ഹൃദയം ഏകാന്തതയിൽ യേശുവിന്റെ സമാധാനം അനുഭവിക്കുവാൻ എന്നെ സഹായി ക്കണമെ. പരിശുദ്ധാത്മാവാകുന്ന അഗ്നി ലോകത്തോടുള്ള എല്ലാ മൈത്രിയേയും കത്തിചാമ്പലാക്കട്ടെ. ഓ മരിയേ, എന്റെ അമ്മേ, എന്റെ ആശ്രയമെ, പരസംസർഗ്ഗം ഇഷ്ടപ്പെടാത്ത കൃപ എനിക്കു വാങ്ങി തരണമെ.

*'എന്നാൽ നീ പ്രാർത്ഥിക്കുമ്പോൾ, നീ മുറിയിൽ കടന്നു കതകടച്ച്, രഹസ്യമായി നിന്റെ പിതാവിനോടു പ്രാർത്ഥിക്കുക, രഹസ്യങ്ങൾ അറിയുന്ന പിതാവ് നിനക്ക് പ്രതിഫലം നൽകും.' മത്താ. 6:6*

ദൈനംദിന പ്രാർത്ഥനകൾ ചൊല്ലുക.

[redacted]

**പ്രി**യ മക്കളെ, പ്രത്യേകമായ ഒരു കൃപ തരാൻവേണ്ടി, ഈ ദിവസങ്ങളിൽ നിങ്ങളെത്തന്നെ ഒരുക്കുന്നതിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കണമെന്നു ഞാനാവശ്യപ്പെടുന്നു. എന്റെ തിരുനാളുകളിൽ പിതാവായ ദൈവം സ്വർഗ്ഗത്തിൽ നിന്നു കൃപകൾ മഴപോലെ ചൊരിയും. എന്റെ തിരഞ്ഞെടുക്കപ്പെട്ട ആടുകളെ ഞാൻ തിരഞ്ഞെടുക്കപ്പെട്ട ഇടയന്മാരുമായി കൂട്ടിച്ചേർക്കും. എന്റെ സുനിശ്ചിത വിജയത്തിനു അവരെ ഞാൻ ഒരുമിച്ചുകൂട്ടും. എന്റെ പ്രത്യാശ നിങ്ങളിൽ ഞാൻ അർപ്പിക്കുന്നു. എന്റെ ഹൃദയം നിങ്ങളെ ഞാൻ ഭരമേൽപ്പിക്കുന്നു. മനുഷ്യകുലത്തെ രക്ഷിക്കാനുള്ള കൃപ നിങ്ങളിലാണു നിക്ഷേപിച്ചിരിക്കുന്നത്. എന്റെ പുത്രന്റെ വികാരിക്കുവേണ്ടി തീക്ഷ്ണമായി പ്രാർത്ഥിക്കാൻ ഞാൻ ആവശ്യപ്പെടുന്നു. നിങ്ങളുടെ സന്തോഷങ്ങളും സഹനങ്ങളും നിങ്ങളുടെ പ്രതിഷ്ഠയ്ക്കുവേണ്ടി കാഴ്ചവയ്ക്കുക.

ഉദ്ദിഷ്ടഫലം ഉളവാക്കുന്ന രീതിയിൽ നിങ്ങളെത്തന്നെ നൽകുക. നിങ്ങളെത്തന്നെ നോക്കുന്നതിനു മുമ്പ് മറ്റുള്ളവരെ ശ്രദ്ധിക്കുക. ദൈവപിതാവ് നിങ്ങളുടെ ആത്മാവിലുള്ളതെല്ലാം കാണുന്നു. തന്റെ മക്കൾക്ക് അവിടുന്നു സ്നേഹവും കരുണയും ചൊരിയുന്നു. നീതി അർഹിക്കുന്നവർക്ക് നീതി അവിടുന്നു നൽകുന്നു. എന്റെ തിരഞ്ഞെടുക്കപ്പെട്ട പോരാളികളെ നിങ്ങളോടൊപ്പം കൊണ്ടു വരൂ, എന്തെന്നാൽ യുദ്ധം നമ്മെ കാത്തു നിൽക്കുന്നു.

പ്രിയ മക്കളെ, ഞാൻ നിങ്ങളുടെ അമ്മയാണ്. നിങ്ങൾ എന്റെ മക്കളായി ജീവിക്കൂ. എന്റെ ഹൃദയം നിങ്ങൾക്കുതന്നിരിക്കുന്നതുപോലെ നിങ്ങളുടെ ഹൃദയം എനിക്കും നൽകുക. നിങ്ങൾ എന്തായിരിക്കുന്നുവോ അതേപടി എന്നെ ഭരമേൽപ്പിക്കുക. നിങ്ങൾ എന്താകണമോ അതനുസരിച്ച് ഞാൻ രൂപപ്പെടുത്താം.

**നേർവഴി നയിക്കൽ:** ഈ ശക്തിയാൽ നമ്മുടെ ഹൃദയം കീഴടക്കിയിരിക്കുന്നു. പരിശുദ്ധ മറിയം ഈ നിമിഷത്തെയാണ് കൈമാറ്റസമയം എന്നു പറയുന്നത്. യഥാർത്ഥ സ്നേഹത്തിൽ പ്രതിഷ്ഠ നടത്തിയിട്ടുണ്ടെങ്കിൽ നമ്മുടെ ആത്മാവിനു മാറ്റം വരാതിരിക്കാൻ ഒരു കാരണവുമില്ല. പ്രതിഷ്ഠയിലൂടെ എന്റെ ജീവിതത്തിനു മാറ്റം വന്നു എന്ന് ഒരു വ്യക്തി മറ്റുള്ളവരോട് പറയുന്നത് സത്യമാണെന്നു പ്രവൃത്തിയിലൂടെ വ്യക്തമാകും. പ്രതിഷ്ഠയിൽ ഒരുമിച്ചു കൂട്ടപ്പെടുന്ന ദൈവികശക്തിയുടെ പൂർണ്ണതയിൽ ഒരു മാറ്റം സൃഷ്ടിക്കപ്പെടുകയും ചെയ്യുന്നു. ദൈവം ഇങ്ങനെ സംഭവിക്കുവാൻ ഇടയാക്കുന്നത് പ്രതിഷ്ഠയുടെ സ്വർഗ്ഗീയ യാഥാർത്ഥ്യത്തിലാണ്. നമ്മൾ മനസ്സിലാക്കുന്നതും യഥാർത്ഥവുമായ കാര്യമിതാണ്, സത്യമായും ദൈവം ആഗ്രഹിക്കുന്നതും ഇച്ഛിക്കുന്നതുമാണ്, ഒരാത്മാവ് പ്രതിഷ്ഠ പൂർത്തിയാക്കണമെന്നത്.

**മാർഗ്ഗനിർദ്ദേശം:** ആത്മീയ ജീവിതത്തിന്റെ അടിസ്ഥാനമാണ് ഒരാത്മാവ് ദൈവസാന്നിധ്യത്തിൽ ആയിരിക്കുന്നത്. അതിനു മൂന്നു തലങ്ങളുണ്ട്. പാപത്തിൽ നിന്നകന്നുകൊണ്ടും, പുണ്യങ്ങൾ അഭ്യസിച്ചും ദൈവവുമായിട്ടുള്ള ഐക്യം നിലനിർത്തിയുമുള്ള ജീവിതം. ഈ മൂന്നു കാര്യങ്ങളാണു ദൈവസാന്നിധ്യം ഉണ്ടാക്കുന്നതും, അതുവഴി ഒരാത്മാവിനെ പാപത്തിൽ വീഴാതെ സൂക്ഷിച്ച്, പുണ്യങ്ങൾ അഭ്യസിച്ച്, വിശുദ്ധ സ്നേഹത്തിൽ ദൈവവുമായുള്ള ഐക്യത്തിലായിരിക്കുന്നതിനും സഹായിക്കുന്നത്. പാപത്തെ ഒഴിവാക്കാനുള്ള നല്ലവഴി ദൈവത്തിന്റെ ശ്രദ്ധ എപ്പോഴും എന്റെ മേലുണ്ട് എന്നുള്ള ബോധ്യമാകുന്നു. നാം നമ്മെത്തന്നെ ദൈവസന്നിധിയിൽ സൂക്ഷിക്കുകയും ദൈവം എന്റെ ചിന്തകളും, വാക്കുകളും പ്രവൃത്തികളും ശ്രദ്ധിക്കുന്നുണ്ടെന്ന ചിന്ത തന്നെ നമ്മെ എല്ലാ പാപത്തിൽനിന്നും അകറ്റിനിർത്തും.

ദൈവിക സാന്നിദ്ധ്യത്തിൽ ജീവിക്കുന്ന ഒരാത്മാവ് ചുറ്റുവട്ടത്തുള്ളവരുടെ പ്രീതിക്കുവേണ്ടി ആഗ്രഹിക്കുകയുമില്ല, അതേസമയം ദേവപ്രീതിക്കുവേണ്ടി നിലകൊള്ളുകയും ചെയ്യും. അങ്ങനെ പുണ്യങ്ങൾ ആത്മാവിൽ വളരുകയും ചെയ്യും.

അവസാനമായി, ദൈവവുമായിട്ടുള്ള നിരന്തരമായ ഐക്യത്തിൽ ആത്മാവ് കൃപകളിൽ സമൃദ്ധമായി വളരുകയും ചെയ്യും. ഈ ഐക്യത്തിൽ തെറ്റുവരാത്ത ഒരു നിയമമുണ്ട്, നമ്മൾ സ്നേഹിക്കുന്ന

വസ്തുവിന്റെ സാന്നിദ്ധ്യം നമ്മുടെ സ്നേഹത്തെ വർദ്ധിപ്പിച്ചുകൊണ്ടിരിക്കും. ഈ മൂന്നു ദാനങ്ങളാണ് പ്രതിഷ്ഠയിൽ പരിശുദ്ധാത്മാവിലൂടെ നമുക്കു ലഭിക്കുന്നത്.

**ധ്യാനചിന്ത:** ഓ മറിയത്തിന്റെ വിമലഹൃദയമെ, എന്റെ ജീവിതകാലം മുഴുവനും അങ്ങയെ സ്നേഹിക്കുവാനും അങ്ങയുടേതായിരിക്കുവാനും എന്നെ സഹായിക്കണമെ. എന്റെ ഹൃദയം അങ്ങയുടെ തിരുക്കുമാരന്റെ സന്നിധിയിലേക്കു കൊണ്ടുവരണമെ. അങ്ങനെ എന്റെ സ്നേഹം കത്തി ജ്വലിക്കട്ടെ. അമ്മയുടെ സാന്നിദ്ധ്യത്തിന്റെ അടയാളമായി ഈ ലോകത്തിൽ ജീവിക്കുവാൻ ശക്തിയും ധൈര്യവും എനിക്കു നൽകണമെ. അങ്ങയുടെ സുനിശ്ചിത വിജയത്തിനുവേണ്ടി പോരാടുന്ന പോരാളിയായി ഈ ഭൂമിയിൽ ജീവിക്കുവാനുള്ള കൃപ തരണമെ. എന്റെ പ്രതിഷ്ഠയുടെ സമയത്ത് ഈ ദാനങ്ങൾ തരണമെന്നു അങ്ങയുടെ മണവാളനായ പരിശുദ്ധാത്മാവിനോട് പ്രാർത്ഥിക്കണമെ.

*‘വിജന ദേശവും വരണ്ട പ്രദേശവും സന്തോഷിക്കും. മരുഭൂമി ആനന്ദിക്കുകയും പുഷ്പിക്കുകയും ചെയ്യും. അവ കർത്താവിന്റെ മഹത്വവും കാർമലിന്റെയും ഷാരോന്റെയും പ്രതാപവും അതിനു ലഭിക്കും. അവ കർത്താവിന്റെ മഹത്വം, നമ്മുടെ ദൈവത്തിന്റെ പ്രതാപം, ദർശിക്കും.’ ഏശയ്യ 35:12*

ദൈനംദിന പ്രാർത്ഥനകൾ ചൊല്ലുക.

## 12-ാം ദിവസം

**പ്രി**യ മക്കളെ, വിമലഹൃദയത്തിന്റെ വാഗ്ദാനങ്ങൾ നിങ്ങളിലൂടെ നിറവേറ്റുവാൻ നിങ്ങളുടെ സമ്മതം ഞാൻ യാചിക്കുകയാണ്. പിതാവായ ദൈവത്തിന്റെ ലോകസമാധാനം എന്ന ദാനം എന്റെ സുനിശ്ചിത വിജയത്തിലാണിരിക്കുന്നത്. ലോകത്തിനു നൽകുവാനിരിക്കുന്ന ഈ സമാധാനം ആദ്യം ആന്തരീക മായി ആത്മാവിൽ നൽകുവാനാണ് എന്റെ ആഗ്രഹം.

സമാധാനത്തിനുവേണ്ടിയുള്ള ഈ ആഗ്രഹം സാധിച്ചെടുക്കുവാൻ പ്രിയ മക്കളെ, ജപമാല കൈക ളിലെടുക്കുവാൻ ഞാൻ ആവശ്യപ്പെടുന്നു. ഈ പ്രാർത്ഥനാ ഐക്യത്തിൽ മാത്രമെ നിങ്ങൾക്ക് എന്നോ ടുള്ള സ്നേഹത്തിനു ദൈവപിതാവ് വഴങ്ങുകയുള്ളു. യുവാക്കളെ എന്റെ വിമലഹൃദയത്തിനു പ്രതി ഷ്ഠിക്കുവാൻ പ്രത്യേകമായി ഞാൻ ആവശ്യപ്പെടുന്നു. എന്റെ വിജയത്തിന്റെ മുന്നോടികളാണ് അവർ. ഭാവിതലമുറയ്ക്കുവേണ്ടി സഭയുടെ നവീകരണം അവരിലൂടെയാണ് പ്രകടമാകുക.

പ്രിയ മക്കളെ, മനുഷ്യകുലത്തിന്റെ പാപത്തിനു പരിഹാരം ചെയ്തില്ലെങ്കിൽ നിങ്ങൾ നിങ്ങളെ ത്തന്നെ നശിപ്പിക്കുമെന്നു ഞാൻ നിങ്ങൾക്ക് മുന്നറിയിപ്പ് നൽകുന്നു. പരിശുദ്ധാത്മാവിനാൽ നയിക്ക പ്പെടുന്നതിനും മാർഗ്ഗനിർദ്ദേശം സ്വീകരിക്കുന്നതിനും നിങ്ങളെത്തന്നെ വിട്ടുകൊടുക്കുക. എന്റെ വിമല ഹൃദയത്തിനു നിങ്ങൾ പ്രതിഷ്ഠചെയ്യുമ്പോൾത്തന്നെ പരിശുദ്ധാത്മാവ് നിങ്ങളുടെ ഹൃദയത്തെ മുറുകെ പിടിക്കും.

ഞാൻ വരുന്നത് നിങ്ങളുടെ നാശത്തിനു ആരംഭം കുറിക്കാനല്ല; പക്ഷേ എന്റെ വാഗ്ദാനത്തിലൂടെ ദൈവകൃപ ലഭിക്കാനുള്ള വെളിച്ചം നൽകാനാണ്. നിങ്ങളുടെ ഹൃദയം എന്റെ ഹൃദയവുമായി ഐക്യ പ്പെട്ട് 'അതെ'/ Yes എന്ന് പിതാവിനോട് പറയുകയും, അപ്പോൾ പരിശുദ്ധാത്മാവ് നിങ്ങളുടെമേൽ ആവ സിക്കുകയും ചെയ്യും. എന്റെ മണവാളനായ പരിശുദ്ധാത്മാവിന്റെ ദൃഷ്ടിയിലും സ്പർശനത്തിലും ആയി രിക്കുവിൻ.

**നേർവഴി നയിക്കൽ:** ആത്മാക്കളുടെ രക്ഷക്കുവേണ്ടിയാണ് യേശു ഭൂമിയിലേക്ക് വന്നത്. യേശുവിന്റെ പ്രവർത്തനങ്ങളിലെല്ലാം പരിശുദ്ധ മറിയം സഹകരിച്ച് കൂട്ടാളിയായി. സഹരക്ഷക എന്ന സ്ഥാനം ഒരി ക്കലും വേർതിരിക്കാൻ സാധിക്കുന്നതല്ല. യേശുവും മറിയവും തമ്മിലുള്ള ഗാഢമായ ഐക്യം, ദൈവ ത്തിന്റെ രക്ഷാകര പദ്ധതിയിൽ ഒഴിച്ചുകൂടാൻ പറ്റാത്തതാണ്. പരിശുദ്ധ മറിയത്തിന്റെ ഓരോ പ്രവൃ ത്തിയും ആഗ്രഹവും സഹരക്ഷക എന്ന നിലയിൽ യേശുവുമായി ചേർന്നുള്ളതാണ്. വിമലഹൃദയ പ്രതിഷ്ഠ നടത്താൻ നമ്മോട് ആവശ്യപ്പെട്ടതും യേശുവുമായി ചേർന്നുള്ള രക്ഷാകര പദ്ധതിയുടെ ഭാഗ മാണ്.

**മാർഗ്ഗനിർദ്ദേശം:** നിയോഗത്തിന്റെ ശുദ്ധത, നമ്മുടെ എല്ലാ പ്രവൃത്തികളും ദൈവത്തെ പ്രസാദിപ്പി ക്കാൻ ലക്ഷ്യം വച്ചിട്ടുള്ളതാണോ എന്നതിൽ അടങ്ങിയിരിക്കുന്നു. ഒരു പ്രവൃത്തിയെ നന്മയും തിന്മയും ആക്കുന്നത് ദൈവദൃഷ്ടിയിൽ അത് നന്മയോ തിന്മയോ ആണോ എന്നതിന്റെ അടിസ്ഥാനത്തിലാണ്. ഒരു പ്രവൃത്തിയുടെ ഉദ്ദേശ്യം ആത്മാവിന്റെ കണ്ണുകൊണ്ടും ശരീരത്തിന്റെ പ്രവൃത്തി കൊണ്ടും നാം മന സ്സിലാക്കുന്നു. നിയോഗങ്ങളെല്ലാം വളരെ ലളിതമാക്കാൻ പരിശുദ്ധ മറിയം പറയുന്നു. നമുക്ക് വേറെ ലക്ഷ്യമൊന്നുമില്ലെങ്കിൽ ശുദ്ധതയുടെ വെളിച്ചത്തിൽ അത് നല്ലതും പ്രകാശിക്കുന്നതുമായിരിക്കും. നമുക്കു രണ്ട് ഉദ്ദേശ്യങ്ങൾ ഉണ്ടായാൽ അത് ശുദ്ധമായി കാണപ്പെടുകയുമില്ല, ലൗകികമായി കാണപ്പെടുകയും ചെയ്യും. പരിശുദ്ധമായ ലാളിത്യം ദൈവത്തിൽ നിന്നുള്ള ആനന്ദമല്ലാതെ മറ്റൊന്നും ലക്ഷ്യം വയ്ക്കുക യില്ല. ആയതുകൊണ്ട് ശുദ്ധമായ നിയോഗത്താലുള്ള പ്രവൃത്തി ജീവൻ പ്രദാനം ചെയ്യുകയും ദൈവത്തെ പ്രസാദിപ്പിക്കുന്നവയുമായിരിക്കും. സത്യവും ശുദ്ധവുമായ ഉദ്ദേശ്യത്തോടെ നമ്മൾ വിമലഹൃദയ പ്രതിഷ്ഠ നടത്തിയാൽ അതേ തീക്ഷ്ണത നമുക്ക് യേശുവിനോടും ഉണ്ടാകും. അപ്പോൾ നമ്മുടെ അമ്മ പരിശുദ്ധ മായ വെളിച്ചത്താൽ ദൈവത്തിന്റെ മുമ്പിൽ നമ്മെ കാഴ്ചവയ്ക്കും.

**ധ്യാനചിന്ത:** ഓ മറിയത്തിന്റെ വിമലഹൃദയമെ ഈ പ്രതിഷ്ഠയിലൂടെ ദൈവത്തോടുള്ള തീക്ഷ്ണമായ സ്നേഹം കൊണ്ട് എന്നെ നിറയ്ക്കണമെ. എല്ലാ പ്രയാസങ്ങളേയും തരണം ചെയ്യാൻ ശക്തവും നിത്യവുമായ സ്നേഹത്താൽ എന്നെ നിറയ്ക്കേണമെ. എന്റെ സ്നേഹം വിഭജിക്കപ്പെടാൻ ഇടയാകല്ലെ. തുറന്ന ഹൃദയത്തോടെ അങ്ങയോടുള്ള ഭക്തിയിൽ ആഴപ്പെടുവാൻ എന്നെ സഹായിക്കണമെ. പ്രിയ അമ്മെ ശുദ്ധമായ നിയോഗങ്ങളാലും പ്രവൃത്തിയാലും ദൈവത്തെ പ്രസാദിപ്പിക്കുവാനും ദൈവത്തെ മാത്രം ലക്ഷ്യം വയ്ക്കുവാനും എന്നെ സഹായിക്കണമെ.

*'എന്റെ ഇഷ്ടമല്ല, എന്നെ അയച്ചവന്റെ ഇഷ്ടമാണ് ഞാൻ അന്വേഷിക്കുന്നത്.' യോഹ. 5:30*

ദൈനംദിന പ്രാർത്ഥന ചൊല്ലുക.

## 13-ാം ദിവസം

**പ്രി**യ മക്കളെ, നിങ്ങളുടെ ഹൃദയങ്ങളുടെ പ്രത്യുത്തരത്തിനുവേണ്ടി ഏറ്റവും അമൂല്യമായ രീതിയിൽ ഞാൻ കാത്തിരിക്കുന്നു. എന്റെ വിമലഹൃദയത്തിലൂടെ എന്റെ മക്കളാകുവാൻ ഞാൻ അവരെ വിളിക്കുകയാണ്. എന്റെ ആസന്നമായ സമയത്തിൽ നിങ്ങളുടെ ഹൃദയമാണ് എന്റെ സന്തോഷം. പ്രത്യേകമായ ഐക്യത്തിലൂടെ നിങ്ങൾ ഓരോരുത്തരുടെയും കൂടെ ആയിരിക്കുവാൻ ഞാനാഗ്രഹിക്കുന്നു. ഈ വിശുദ്ധ അഭയത്തിലേക്കു നിങ്ങളെ നയിക്കുവാനും സംരക്ഷിക്കുവാനും ഞാൻ നിങ്ങളെ വിളിക്കുന്നു. എന്നെ ശ്രവിക്കൂ, എന്റെ ഹൃദയം സ്വന്തമാക്കൂ. എനിക്കു ഒരേ ഒരു ആഗ്രഹമേയുള്ളു, അതു നിങ്ങളുടെ വിശുദ്ധീകരണമാണ്. ദൈവത്തിന്റെയും ഏറ്റവും വലിയ ആഗ്രഹം നിങ്ങളുടെ വിശുദ്ധീകരണമാണ്.

അമ്മെ, ഞങ്ങളോട് പറയൂ, ഈ ദിവസങ്ങളിൽ നിനക്ക് ഏറ്റവും ആവശ്യമുള്ളത് എന്താണ്.

എന്റെ കുഞ്ഞെ, എന്റെ ആവശ്യവും അപേക്ഷയും ഒരു തുറന്ന ഹൃദയമാണ്. എല്ലാറ്റിലും ഉപരിയായി ഇതിനുവേണ്ടി പ്രാർത്ഥിക്കുക. അതുവഴിയായി എല്ലാ കൃപകളും ദാനങ്ങളും ചൊരിയാൻ സാധിക്കും. പ്രിയ മക്കളെ, നിങ്ങളുടെ അമ്മയുടെ അടുത്തേക്ക് വരൂ, എന്റെ വിജയം നിങ്ങളുടെ ആശങ്കകൾ നീക്കി ആഗ്രഹങ്ങൾ നിറവേറ്റിത്തരും.

**നേർവഴി നയിക്കൽ:** പുത്രനായ ദൈവം, ഒരു എളിയ ദാസിയുടെ ഉദരത്തിൽ ഒതുങ്ങിയിരിക്കാൻ സ്വയം തീരുമാനിച്ചു. തന്റെ മഹത്വം ഈ ഉൽകൃഷ്ടമായ സ്ഥലത്ത് ഒളിച്ചുവക്കാൻ അങ്ങ് തിരുമനസ്സായി. പുത്രൻ പിതാവിനെ മഹത്വപ്പെടുത്തുകയും തന്റെ രാജകീയ പ്രൗഢി മറച്ചുവെക്കപ്പെട്ട ഗർഭധാരണത്തിനു നൽകുകയും ചെയ്തു. ജന്മം മുതൽ ക്രിസ്തു തന്റെ ജീവിതം അമ്മയെ ഭരമേൽപ്പിച്ചു. 30 വയസ്സു വരെയുള്ള രഹസ്യജീവിതം അമ്മയ്ക്കു വിധേയപ്പെട്ടു. യേശു തന്റെ പീഢാനുഭവത്തിലും അമ്മയെ കൂട്ടിച്ചേർത്തു. പരിശുദ്ധ മറിയമാണ് യേശുവിനെ വഹിച്ചതും, വളർത്തിയതും, താങ്ങിയതും, നമുക്കുവേണ്ടി ബലികഴിച്ചതും. പരിശുദ്ധ മറിയത്തിന്റെ അപേക്ഷയാലാണ് യേശു തന്റെ പരസ്യശുശ്രൂഷാ ജീവിതം കാനായിൽ തുടങ്ങിയത്. പരിശുദ്ധ മറിയത്തെക്കൂടാതെ ദൈവത്തിന് തന്റെ രക്ഷാകര പ്രവൃത്തി ഫലമണിയിക്കാൻ സാധിക്കുമെങ്കിലും, പരിശുദ്ധാത്മാവ് ഈ എളിയ ദാസിയെയാണ് അതിനുവേണ്ടി തിരഞ്ഞെടുത്തത്. എന്തൊക്കെത്തന്നെയായാലും കൃപയുടെ അത്ഭുതരഹസ്യമായ യേശു മറിയത്തിൽ ജന്മമെടുത്ത കാര്യം വിജ്ഞാനികൾക്കു അറിവില്ല. ദൈവം പരിശുദ്ധ മറിയം വഴി ഭൂമിയിലേക്കു വരാൻ തീരുമാനിച്ചുവെങ്കിൽ നമ്മൾ ആരാണു അതിനെ ചോദ്യം ചെയ്യാനും മറ്റൊരു വഴി ചിന്തിക്കാനും? യേശുവിനു ജന്മവും ജീവനും നൽകാൻ വേണ്ട തിരുരക്തം പരിശുദ്ധ മറിയത്തിന്റെ വിമലഹൃദയത്തിൽ നിന്നാണ് ഗർഭപാത്രത്തിലേക്കു ഒഴുകിയത്.

ഇവിടെ നമ്മോടും ഇതുതന്നെയാണ് ആവശ്യപ്പെടുന്നത്. നമ്മുടെ ഹൃദയം തുറന്ന് യേശു ആത്മീയമായി നമ്മുടെ ഹൃദയത്തിൽ ഗർഭം ധരിക്കുവാനും; പിന്നെ മുഴുവൻ ശരീരത്തിലും ജീവിതത്തിലും.

**മാർഗ്ഗനിർദ്ദേശം:** പരിശുദ്ധ കന്യകാമറിയത്തിന്റെ ഹൃദയത്തിൽ കൃപകളുടെ ഒരു ഉറവ സ്ഥാപിക്കുന്നത് ദൈവത്തിനു ഉചിതമായിത്തോന്നി. അവിടെനിന്ന് ഈ കൃപകൾ എല്ലാവരിലേക്കും ചൊരിയാൻ ദൈവം തിരുമനസ്സായി. ദൈവം ആഗ്രഹിക്കുന്നതുപോലെ ദൈവത്തെ വണങ്ങുവാൻ ദൈവം നമ്മെ ക്ഷണിക്കുകയാണ്. യേശുവിന്റെ അമ്മയുടെ പരിശുദ്ധ ഹൃദയത്തോടുള്ള വണക്കമാണ് യേശു ആഗ്രഹിക്കുന്നത്. പരിശുദ്ധ കന്യകാമറിയത്തിന്റെ ഹൃദയത്തിൽ പ്രതിഷ്ഠിക്കപ്പെടാൻ ദൈവം ആഗ്രഹിക്കുന്നു. പരിശുദ്ധ കന്യകാമറിയമോ, തനിക്കു സ്വന്തമായിട്ടൊന്നും എടുക്കാതെ പിതാവിന്റെ ഇഷ്ടം നിറവേറ്റാനാഗ്രഹിക്കുന്നു. ദൈവം ആഗ്രഹിക്കുന്നതുപോലെയുള്ള ഒരു ഐക്യം ഭൂമിയിൽ കൊണ്ടുവരാൻ പരിശുദ്ധ മറിയവും ആഗ്രഹിക്കുന്നു. പരിശുദ്ധ മറിയം നമ്മെ വിളിക്കുന്നത് യേശുവിനോട് കൂട്ടിച്ചേർക്കാനാണ്. അതുപോലെ ഈ പ്രതിഷ്ഠയിലൂടെ കൂട്ടിച്ചേർക്കപ്പെടുന്ന ഓരോ ഹൃദയവും. ഇതിന്റെ പിന്നിൽ ദൈവത്തിന്റെ കരങ്ങളാണ് എന്നുള്ളത് അവസാനമെ നമുക്ക് മനസ്സിലാകുകയുള്ളു. നമുക്കു മുൻകൂട്ടി കാണാൻ പറ്റാത്ത ഒരു സമയത്തേക്ക് ഒരുക്കാനാണ് അമ്മയെ നമ്മുടെ മദ്ധ്യേ അയക്കുന്നത്. ദൈവ

പിതാവിന്റെ സന്ദേശവുമായിട്ടാണ് പരിശുദ്ധ മറിയം വരുന്നത്. നമ്മെ വ്യക്തിപരമായി പഠിപ്പിക്കുവാനും അതിന്റെ ചുരുളഴിച്ചുതരുവാനും യേശു തന്റെ അമ്മയെ തന്നത് നമുക്ക് അതേ മാതൃസ്നേഹാനുഭവം ഉണ്ടാകാനും, അതിലൂടെ തിരുഹൃദയത്തിന്റെ ദിവ്യസ്നേഹാലിംഗനം ലഭിക്കുവാനും വേണ്ടിയാണ്. ഒരു ശിശുവിന് അമ്മയുടെ സ്പർശനംപോലെ മറ്റൊന്നു ലഭിക്കാൻ സാധ്യമല്ല.

**ധ്യാനചിന്ത:** ഓ മറിയത്തിന്റെ വിമലഹൃദയമെ, അങ്ങയുടെ സുനിശ്ചിതവിജയത്തിന്റെ യുദ്ധത്തിൽ ഞങ്ങളെ നയിക്കണമെ. എല്ലാ മനുഷ്യരും അനന്തമായി അങ്ങയുടെ വിമലഹൃദയത്തിന്റെ സുനിശ്ചിത വിജയത്തിന്റെ ആഴങ്ങളിലേക്ക് കടന്നുവരട്ടെ. സ്വർഗ്ഗവാതിലിലൂടെ കടന്നു തന്റെ പുത്രന്റെ തിരുഹൃദയങ്ങളിലേക്കു ഞങ്ങൾ പ്രവേശിക്കട്ടെ. കൃപകളാൽ പൂരിതമായ ശുദ്ധഹൃദയം എന്നിൽ സൃഷ്ടിക്കണമെ. പ്രലോഭനങ്ങളെ അതിജീവിക്കാനുള്ള ശക്തിയും, എന്റെ ആത്മാവിനു അങ്ങയുടെ ഉഷ്മളതയും, സന്തോഷിക്കുന്ന സമയത്ത് അങ്ങയുടെ പുഞ്ചിരിയും എനിക്കു നൽകണമെ. എന്റെ അമ്മെ, എന്റെ ഹൃദയം അങ്ങയുടേതാക്കി മാറ്റേണമെ.

*'ആകയാൽ, മക്കളെ എന്റെ വാക്കുകൾ കേൾക്കുവിൻ*
*..... പ്രബോധനം കേട്ട് വിവേകികളായി തീരുവിൻ' സുഭാ. 8/32, 33*

ദൈനംദിന പ്രാർത്ഥനകൾ ചൊല്ലുക.

## 14-ാം ദിവസം

**പ്രി**യ മക്കളെ, വിമലഹൃദയപ്രതിഷ്ഠയുടെ അടിത്തറയാണ് പ്രാർത്ഥന. പ്രാർത്ഥനാ ഐക്യത്തിൽ ദൈവം തന്നെ ആത്മാവിന് വെളിപ്പെട്ട് പഠിപ്പിക്കുകയും പ്രത്യേകമാംവിധം നയിക്കുകയും ചെയ്യും. പ്രാർത്ഥനയിലൂടെയാണ് നമ്മെക്കുറിച്ചുള്ള ദൈവത്തിന്റെ ഇഷ്ടത്തിലേക്കു നമ്മുടെ ശ്രദ്ധതിരിയുന്നത്. പ്രതിഷ്ഠക്കുവേണ്ടിയുള്ള ഒരുക്കത്തിൽ, പ്രാർത്ഥനയിൽ നാം ഐക്യപ്പെടുക എന്നുള്ളതാണ് പ്രധാനം. പ്രാർത്ഥനയിലൂടെ ഒരാത്മാവ് നിരന്തരം ദൈവവുമായി സമ്പർക്കത്തിലായിരിക്കണം. അങ്ങനെയാണ് ഒരാത്മാവ് ഏകാന്തതയുടെ ആഴങ്ങളിലേക്ക് കടന്നുചെല്ലുന്നത്. നിങ്ങളുടെ ഹൃദയത്തിന്റെ ഭാരം കുറയ്ക്കുവാനും, സന്തുലതയ്ക്കും സമാധാനത്തിനും ദൈവത്തിൽനിന്നു നിങ്ങൾക്ക് ലഭിക്കേണ്ട എല്ലാ കാര്യങ്ങൾക്കുംവേണ്ടി പ്രാർത്ഥിക്കുവിൻ. നിങ്ങളുടെ ആത്മാവ് ഏകാന്തതയുടെ ആഴങ്ങൾ കണ്ടെത്തുമ്പോഴാണ് ദൈവം നമ്മുടെ ഹൃദയത്തിൽ തന്റെ കുറിപ്പെഴുതുന്നത്.

**നേർവഴി നയിക്കൽ:** പ്രതിഷ്ഠയുടെ ഉദ്ദേശ്യം തന്നെ വേർപെടാത്തവിധം പരിശുദ്ധ കന്യകാമറിയവുമായി ഐക്യപ്പെടുക എന്നുള്ളതാണ്. പരിശുദ്ധ കന്യകാമറിയം ഓരോ ആത്മാവിനെയും തന്റെ പുത്രനുമായി ഐക്യപ്പെടുത്തും. പുത്രന്റെ രക്ഷാകരപദ്ധതിയിൽ സഹരക്ഷക എന്ന നിലയിൽ ചെയ്യേണ്ടതെല്ലാം പരിശുദ്ധ മറിയം ചെയ്തുകൊടുക്കുന്നു. മറിയത്തിന്റെ പങ്ക് മറിയത്തെ ദൈവത്തിൽനിന്ന് ഒഴുകുന്ന കൃപയുടെ നീർച്ചാലിനെ നമ്മിളിലേക്ക് ഒഴുക്കുക എന്നുള്ളതാണ്. ദൈവത്തിന്റെ പദ്ധതി പൂർത്തീകരിക്കാനായിട്ടാണ് പരിശുദ്ധ കന്യകാമറിയത്തെ സഹരക്ഷകയായി സൃഷ്ടിച്ചിരിക്കുന്നത്. ദൈവത്തിന്റെ പദ്ധതിയുടെ ഉദ്ദേശ്യം നിറവേറ്റാനാണ് മറിയം നമ്മോട് ആവശ്യപ്പെടുക. പരിശുദ്ധ മറിയത്തിന്റെ പങ്ക് ദൈവത്തിന്റെ പദ്ധതിയിൽ സഹരക്ഷക എന്ന നിലയിൽ കൊടുക്കേണ്ട വില കൊടുക്കുക എന്നുള്ളതാണ്. സഹരക്ഷക എന്ന സ്ഥാനത്തിലൂടെ നിർവ്വഹിക്കുന്നതാണ് വിമലഹൃദയത്തിന്റെ സുനിശ്ചിത വിജയം തന്നെ. വിമലഹൃദയ പ്രതിഷ്ഠയിൽ ദൈവത്തിന്റെ മുഴുവൻ രക്ഷാകരപദ്ധതിയോടു സഹകരിക്കാൻ നമ്മുടെ ആത്മാവിനെ ഒരുക്കി അടിത്തറയിടുന്നു.

**മാർഗ്ഗനിർദ്ദേശം:** പരിശുദ്ധ മറിയത്തെ കണ്ടെത്തുന്ന ഒരാത്മാവ് കൃപകൾകൊണ്ട് നിറഞ്ഞ ജീവിതവും നിത്യമഹത്വവും കണ്ടെത്തിയതുമായിരിക്കും. പരി.മറിയത്തെ 'സമുദ്രതാരമെ' എന്നു വിളിക്കപ്പെടുന്നു. ഒരു കപ്പലിനെ തുറമുഖത്തേക്കു അടുപ്പിക്കുന്നതുപോലെ പരിശുദ്ധ മറിയം ഒരാത്മാവിനെ തന്റെ വിമലഹൃദയംവഴി തന്റെ പുത്രന്റെ തിരുഹൃദയത്തിലേക്ക് നയിക്കുന്നു. പരിശുദ്ധ മറിയത്തിന്റെ മാദ്ധ്യസ്ഥത്തിൽ നമ്മുടെ പ്രാർത്ഥനകളും അപേക്ഷകളും നിയോഗങ്ങളും പ്രത്യേകമാംവിധം സ്വർഗ്ഗത്തിലെത്തുന്നു. അമ്മയുടെ മദ്ധ്യസ്ഥ ശക്തി അത്രയ്ക്കും വലുതാണ്. കാരണം അമ്മയുടെ പ്രാർത്ഥനകളും യാചനകളും ഒരിക്കലും തന്റെ തിരുക്കുമാരൻ കേൾക്കാതിരുന്നിട്ടുമില്ല, തിരസ്കരിച്ചിട്ടുമില്ല. അമ്മ നമ്മുടെ അപേക്ഷകൾക്കുവേണ്ടി നിരന്തരം പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നു. എന്തെന്നാൽ അമ്മയുടെ ഏക ആഗ്രഹം നമ്മുടെ വിശുദ്ധീകരണമാണ്. നമ്മുടെ എല്ലാ ആവശ്യങ്ങൾക്കും ദൈവമാതാവിനെ സമീപിക്കാം. അമ്മ എപ്പോഴും അമ്മയുടെ മാദ്ധ്യസ്ഥത്തിലൂടെ നമ്മെ സഹായിക്കാൻ സന്നദ്ധയാണ്. നിത്യരക്ഷയ്ക്ക് അമ്മയുടെ പ്രാർത്ഥനാസഹായം ധാരാളം മതി. നമ്മുടെ വിമലഹൃദയ പ്രതിഷ്ഠയിലൂടെ പരിശുദ്ധ മറിയത്തിന്റെ ശക്തമായ മദ്ധ്യസ്ഥത്തിൽ കൃപകളും, മറിയത്തിന്റെ യേശുവിന്റെ ഹൃദയവുമായി കോർത്തിണക്കിയ ഹൃദയവും നമുക്ക് ലഭിക്കും.

**ധ്യാനചിന്ത:** അജയ്യമായ ശക്തിയുള്ള ഓ മറിയത്തിന്റെ വിമലഹൃദയമെ, നിരവധിയായ എന്റെ പാപങ്ങളെ മറയ്ക്കാൻ കഴിവുള്ള അമ്മേ, അങ്ങയുടെ ശക്തമായ മാദ്ധ്യസ്ഥം യേശു ഒരിക്കലും തള്ളിക്കളയുകയില്ല. കാരണം യേശു അത് തന്റെ സ്വന്തമായി കാണുന്നു. പ്രിയ അമ്മെ, പാപികളെ രക്ഷിക്കാൻ ദൈവത്തോട് കൂടെയായിരിക്കുന്ന അമ്മേ, എനിക്കുവേണ്ടി ഇപ്പോഴും എന്റെ മരണസമയത്തും പ്രാർത്ഥിക്കണമെ. എന്റെ പ്രാർത്ഥനകളും നിയോഗങ്ങളും അമ്മയുടെ പാദപീഠത്തിൽ വെക്കുന്നു. അങ്ങ് അതിനെ ഈശോയുടെ തിരുഹൃദയത്തിലെത്തിക്കണമെ. കഷ്ടതകളിൽ എന്നെ താങ്ങണമെ, ആശയില്ലാതാകുമ്പോൾ പ്രത്യാശ നൽകണമെ, എന്റെ ആത്മാവിന്റെ ദാരിദ്ര്യത്തിന്മേൽ കരുണയായിരിക്കണമെ. ഓ പരിശുദ്ധ കന്യകേ, സകല പ്രസാദവരങ്ങളുടെ മദ്ധ്യസ്ഥേ എന്റെ ഹൃദയത്തിൽ വന്നു വസിക്കണമെ.

*'ശക്തനായവൻ എനിക്കു വലിയ കാര്യങ്ങൾ ചെയ്തിരിക്കുന്നു.' ലൂക്ക 1:49*

ദൈനംദിന പ്രാർത്ഥനകൾ ചൊല്ലുക.

## 15-ാം ദിവസം

**പ്രി**യ മക്കളെ, പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്ന ആത്മാക്കളോട് ദൈവപിതാവ് ആവശ്യപ്പെടുന്നത്, എന്റെ വിമലഹൃദയത്തോടുള്ള ഭക്തി വളരെ പ്രാധാന്യത്തോടെ കാണണം എന്നുള്ളതാണ്. ആയതിലേക്കു നിങ്ങൾ  എല്ലാ ദിവസവും ജപമാല ചൊല്ലണം. 5 ശനിയാഴ്ച ഭക്തി ആചരിക്കണം. നിങ്ങളുടെ അപേക്ഷകളും ദുഃഖങ്ങളും സന്തോഷങ്ങളും എനിക്കു നൽകണം, എന്തുകൊണ്ടെന്നാൽ എല്ലാം ഞാൻ ദൈവത്തിന്റെ അടുക്കലേക്ക് കൊണ്ടുചെല്ലുന്നു. ഇതെല്ലാം നിങ്ങളോടുള്ള സ്നേഹത്തെ പ്രതി ഞാൻ സമർപ്പിക്കുന്നു. അതുകൊണ്ട് നിങ്ങൾ ഇക്കാര്യങ്ങളെല്ലാം എന്നോടുള്ള സ്നേഹത്തെപ്രതി ചെയ്യുവിൻ. പ്രിയ മക്കളെ, എല്ലാ ദിവസവും ഈ പ്രാർത്ഥന ചൊല്ലുവിൻ.

*(ഓ മറിയമെ എന്റെ ഹൃദയത്തെ....)*

**നേർവഴി നയിക്കൽ:** പരി.കന്യകാമറിയത്തിന്റെ സുനിശ്ചിത വിജയം പൂർത്തിയാക്കാൻ പ്രതിഷ്ഠ അത്യന്താപേക്ഷിതമായ ഒരു പ്രവൃത്തിയാണ്. തിരുഹൃദയത്തിന്റെ ഭരണം സംസ്ഥാപിതമാക്കേണ്ടതിനു ആവശ്യമായ കൃപാവരങ്ങൾ മറിയത്തിന്റെ സുനിശ്ചിത വിജയത്തിലൂടെ വിശ്വാസികൾക്ക് നൽകപ്പെടുന്നു. അതോടൊപ്പം രക്ഷാകരവും സഹരക്ഷാകരവുമായ പ്രവൃത്തിയുടെ ഉദ്ദേശ്യം ഇരുഹൃദയങ്ങളുടെ ഐക്യത്തിലൂടെ നൽകപ്പെടുന്നു. പരി.മറിയം, പ്രതിഷ്ഠയിൽനിന്ന് നമ്മെ സുനിശ്ചിതവിജയത്തിലേക്കു വഹിച്ചുകൊണ്ടുപോകും. അങ്ങനെ സുനിശ്ചിതവിജയം തിരുഹൃദയഭരണത്തിനു അടിസ്ഥാനമിടും. ഈ ഇരുഹൃദയങ്ങളിലൂടെയാണു രക്ഷയുടെയും സഹരക്ഷയുടെയും കൃപ ഈ ലോകത്തിനു നൽകുന്നത്.

**മാർഗ്ഗനിർദ്ദേശം:** നമ്മുടെ ഹൃദയം ദൈവമാതാവിനു കൊടുത്തുകഴിഞ്ഞാൽ പിന്നെ ഒന്നും ചെയ്യേണ്ടതില്ല, അതിനു ഒരു വിലയും കൊടുക്കേണ്ടതില്ല എന്നൊക്കെ നാം മനസ്സിൽ നിരൂപിക്കരുത്. പരിശുദ്ധ മറിയം നമ്മുടെ അമ്മയും നമ്മൾ മക്കളുമായി മാറണമെങ്കിൽ ചില മാനദണ്ഡങ്ങൾ ഉണ്ട്. ആദ്യം ജീവിതത്തെ മാറ്റാനും പാപകരമായതും ലൗകികമായതുമെല്ലാം ഉപേക്ഷിക്കാൻ നാം തയ്യാറാകണം. രണ്ടാമതായി നമ്മുടെ ഹൃദയവും മനസ്സും ആത്മാവും അമ്മയെ ഭരമേൽപ്പിക്കണം. മൂന്നാമതായി മറ്റുള്ളവരെ പരിശുദ്ധ മറിയത്തിന്റെ വിമലഹൃദയത്തിന്റെ സ്നേഹത്തിലേക്കു കൊണ്ടുവരണം. അവസാനമായി അമ്മയുടെ തൃപ്പാദത്തിലിരുന്നു യേശുവിന്റെ അമ്മയെ നമുക്കു തരുന്നതിനെയോർത്ത് നന്ദി പറയണം.

**ധ്യാനചിന്ത:** ഓ മറിയത്തിന്റെ വിമലഹൃദയമെ, ശുദ്ധതയുള്ള ആത്മാവിനെ ലഭിക്കാൻ എനിക്കു വേണ്ടി പ്രാർത്ഥിക്കണമെ. അങ്ങ് എന്തു ചോദിച്ചാലും ലഭിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. ഓ മറിയമെ അങ്ങയുടെ മാതൃസംരക്ഷണത്തിനു ഞാൻ എന്നെത്തന്നെ സമർപ്പിക്കുന്നു. ദൈവകൃപയാൽ വളരാനുള്ള ഉത്സാഹശീലം വാങ്ങിത്തരണമെ. പ്രലോഭനങ്ങളിൽനിന്നും നിത്യജീവൻ അപകടത്തിലാകുന്നതിൽനിന്നും മോചനം ലഭിക്കാൻ അമ്മയുടെ സഹായം തേടുവാനുള്ള കൃപ പ്രതിഷ്ഠയിലൂടെ എനിക്കു നൽകണമെ. മരണനേരത്ത് എന്നെ സഹായിക്കണമെ. എന്റെ ആത്മാവിനെ പിതാവിന്റെ കരങ്ങളിൽ എത്തിക്കണമെ. എന്റെ ഉറച്ച വിശ്വാസവും, ആശ്രയബോധവും അമ്മയുടെ സുനിശ്ചിത വിജയത്തിന്റെ നന്മയ്ക്കായി സമർപ്പിക്കുന്നു.

*'എന്നെ അനുസരിക്കുന്നവൻ ലജ്ജിതനാവുകയില്ല,*
*എന്റെ സഹായത്തോടെ അദ്ധ്വാനിക്കുന്നവൻ പാപത്തിൽ വീഴുകയില്ല' - പ്രഭാ.24:22*

ദൈനംദിന പ്രാർത്ഥനകൾ ചൊല്ലുക.

## 16-ാം ദിവസം

**പ്രി**യ മക്കളെ, നമുക്കു ഒന്നാകാൻ പറ്റുമോ? ഹൃദയത്തിന്റെയും ആത്മാവിന്റെയും ഐക്യമാണ് ഞാൻ ആവശ്യപ്പെടുന്നത്. ഞാൻ നിങ്ങളെ ഭരമേൽപ്പിക്കുന്നതെല്ലാം ദൈവികമായിട്ടുള്ള കാര്യങ്ങളാണ്. അതെ, നിങ്ങൾ വഴിയായി മറ്റുള്ളവർക്കു സഹായം ലഭിക്കുന്നുണ്ട്. പക്ഷെ അതിലുപരിയായി ദൈവീക കൃപ കൾ ഈ ലോകത്തിലേക്കു ചൊരിയുന്നതിനു എന്റെ സുനിശ്ചിത വിജയം നിങ്ങളിലൂടെ പൂർത്തീകരി ക്കും. പ്രിയ മക്കളെ, നിങ്ങളുടെ ശ്രദ്ധ സ്വർഗ്ഗത്തിലേക്കു തിരിക്കൂ. കാറ്റടിക്കുമ്പോൾ മേഘങ്ങൾ ഒരേ ദിശയിലേക്കു നീങ്ങുന്നത് നോക്കുവിൻ. കാറ്റാണ് ഓരോ മേഘത്തേയും വഹിച്ചുകൊണ്ടു പോകുന്നത്. ദൈവം ആഗ്രഹിക്കുന്നിടത്തേക്കാണു സ്വർഗ്ഗീയ മാരുതൻ നിങ്ങളെ കൊണ്ടുപോകുന്നത്. പരിശുദ്ധാ ത്മാവും ഇതുപോലെതന്നെയാണ് നിങ്ങളുടെ മേൽ ഇറങ്ങിവരുന്നത്. നിങ്ങളുടെ ആത്മാവിൽ ആഞ്ഞ ടിച്ച് അതിനെ പറപ്പിച്ച് പരിശുദ്ധാത്മാവ് കൊണ്ടുപോകും. ഇതുപോലെതന്നെ എന്റെ ഹൃദയത്തോ ടൊപ്പം അത് ചലിച്ചുകൊണ്ടിരിക്കും.

അമ്മെ, ഞങ്ങൾ അതുപോലെ ഞങ്ങളുടെ ഹൃദയങ്ങളെ എങ്ങനെ സ്വതന്ത്രമാക്കാൻ സാധിക്കും? നിങ്ങളുടെ വിമലഹൃദയ പ്രതിഷ്ഠയിലൂടെ ലോകത്തിൽനിന്നും സ്വതന്ത്രരാക്കപ്പെടുകയും ഞാൻ അതിനെ സ്വന്തമാക്കുകയും ചെയ്യും.

**നേർവഴി നയിക്കൽ:** ദൈവികപദ്ധതിയുടെ ഭാഗമായ സഹരക്ഷകസ്ഥാനത്തിന്റെ യോഗ്യതകളാൽ പരി.മറിയം പ്രതിഷ്ഠയിൽനിന്നും നമ്മെ വഹിച്ച് സുനിശ്ചിതവിജയത്തിലൂടെ നയിച്ച് തിരുഹൃദയഭരണ ത്തിൽ എത്തിക്കും. ഇതുവഴിയായി കൃപയുടെ അവസാന മണിക്കൂറിലേക്ക് നാം എത്തിച്ചേരും. സുനി ശ്ചിത വിജയത്തിന്റെ ലക്ഷ്യം തന്നെ തിരുഹൃദയത്തിന്റെ രക്ഷിക്കുന്ന സ്നേഹം സ്വീകരിക്കാൻ നമ്മുടെ ആത്മാക്കളെ ഒരുക്കുക എന്നുള്ളതാണ്. ദൈവരാജ്യം ഭൂമിയിൽ സ്ഥാപിക്കപ്പെടുന്നതിനുമുമ്പ് കൃപയുടെ അവസാനത്തെ മണിക്കൂർ എല്ലാ ആത്മാക്കൾക്കും നൽകപ്പെടും. ഭൂമി അതിന്റെ പൂർവ്വാവസ്ഥ വീണ്ടെ ടുക്കും. പരി. അമ്മ അവസാനത്തെ നാഴിക എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് രണ്ടാം പെന്തക്കോസ്താണ്. ആയത് ഇരുഹൃദയങ്ങളുടെ പൂർണ്ണമായ സംലയനം.

**മാർഗ്ഗനിർദ്ദേശം:** പ്രതിഷ്ഠിക്കപ്പെട്ട ആത്മാവിനു ആന്തരികമായി ഈ ലോകത്തിന്റെ ഒരാവശ്യമുള്ള തായി തോന്നുകയില്ല. അത് ദൈവത്തിന്റെ സ്വന്തമായ ഒരവസ്ഥയിൽ ആയിരിക്കുകയും ഭൗമികസ്വ ഭാവം മറന്നുപോകുകയും ചെയ്യും. വിമലഹൃദയത്തിലൂടെയാണ് നിങ്ങളുടെ ആത്മാവിനെ തിരഞ്ഞെ ടുത്ത് സ്വന്തമാക്കുന്നത്. അതുകൊണ്ട് ഓരോ ദിവസവും പുതിയതായി വിമലഹൃദയത്തിനു സമർപ്പിക്ക ണം. നിരന്തരമായി വഴങ്ങിക്കൊടുത്തുകൊണ്ട് നമ്മുടെ ഇഷ്ടത്തെ ദൈവത്തിന്റെ ഇഷ്ടവുമായി ഐക്യ പ്പെടുത്തുന്നു. സ്വന്തം ഇഷ്ടത്തേക്കാൾ വലിയ ഒരു കാര്യവും നമുക്കില്ല. എന്നാൽ ദൈവം നമ്മിൽനിന്ന് ആഗ്രഹിക്കുന്നതും ഇതാണ്. നമ്മൾ വേറെ എന്തുകൊടുത്താലും ദൈവം അതിൽ സംപ്രീതനാകുകയി ല്ല. സ്വന്തം ഇഷ്ടം ബലികഴിച്ച ആത്മാവാണു അനുഗ്രഹിക്കപ്പെട്ടത്. അതിൽ ദൈവത്തിന്റെ ഇഷ്ടം കത്തിജ്വലിച്ചുകൊണ്ടിരിക്കും.

**ധ്യാനചിന്ത:** ഓ മറിയത്തിന്റെ വിമലഹൃദയമെ ദൈവം നയിക്കുന്നതിനനുസരിച്ചു എന്റെ ആത്മാവിനെ വഴിനടത്തുവാൻ എന്നെ സഹായിക്കണമെ. എന്റെ അമ്മെ ദൈവത്തിനു ഏറ്റവും പ്രസാദകരമായത് എന്താണെന്ന് എന്നെ അറിയിക്കണമെ. ദൈവത്തിന്റെ ഇഷ്ടത്തിനു വിട്ടുകൊടുക്കാൻ എന്നെ സഹായി ക്കണമെ. എന്റെ ഇഷ്ടത്തെ ബലികഴിച്ച് ദൈവവുമായി ഐക്യപ്പെടുവാൻ എന്നെ സഹായിക്കണമെ. എന്റെ ആത്മാവ് പരിശുദ്ധാത്മാവിന്റെ ഇഷ്ടമനുസരിച്ച്, പരിശുദ്ധാത്മാവിനോടൊത്ത്, പരിശുദ്ധാത്മാവ് അയയ്ക്കുന്നിടത്തേക്ക് മാത്രം നയിക്കപ്പെടുവാൻ എന്നെ സഹായിക്കണമെ.

*'നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ' ലൂക്ക. 1:38*

ദൈനംദിന പ്രാർത്ഥനകൾ ചൊല്ലുക.

## 17-ാം ദിവസം

**എ**ന്റെ മക്കളെ, എന്റെ സുനിശ്ചിത വിജയത്തിന്റെ പൂർത്തീകരണം നിങ്ങളുടെ പ്രത്യുത്തരത്തെ ആശ്രയിച്ചിരിക്കുന്നു. ഞാൻ നിങ്ങളോട് പറയുന്നു, അതു ഒരു കാറ്റുപോലെയായിരിക്കും. എവിടെ നിന്നാണു അതു വരുന്നതെന്നു നിങ്ങൾ കാണുകയില്ല. അത് അടുത്താണോ ദൂരത്താണോ എന്നു പോലും അറിയില്ല. അതിന്റെ ഒരു തള്ളൽ അനുഭവപ്പെട്ടേക്കാം. എന്റെ മക്കളെ, 'തയ്യാറായിരിക്കൂ' എന്ന സ്വരവും നിങ്ങൾ കേൾക്കും.

**നേർവഴി നയിക്കൽ:** വിമലഹൃദയ പ്രതിഷ്ഠ കൂടാതെ മറിയവും ദൈവവുമായിട്ടുള്ള സംലയനത്തിലേക്കു നാം കടന്നുവരികയില്ല. ആ ഒരു ബന്ധത്തിലേക്കു വന്നാൽ മാത്രമെ ദൈവം ആഗ്രഹിക്കുന്ന ഒരു അഭിവൃദ്ധി ഒരാത്മാവിനു ലഭിക്കുകയുള്ളു. അതുകൊണ്ടാണ് പരി. മറിയത്തെ നിന്ദിക്കുന്നവർക്ക് ദൈവം ആഗ്രഹിക്കുന്ന ആത്മീയ ഉയരങ്ങളിലേക്ക് വളരാൻ സാധിക്കാത്തത്. ഈ കൃപകൾ ദൈവം നമ്മളിൽ സൃഷ്ടിക്കുന്ന ഈ ഐക്യത്തിൽ നിന്നാണ് സ്വീകരിക്കേണ്ടത്.

യേശുവിലാണ് ഒരാത്മാവ് രൂപപ്പെടുന്നതും വളരുന്നതും. ദൈവീക കൂദാശകളുടെ അറയായ പരി. മറിയത്തിലാണ് യേശുവും യേശുവിലൂടെ തിരഞ്ഞെടുക്കപ്പെട്ടവരും രൂപപ്പെടുന്നത്. അതുകൊണ്ട് പൂർണ്ണമായി പരി. മറിയത്തിന്റെ തിരുക്കുമാരനിൽ സമർപ്പിക്കപ്പെടേണ്ടതിനു വിമലഹൃദയപ്രതിഷ്ഠ അനിവാര്യമാണ്.

**മാർഗ്ഗനിർദ്ദേശം:** മണവാളനെ കാത്തിരുന്ന പത്തു കന്യകമാരെപ്പോലെ ആയിരുന്നാൽ മാത്രമെ പരി. മറിയത്തിന്റെ സുനിശ്ചിത വിജയത്തിൽ നമ്മുടെ പങ്ക് പൂർത്തിയാക്കാൻ സാധിക്കുകയുള്ളു. നമ്മുടെ വിളക്കിൽ എണ്ണ നിറച്ച്, തിരികൾ വൃത്തിയാക്കി, പരി.മറിയത്തിന്റെ വിജയകാഹളധ്വനിക്കുവേണ്ടി കാത്തിരിക്കണം. ലോകസമാധാനത്തിനുവേണ്ടിയുള്ള ഈ അന്തിമ പോരാട്ടത്തിൽ നമുക്ക് ഉറച്ചു നിൽക്കാം. മഹാപീഢനങ്ങൾ നമ്മെ പിടികൂടുമ്പോൾ ചഞ്ചലചിത്തരാകാതെ സത്യത്തെ മുറുകെപ്പിടിച്ചു നിന്നുകൊണ്ട് അന്ധകാരത്തിലാണ്ടിരിക്കുന്നവർക്ക് പ്രകാശദീപങ്ങളായി മാറാം. ഈ അവസരങ്ങളിലെല്ലാം പരി.മറിയത്തിന്റെ വിമലഹൃദയത്തിൽ പ്രതിഷ്ഠിക്കപ്പെട്ടവർക്ക് യോഗ്യതയും ആശ്വാസവും കണ്ടെത്തുവാൻ സാധിക്കും.

**ധ്യാനചിന്ത:** ഓ മറിയത്തിന്റെ വിമല ഹൃദയമെ, എന്റെ ആത്മാവ് ദൈവത്തിന്റെ ഇഷ്ടത്തിനെതിരായി പ്രവർത്തിക്കാതിരിക്കാൻ എന്നെ സഹായിക്കണമെ. വിളക്കു കത്തിച്ച് അങ്ങയുടെ വിജയകാഹളധ്വനിക്കു വേണ്ടി കാത്തിരിക്കാനുള്ള കൃപ നൽകണമെ. പ്രിയ അമ്മെ, ദൈവത്തിന്റെ പ്രേരണകൾക്കു അമ്മ കീഴ്വഴങ്ങി ജീവിച്ചതുപോലെ ഞാനും ജീവിക്കുവാൻ ആഗ്രഹിക്കുന്നു. കുരിശാകുന്ന അൾത്താരയിൽ യേശു തന്റെ ജീവൻ ഹോമിച്ച് സ്നേഹത്തിന്റെ തീജ്ജ്വാലയെ, എന്റെ ഹൃദയത്തിലേക്ക് കടന്നുവന്നു അങ്ങയുടെ സ്വന്തമാക്കണമെ. അങ്ങയുടെ സ്നേഹത്തിൽ എന്നെ പൊതിയണമെ. മറ്റൊന്നിനും വേണ്ടി ആഗ്രഹിക്കാതെ അങ്ങയെ കൂടുതൽ കൂടുതൽ സ്നേഹിക്കാനുള്ള കൃപ നൽകണമെ. ഇവയെല്ലാം പരി.കന്യകയുടെ വിമലഹൃദയത്തിന്റെ മദ്ധ്യസ്ഥതയിൽ ഞാൻ പ്രത്യാശിക്കട്ടെ.

*'നിന്റെ ഹൃദയത്തിൽ മുദ്രയായും നിന്റെ കരത്തിൽ അടയാളമായും എന്നെ പതിപ്പിക്കുക.'*
*ഉത്തമ. 8/6*

ദൈനംദിന പ്രാർത്ഥനകൾ ചൊല്ലുക.

## 18-ാം ദിവസം

**പ്രി**യ മക്കളെ, എന്റെ പ്രവർത്തനങ്ങളുടെ ലക്ഷ്യം എല്ലാ ഹൃദയങ്ങളെയും ഐക്യത്തിലേക്ക് കൊണ്ടു വരിക എന്നുള്ളതാണ്. ഐക്യം എന്നുവച്ചാൽ, എന്റെ വിമലഹൃദയത്തിന്റെ അനുകരണത്തിൽ മുഴുവൻ ശ്രദ്ധ പതിപ്പിക്കുക എന്നതാണ്. ഇതാണ് എന്റെ യേശു എന്നിൽ പൂർത്തിയാക്കിയ പരിശുദ്ധിയിലേക്കു ള്ള വഴി. എന്നിൽ സൃഷ്ടിക്കപ്പെട്ടതും എനിക്കു നൽകപ്പെട്ടതുമായ എല്ലാറ്റിനെയും ഞാൻ ഒരുമിച്ചുകൂട്ടു ന്നു. പാപത്തിൽ വീഴാതിരിക്കുകയും പരിശുദ്ധവും നല്ലതുമായവയെ സ്നേഹിക്കുകയും ചെയ്യുക. ഈ ലക്ഷ്യത്തിനുവേണ്ടി ഒരുവൻ തന്റെ ജീവൻ സമർപ്പിക്കുക എന്നതിൽ ദൈവസ്നേഹവും ആഴമായ സമാ ധാനവും അടങ്ങിയിരിക്കുന്നു. എന്റെ സുനിശ്ചിതവിജയത്തിന്റെ അന്തഃസത്ത അഥവാ ജീവനാണ് ഐക്യം. എന്റെ മിഷന്റെ പ്രകാശം സമാധാനമാണ്. കൃപയുടെ ഈ ദൈവികപദ്ധതിയുടെ പൂർത്തീകരണം ഹൃദ യത്തിന്റെ പരിവർത്തനമാണ്. ഇതാണ് ഞാൻ നിങ്ങളിൽനിന്നും ആവശ്യപ്പെടുന്ന പ്രതികരണം.

**നേർവഴി നയിക്കൽ:** യേശു തന്റെ ജീവന്റെയും മരണത്തിന്റെയും മഹത്വത്തിന്റെയും സ്വർഗ്ഗത്തിലും ഭൂമിയിലുള്ള ശക്തിയിലും അധികാരത്തിലുംനിന്ന് വേർതിരിക്കാൻ പറ്റാത്ത കൂട്ടാളി അഥവാ സഹര ക്ഷകയായി പരി. മറിയത്തെ തിരഞ്ഞെടുത്തു. യേശുവിന്റെ രാജകീയ തീരുമാനമനുസരിച്ച് കൃപയിൽ യേശു കൈയ്യാളുന്ന യേശുവിന്റെ ദിവ്യശക്തി പരി.മറിയത്തിനു കൊടുത്തിട്ടുണ്ട്. (ജ്ഞാനം8/4, 7/22,30) ഇരുഹൃദയങ്ങൾ ഐക്യപ്പെട്ടിരിക്കുന്നതുകൊണ്ട് പരി.മറിയത്തിനും തുല്യശക്തി ലഭിച്ചിട്ടുണ്ട്. യേശു വിന്റെ പരിശുദ്ധ ത്രിത്വത്തിലെ സ്ഥാനമനുസരിച്ചും, ഈ സ്വർഗ്ഗീയ ഐക്യത്തിലൂടെയും തന്റെ എല്ലാ കൃപകളും തുല്യമായി പങ്കുവയ്ക്കാൻ പരി.മറിയത്തിനു കഴിവും അധികാരവും നൽകിയിരിക്കുന്നു. അമലോത്ഭവ ഗർഭധാരണത്തിന്റെ ഉദ്ദേശ്യം തന്നെ ഇതാണ്.

**മാർഗ്ഗനിർദ്ദേശം**: നിങ്ങൾ അവഗണിക്കപ്പെട്ടവരും, നിന്ദിക്കപ്പെട്ടവരും വിഡ്ഢികളുമായി കരുതപ്പെടു മ്പോൾ നിങ്ങളുടെ പ്രതിഷ്ഠയിൽ ആനന്ദം കണ്ടെത്തുവിൻ. ഒരു കാരണവുമില്ലാതെ നിങ്ങളെ കുറ്റപ്പെ ടുത്തുമ്പോൾ, തന്നെത്തന്നെ ഒഴിഞ്ഞു മാറുവാനും, മറ്റുള്ളവരാൽ ക്ഷമിക്കപ്പെടുവാനും നിങ്ങൾ ആഗ്ര ഹിക്കരുത്. മറ്റുള്ളവർ നിങ്ങളുടെ കുറ്റങ്ങളും കുറവുകളും പറയുന്നതിൽനിന്ന് അവരെ തടയരുത്. നിന്ദ നങ്ങൾ ലഭിക്കുമ്പോൾ ആരിൽനിന്നാണ് ലഭിക്കുന്നതെന്നു നോക്കരുത്. അഥവാ കണ്ടെത്തിയാലും അവരെ പഴിചാരുകയോ അറിഞ്ഞതായി നടിക്കുകയോ അരുത്. അതിനു പകരമായി നിങ്ങളുടെ പ്രാർത്ഥ നയിൽ അവർക്കു പ്രഥമസ്ഥാനം കൊടുക്കുവിൻ. താഴ്മയിൽ ദൈവവുമായുള്ള ഐക്യം അന്വേഷിക്കുക. പ്രതിഷ്ഠയിലൂടെ ലഭിക്കുന്ന കൃപയിലൂടെ പരി. മറിയത്തിന്റെ ലക്ഷ്യത്തിൽ ഒന്നുചേരുക. നമ്മുടെ ഒന്നുമില്ലായ്മയിലാണ് പരി. മറിയത്തിന്റെ വിജയം നമ്മളിൽ സംഭവിക്കുക. അപ്പോൾ ദൈവം പരിശുദ്ധ സംലയനത്തിന്റെ ഉയരങ്ങളിലേക്ക് നമ്മെ സംവഹിച്ചുകൊണ്ടുപോകും.

**ധ്യാനചിന്ത:** ഓ മറിയത്തിന്റെ വിമലഹൃദയമെ, എന്റെ ആത്മാവിൽ എളിമ ലഭിക്കുവാൻ അമ്മയുടെ മാദ്ധ്യസ്ഥം ഞാൻ യാചിക്കുന്നു. ദൈവം എന്നിലൂടെ പ്രവർത്തിക്കുന്നതു കാണുമ്പോൾ ദൈവ സന്നി ധിയിൽ കൂടുതൽ എളിമപ്പെടുവാൻ എന്നെ സഹായിക്കണമെ. പ്രിയ അമ്മെ, പീഢനങ്ങളും, നിന്ദനങ്ങ ളുമെല്ലാം സ്വീകരിച്ച് അമ്മയുടെ വിമലഹൃദയ വിജയത്തിന്റെ മഹത്വത്തിനായി ഒരു കാഴ്ചവസ്തുവായി സമർപ്പിക്കുവാൻ എന്നെ സഹായിക്കണമെ. എന്റെ പ്രതിഷ്ഠയുടെ ഏക ലക്ഷ്യം അമ്മയുടെ വിമലഹൃദ യത്തിലൂടെ കൂടുതൽ കൂടുതൽ കൃപകൾ നേടിയെടുക്കാനാണ്. ഓരോ സഹനത്തിലും അമ്മയുടെ സുനിശ്ചിത വിജയത്തിന്റെ ദൈവീകപദ്ധതി മനസ്സിലാക്കുവാൻ സഹായിക്കണമെ. ഓരോ ഹൃദയവും അമ്മയുടെ ഹൃദയത്തിലൂടെ തിരുഹൃദയവുമായി ഐക്യപ്പെട്ട് തിരുഹൃദയ ഭരണം സ്ഥാപിതമാകട്ടെ എന്ന് ഞാൻ പ്രാർത്ഥിക്കുന്നു.

*'ക്രിസ്തുവിന്റെ നാമം നിമിത്തം നിങ്ങൾ നിന്ദിക്കപ്പെട്ടാൽ നിങ്ങൾ ഭാഗ്യവാന്മാർ' 1 പത്രോസ് 14:14*

ദൈനംദിന പ്രാർത്ഥനകൾ ചൊല്ലുക.

## 19-ാം ദിവസം

**പ്രി**യ മക്കളെ, എന്റെ സുനിശ്ചിത വിജയത്തിന്റെ മക്കളായിത്തീരണമെങ്കിൽ നിങ്ങളുടെ ഹൃദയങ്ങളിൽ രൂപാന്തരം സംഭവിക്കണം. ഇതുവഴിയായി ദൈവിക പ്രകൃതവുമായി ഐക്യപ്പെടാനുള്ള അസാധാരണ കൃപ ഒരാത്മാവിനു ലഭിക്കുന്നു.

എന്താണു അന്തിമ പോരാട്ടം എന്ന് വെളിപ്പെട്ടുകഴിഞ്ഞു. ഇനി നിങ്ങൾ ആരുടെ പക്ഷത്താണു എന്നതാണു വ്യക്തമാക്കേണ്ടത്. ഒത്തുതീർപ്പിന്റെ ഒരു മേഖലയും അവശേഷിക്കുന്നില്ല. നിങ്ങളുടെ ഹൃദയം എന്നെ സ്വന്തമാക്കാൻ അനുവദിച്ചില്ലെങ്കിൽ, പിശാച് നിങ്ങളെ വെറുതെ വിടുകയില്ല, എന്നെ ഉപേക്ഷിക്കുന്ന നിമിഷത്തിൽത്തന്നെ അവൻ നിങ്ങളെ സ്വന്തമാക്കും.

ഞാൻ നിങ്ങളോട് ഒരു സത്യം പറയുകയാണ്, എന്റെ വിജയ കാഹളധ്വനി ഈ ലോകത്തിൽ ഒരു വലിയ പ്രത്യാഖ്യാതം ഉണ്ടാക്കും. കൈകളെ കൂട്ടിപ്പിടിപ്പിക്കുന്ന പ്രാർത്ഥനയല്ല, ഹൃദയങ്ങളെ ഒന്നിപ്പിക്കുന്ന പ്രാർത്ഥനയാണ് ഈ ലോകത്തിനാവശ്യം. ഈ ദൈവീക പദ്ധതിക്കു പ്രതിജ്ഞാബദ്ധരായിരിക്കുന്ന ഓരോ വ്യക്തികളുടെയും ഹൃദയങ്ങൾ എന്നിലൂടെ ഒന്നിപ്പിക്കണം. ഈവിധം മാത്രമെ എല്ലാ പരിശ്രമങ്ങളും ഏകോപിപ്പിക്കുവാൻ സാധിക്കുകയുള്ളു.

ഒരു വ്യക്തിയുടെ ഏറ്റവും വലിയ ശത്രു അഹങ്കാരമാണ്. ഇതുതന്നെ മിഥ്യാബോധത്തിന്റെയും കലഹത്തിന്റെയും കാരണം. സ്ഫോടനാത്മകമായ സമയമാണിപ്പോൾ. നിങ്ങളുടെ ആത്മാർത്ഥമായ പരിശ്രമം എന്തുമാത്രം ആവശ്യമാണിപ്പോൾ എന്നെനിക്കിപ്പോൾ പറയാനാകില്ല.

**നേർവഴി നയിക്കൽ:** യേശുവിൽ പ്രതിഷ്ഠിക്കപ്പെട്ടും ഐക്യപ്പെട്ടും വിധേയപ്പെട്ടും ഇരിക്കണമെന്നുള്ളതാണ് നമ്മുടെ പരിപൂർണ്ണതയ്ക്ക് ആവശ്യമായ ഘടകങ്ങൾ. ഈ കാര്യങ്ങൾ ചെയ്യാൻ, പ്രാവർത്തികമാക്കാനുള്ള വഴികൾ കണ്ടെത്തണം. നമ്മൾ മുഴുവനായും പൂർണ്ണമായും പ്രതിഷ്ഠിക്കപ്പെട്ട് ഐക്യപ്പെടുവാൻ ആഗ്രഹിക്കുന്നെങ്കിൽ അതിനുവേണ്ടി ദൈവം ഇതിനായി നൽകിയിട്ടുള്ള പദ്ധതികൾ മനസ്സിലാക്കി അതിനെ ഉപയോഗിക്കണം. സമ്പൂർണ്ണ സംലയനത്തിനുള്ള വഴി വിമലഹൃദയപ്രതിഷ്ഠയാണ്. ഒരാത്മാവ് മറിയത്തിന്റെ ആത്മാവുമായി ഐക്യപ്പെട്ടിരിക്കുന്നുവോ അത്രയ്ക്കും ആഴത്തിൽ യേശുവുമായി ഐക്യപ്പെട്ടിട്ടുണ്ടായിരിക്കും. ദൈവവുമായി സമ്പൂർണ്ണ പ്രതിഷ്ഠ പരി. മറിയത്തിന്റെ വിമലഹൃദയത്തിൽ പ്രതിഷ്ഠിക്കപ്പെടുമ്പോൾത്തന്നെ പൂർത്തിയാകുമെന്നത് ഒരു സത്യമാണ്.

**മാർഗ്ഗനിർദ്ദേശം:** പരി. മറിയത്തിന്റെ വിജയത്തിനായി ചെയ്തിട്ടുള്ള എല്ലാ നന്മകളെപ്രതി പ്രതിഷ്ഠയിൽ നാം ആഹ്ലാദിക്കണം. പരി. അമ്മ നമ്മോട് കാണിച്ച സ്നേഹപ്രകടനങ്ങളിൽനിന്ന് നാം വഴിവിട്ടു പോയിട്ടുണ്ടെങ്കിൽ നാം അത് തിരിച്ചറിയണം. നാം മറ്റുള്ളവരുടെ ഉയർച്ചയിലോ, അഥവാ അവരെപ്പോലെ അഭിവൃദ്ധി പ്രാപിച്ചില്ലല്ലോ എന്നോർത്ത് വിലപിച്ചിട്ടുണ്ടോ? മറ്റുള്ളവരുടെ വളർച്ചയിൽ അവർ അതിനു യോഗ്യരല്ല അഥവാ നമ്മുടെ പുരോഗതിക്കു അവരാണ് തടസ്സം എന്നു ചിന്തിച്ചിട്ടുണ്ടോ? പരി.മറിയത്തിലുള്ള നമ്മുടെ പ്രതിഷ്ഠ മറ്റുള്ളവരെ കൂടുതൽ സ്നേഹിക്കുന്നതിനും അവരെ സഹായിക്കുന്നതിനും നമ്മെ പ്രാപ്തരാക്കും. ഈ ലോകത്തിൽ പരി.മറിയത്തിനു അനുരൂപരാകുമ്പോൾ സുനിശ്ചിത വിജയം സംജാതമാകും. നമ്മൾ വിശുദ്ധമായി ദാഹിക്കുന്നതും പ്രതീക്ഷിക്കുന്നതും ലഭിക്കാൻ സാദ്ധ്യമല്ല, സത്യമല്ല, പ്രായോഗികമല്ല എന്ന ചിന്തകളുമായി സാത്താൻ കടന്നുവരും. പ്രതിഷ്ഠയിൽ നമ്മൾ 'അതെ'/ Yes എന്നുപറഞ്ഞപ്പോൾ ലഭിച്ച കൃപയിലും പരിശുദ്ധാത്മാഭിഷേകത്തിലും ഓരോദിവസം നാം ജീവിക്കണം.

**ധ്യാനചിന്ത:** ഓ മറിയത്തിന്റെ വിമലഹൃദയമെ, പ്രതിഷ്ഠയിൽ എനിക്കു ലഭിച്ച കൃപകൾ ഞാൻ കണ്ടുമുട്ടുന്നവരോട് സ്നേഹത്തിലും സാഹോദര്യത്തിലും പ്രകടമാക്കുവാൻ എന്നെ സഹായിക്കണമെ. സാത്താൻ മറ്റുള്ളവരുടെ തെറ്റുകൾ പൊലിപ്പിച്ചുകാണിക്കുമ്പോൾ അതിനെ അതിജീവിക്കാനുള്ള കൃപ എനിക്കു നൽകണമെ. അങ്ങ് എന്നെ വളർത്തിയതുപോലെ മറ്റുള്ളവരെയും അങ്ങ് താലോലിച്ചു വളർത്തുന്നതാണെന്ന ബോദ്ധ്യം എനിക്കു നൽകണമെ. അഹങ്കാരത്തിന്റെ വേരുകൾ എന്റെ ആത്മാവിൽനിന്നു പിഴുതെറിയണമെ. സാത്താന്റെ മായാമോഹങ്ങളിലും ചതികളിലും ചെന്ന് പെടാതിരിക്കാൻ എന്നെ

സഹായിക്കണമെ. ഞാൻ കണ്ടുമുട്ടുന്ന ഓരോ വ്യക്തിയുമായി ചേർന്ന് അങ്ങയുടെ വിജയത്തിനായി അദ്ധ്വാനിക്കുവാൻ എന്നെ ശക്തിപ്പെടുത്തണമെ. പ്രിയ അമ്മെ, പരിശുദ്ധാത്മാവിന്റെ ചലനംവഴി എന്നിലുണ്ടാകുന്ന തീവ്രാഭിനിവേശം എന്റെ ഹൃദയത്തിൽ ഒരു രൂപാന്തരം സൃഷ്ടിച്ച് സ്നേഹത്തിന്റെയും ഐക്യത്തിന്റെയും അങ്ങയുടെ വിജയം സുനിശ്ചിതമാക്കട്ടെ.

*'അവിടുന്നിൽ നാം ജീവിക്കുന്നു, ചരിക്കുന്നു, നിലനിൽക്കുന്നു.' അപ്പ. 17:28*

ദൈനംദിന പ്രാർത്ഥനകൾ ചൊല്ലുക.

## 20-ാം ദിവസം

**എ**ന്റെ മക്കളെ, എന്റെ ഹൃദയം എന്തുമാത്രം സന്തോഷിക്കുന്നു എന്ന് കാണുക. ഈ നിമിഷത്തിൽ എന്റെ വിജയം വെളിപ്പെടുത്തപ്പെട്ടു. ഞാൻ നിന്നോട് പറഞ്ഞതുപോലെ എന്റെ വിജയകാഹളധ്വനി ആദ്യം ഹൃദയത്തിലാണു അനുഭവിക്കുക. പ്രതിഷ്ഠയിലൂടെ ശക്തമായി വളർന്ന് എന്റെ അരികിലൂടെ വന്നിരിക്കുന്നു. പരിശുദ്ധാത്മാവ് നിന്റെ പ്രതിജ്ഞ ഫലദായകമാക്കുമെന്ന് ഞാൻ നിന്നോട് പറഞ്ഞതല്ലെ.

ആദ്യം നമ്മുടെ ആന്തരികതയെ ദൈവത്തിലേക്കു ഒരുമിപ്പിക്കുകയും രൂപാന്തരപ്പെടുത്തുകയും ചെയ്യുന്ന ഒരു പ്രവൃത്തിയാണ് പ്രതിഷ്ഠ. പിന്നീട് താൻ സൃഷ്ടിച്ച മറ്റു വസ്തുക്കളെയെല്ലാം. നിന്റെ പ്രതിഷ്ഠ എന്റെ ഹൃദയത്തിൽ മാത്രം വെയ്ക്കുവാൻ ഞാൻ ആവശ്യപ്പെടുന്നു. ഞാൻ നിന്റെ മുമ്പിൽ നിൽക്കുന്നതുപോലെ അത് അത്രയ്ക്കും ദൃഢമായിരിക്കണം. നിന്റെ ഹൃദയത്തിൽ നിന്നും എന്റെ ഹൃദയത്തിൽനിന്നും നീ ശക്തി കണ്ടെത്തണം. എന്റെ മക്കളെ നിങ്ങൾ ആയിരിക്കുന്ന അവസ്ഥയിൽ എന്റെ വിമലഹൃദയത്തെ അന്വേഷിക്കുവിൻ. അത് കണ്ടെത്തിയതിനു ശേഷമെ മുന്നോട്ടു പോകാവൂ.

ഇതാണ് ഞാൻ നിങ്ങൾക്കു വാഗ്ദാനം ചെയ്തത്, സത്യമായും കൃപയിലുള്ള ദാനമാണത്. എല്ലാം നിങ്ങൾക്കു തരുമെന്നു ഞാൻ നിങ്ങളോടു പറഞ്ഞുകഴിഞ്ഞു. ഇത് എന്റെ ശ്രേഷ്ഠ ഗൗരവമായ വാഗ്ദാനമാണ്. എന്നിൽ കാണപ്പെട്ട ഗുണങ്ങൾ മാത്രമെ നിങ്ങൾക്ക് ആവശ്യമുള്ളു. പരിശുദ്ധ ത്രിത്വത്തിന്റെ പരിപൂർണ്ണമായ ഐക്യത്തിലേക്കാണ് ഞാൻ നിങ്ങളെ നയിക്കുന്നത്.

എന്റെ വിമലഹൃദയത്തിൽ നിങ്ങളുടെ ഓരോ തീരുമാനങ്ങളുടെ ആശ്രയവും പരിഹാരവും കണ്ടെത്താൻ കഴിയും. അതുകൊണ്ടാണ് ഞാൻ നിങ്ങളുടെ അഭയമാണെന്ന് ഉറപ്പു നൽകുന്നത്. നിങ്ങളുടെ ഐക്യമത്യവും ദിശാബോധവും എന്നിൽ മാത്രം കാണുവാനും അതുവഴി ഐക്യം സ്ഥാപിക്കാനുമുള്ള കൃപ നിങ്ങളിലൂടെ ഞാൻ ഒഴുക്കുന്നു.

വളരെക്കുറച്ച് സമയത്തിൽ പൂർണ്ണാവസ്ഥയിലേക്കു എത്തിക്കാൻവേണ്ടുന്ന കാര്യങ്ങളെല്ലാം ഞാൻ കൊണ്ടുവന്ന് തരുന്നതാണ്. ഇത് നിങ്ങളുടെ ധാരണാശക്തിക്ക് അതീതമാണ്. ഞാൻ നിങ്ങളെ പഠിപ്പിച്ചതിൽ മാത്രം ശ്രദ്ധ വയ്ക്കുക. ദൈവത്തിന്റെ ഇഷ്ടം പൂർത്തീകരിക്കാനുള്ളതെല്ലാം അതിൽ ഉണ്ടായിരിക്കും.

ഓർമ്മിക്കുക, എന്നിലായിരിക്കുക, എന്നിലൂടെ എന്റെ വിമലഹൃദയത്തിലൂടെ നൽകുന്ന കൃപയിലൂടെ ഒന്നാകുക. അതുവഴി എന്റെ തിരുക്കുമാരന്റെ തിരുഹൃദയവുമായി സംലയിക്കപ്പെടും.

**നേർവഴി നയിക്കൽ:** നിങ്ങളുടെ മാമ്മോദീസ വാഗ്ദാനങ്ങളുടെ പരിപൂർണ്ണമായ നവീകരണമാണ് പ്രതിഷ്ഠ. മുമ്പ് നമ്മൾ പിശാചിനു വിട്ടുകൊടുക്കപ്പെട്ടവരായിരുന്നു. എന്നാൽ മാമ്മോദീസായിൽ യേശുവിനു കൊടുക്കപ്പെടുന്നു. നമ്മുടെ തീക്ഷ്ണമായ പ്രതിഷ്ഠ പ്രഖ്യാപനത്തിലൂടെയും പരി.മറിയത്തിന്റെ പരിശുദ്ധിയിലൂടെയും പ്രതിഷ്ഠയിൽ യേശുവിനു വീണ്ടും നൽകപ്പെടുന്നു. പരി.മറിയത്തിന്റെ വിമലഹൃദയത്തെ നാം അനുകരിക്കുന്നതുകൊണ്ടും കൂടിയാണിത്. എന്തെന്നാൽ ദൈവം തെരഞ്ഞെടുത്തിരിക്കുന്ന പരിപൂർണ്ണവഴിയാണ് പ്രതിഷ്ഠ.

മാമ്മോദീസായിൽ നാം പിശാചിനെയും അവന്റെ ആഡംബരങ്ങളെയും വെറുത്തുപേക്ഷിക്കുന്നു. എന്നാൽ പ്രതിഷ്ഠയിൽ കൂടുതൽ ശ്രേഷ്ഠമായ രീതിയിൽ പരി.മറിയത്തിലൂടെ നാം യേശുവിനു സമർപ്പിക്കപ്പെടുന്നു. അങ്ങനെ കൃപയിലെ ഏറ്റവും ശ്രേഷ്ഠമായ സൃഷ്ടിയായ മറിയത്തെ ബഹുമാനിച്ചുകൊണ്ട് യേശുവിനെ അത്യധികമായി മഹത്വപ്പെടുത്തുന്നു. നാം മറിയത്തിന്റേതാകുന്നത് യേശുവിന്റേതാകുന്നതിനു തുല്യമാണ്.

**മാർഗ്ഗനിർദ്ദേശം:** ദൈവം എപ്പോഴും നമ്മുടെ മനസ്സിനോടല്ല ഹൃദയത്തോടാണ് സംസാരിക്കാനാഗ്രഹിക്കുന്നത്. മനസ്സ് സ്വന്തമായ കാര്യങ്ങളിൽ വ്യാപൃതമായിരിക്കുന്നു. പക്ഷെ, ഹൃദയം ആത്മാവിന്റെ വാതിലാണ്. ചുരുക്കത്തിൽ മറിയം ആവശ്യപ്പെടുമ്പോൾ നാം ഹൃദയം അമ്മയുടെ കൃപകൾ സ്വീകരി

ക്കുന്നതിനായി തുറന്നുകൊടുക്കുന്നു. പ്രതിഷ്ഠയിൽ നമ്മൾ അനുഭവിക്കുന്ന അമ്മയുടെ ഹൃദയസ്പന്ദനങ്ങൾ, അമ്മ സഹനത്തിലൂടെയും പരീക്ഷണങ്ങളിലൂടെയും നേടിയെടുത്ത ശക്തി നമുക്കു നൽകപ്പെടുന്നു. ഈ പ്രവൃത്തിയിലൂടെ നാം ആന്തരീകമായി രൂപാന്തരപ്പെടുന്നു. അങ്ങനെ നമ്മുടെ ദൈവം മറിയത്തോടു ചോദിച്ചതുപോലെ നമ്മുടെ ഹൃദയവും കൃപ സ്വീകരിക്കാൻ ഒരുക്കപ്പെടും.

മറിയം നമ്മോടാവശ്യപ്പെടുന്നത് അമ്മയുടെ വിമലഹൃദയത്തിലേക്കു നമ്മുടെ ശ്രദ്ധ കേന്ദ്രീകരിക്കാനാണ്. അതുവഴി അമ്മയുടെ സംരക്ഷണവും സ്നേഹാലിംഗനവും നമുക്കു ലഭിക്കുന്നു. നമ്മുടെ ദൈനംദിന ചുമതലകളിൽ അമ്മയുടെ വിമലഹൃദയത്തെ തേടുവാനും അമ്മയിൽ അഭയം കണ്ടെത്തുവാനും സാധിക്കുന്നു.

**ധ്യാനചിന്ത:** ഓ, മറിയത്തിന്റെ വിമലഹൃദയമെ, അങ്ങയുടെ വിമലഹൃദയത്തിൽ അഭയം കണ്ടെത്തുവാൻ ഞാൻ തീക്ഷ്ണമായി പ്രാർത്ഥിക്കുന്നു. എല്ലാ കാര്യങ്ങളിലും അങ്ങയെ തേടുവാനുള്ള കൃപയ്ക്കുവേണ്ടി ഞാൻ പ്രാർത്ഥിക്കുന്നു. അങ്ങയുടെ സംരക്ഷണയിലും നയിക്കപ്പെടലിലും എന്റെ ഐക്യദാർഢ്യവും ദിശാബോധവും കണ്ടെത്തുവാനിടയാകട്ടെ. പ്രിയ അമ്മെ, എന്റെ ചിന്തയിലും സംസാരത്തിലും പ്രവൃത്തിയിലും അങ്ങയുടെ ഹൃദയത്തെ അന്വേഷിക്കുവാൻ എന്നെ പഠിപ്പിക്കണമെ. അങ്ങയുടെ വിജയത്തിന്റെ ആനന്ദത്താൽ എന്റെ ഹൃദയത്തെ നിറയ്ക്കണമെ. അതുവഴി ദുരിതങ്ങളുടെ സമയത്ത് ആശ്വാസം കണ്ടെത്തട്ടെ. ഈ അലഞ്ഞുനടക്കുന്ന ആത്മാവിനെ അമ്മയുടെ ഹൃദയത്തിന്റെ ആഴങ്ങളിലേക്കു നയിക്കണമെ. അവിടെയാണല്ലോ പരി. ത്രിത്വത്തിന്റെ സ്നേഹവും ആശ്വാസവും കരുണയും അങ്ങ് എനിക്കു നൽകുന്നത്.

*'എന്തെന്നാൽ, ക്രിസ്തു നിങ്ങൾക്കുവേണ്ടി സഹിക്കുകയും നിങ്ങൾ അനുകരിക്കുന്നതിനുവേണ്ടി നിങ്ങൾക്കു മാതൃക നൽകുകയും ചെയ്തിരിക്കുന്നു.' 1 പത്രോ 2:21*

ദൈനംദിന പ്രാർത്ഥനകൾ ചൊല്ലുക.

## 21-ാം ദിവസം

**എ**ന്റെ മക്കളെ, എന്റെ പുത്രന്റെ ഹൃദയത്തിൽനിന്നും ആനന്ദം നിങ്ങൾക്കായി ഞാൻ കൊണ്ടുവരുന്നു. ഇതുവരെ പൂർത്തിയായ എല്ലാ കാര്യങ്ങളെക്കുറിച്ച് ആഹ്ലാദിക്കുന്നു. സ്വർഗ്ഗത്തിൽനിന്ന് ലഭിക്കുന്ന ഈ കൃപകളിൽ വിശ്വസ്തരായി നിലനിൽക്കുവിൻ. നാമെല്ലാവരും ഒന്നായിനിന്നാൽ ഒരു അഹങ്കാരത്തിനും ദൈവത്തിന്റെ പദ്ധതിയെ നശിപ്പിക്കാൻ സാധിക്കുകയില്ല.

സ്വർഗ്ഗത്തിൽനിന്ന് സമൃദ്ധമായി ദാനങ്ങളുമായിട്ടാണ് ഞാൻ വന്നിരിക്കുന്നത്. പിതാവായ ദൈവം എന്നെ അയച്ചിരിക്കുന്നത് അമൂല്യമായ കൃപകൾ ആത്മാവിലേക്ക് ചൊരിയാനായിട്ടാണ്. പരിശുദ്ധിയുടെ പരിവേഷവും പുണ്യങ്ങളുമായിട്ടാണ് ഞാൻ വന്നിരിക്കുന്നത്. തന്റെ ഹൃദയവുമായി എന്റെ മുമ്പിൽ മുട്ടുകുത്തുന്നവരെ ഓരോരുത്തരെയും ഈ കിരീടം ധരിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

ഈ ലോകത്തിൽ ഐക്യത്തിന്റെ അടയാളമായിരിക്കുവിൻ എന്ന് ഞാൻ നിങ്ങളോട് ആവശ്യപ്പെടുന്നു. പരിശുദ്ധ ത്രിത്വത്തിന്റെ അനന്തമായ അടയാളമാണത്. നിങ്ങളുടെ ഹൃദയം തന്നാൽ എനിക്കു എല്ലാം ചെയ്യാൻ സാധിക്കും.

ദൈവിക പദ്ധതി പൂർത്തീകരിക്കാൻ അവിടുന്നു എല്ലാം തരും. സമയം അതിക്രമിച്ചിരിക്കുന്നു എന്നു ഞാൻ നിങ്ങളോട് പറയുന്നു. ഈ ലോകത്തിനു ചിന്തിക്കാൻ പോലും പറ്റാത്തവിധം ഒരു രൂപാന്തരമാണ് സംഭവിക്കാൻ പോകുന്നത്. ഭൂമിയുടെമേൽ സ്വർഗ്ഗം തുറക്കപ്പെടാൻ പോകുന്ന സമയമാണത്. നരക കവാടങ്ങൾ അടക്കപ്പെടുകയും മാറ്റപ്പെടുകയും ചെയ്യും. നിങ്ങളുടെ ഹൃദയം ഞങ്ങളുടെ ഇരു ഹൃദയങ്ങളുമായുള്ള പരിശുദ്ധമായ സംലയനത്തിന്റെ സമയമാണ്. അനുരഞ്ജനം, ഐക്യം, സമാധാനം എന്നിവ സ്വീകരിക്കാനുള്ള എന്റെ ആഗ്രഹം നിങ്ങൾ സ്വീകരിക്കാൻവേണ്ടി ഞാൻ പ്രാർത്ഥിക്കുന്നു. ഇതാണ് എന്റെ ഹൃദയത്തിൽ നിങ്ങൾക്കായി കാത്തിരിക്കുന്നത്.

**നേർവഴി നയിക്കൽ:** ഇത് ദൈവീക കൃപയുടെ സമയമാണ്. ഇപ്പോൾ ദൈവത്തിന്റെ കരുണക്കടലിൽ മുങ്ങിക്കുളിക്കുവാനുള്ള സമയമാണ്. സ്നേഹമസൃണനും ആശ്ചര്യപ്പെടുത്തുന്നവനുമായ ദൈവം നമുക്ക് ഒരമ്മയെ തന്നിരിക്കുന്നു. അവിടുത്തേക്കറിയാം അമ്മയുടെ മാതൃസ്പർശനം എത്ര ലോലമാണെന്ന്. അവിടുത്തെ ജ്ഞാനം അപാരമാണ്. ഈ സമ്മാനം (പരി. മറിയം) നമുക്കു തരാൻവേണ്ടി ദൈവം തീരുമാനിച്ചുറച്ചു. യേശു തന്റെ അമ്മയുടെ പുഞ്ചിരിയിൽ പലപ്പോഴും ഹൃദയം അലിഞ്ഞുപോയിട്ടുണ്ട്. അമ്മയുടെ കരങ്ങളിൽ ആശ്വാസവും സംരക്ഷണവും വാക്കുകളിൽ ജ്ഞാനവും അവിടുന്ന് കണ്ടിട്ടുണ്ട്. എത്ര വലിയ സ്നേഹമാണ് അവിടുന്ന് നമ്മോട് കാണിക്കുന്നത്. നമ്മൾ വഴിതെറ്റിപ്പോകുമ്പോൾ നേർവഴി നടത്താൻ, സന്തോഷിക്കുമ്പോൾ പുഞ്ചിരിച്ചുകൊണ്ട് നമ്മുടെ സന്തോഷത്തിൽ പങ്കുചേരാനും, ദുഃഖത്തിൽ കണ്ണീരിനൊപ്പം തന്റെ കണ്ണീരൊഴുക്കാനും തന്റെ അമ്മയെ നമുക്ക് തന്നിരിക്കുന്നു. യേശുവിന്റെ സ്നേഹ സമ്മാനമാണ്, സ്നേഹത്തോടെ പഠിപ്പിക്കുന്ന അമ്മ. നമ്മുടെ യാത്രയിൽ നമ്മെ പരിപാലിക്കാൻ അമ്മ തന്റെ ഹൃദയം നമ്മോട് ചേർത്തുവച്ച് നമ്മോടൊപ്പം വരുന്നു. അമ്മയുടെ സുനിശ്ചിത വിജയത്തിലേക്ക് അമ്മ നമ്മെ മാടിവിളിക്കുന്നു. വിജയംവരിച്ച വിമലഹൃദയത്തിന്റെ ആഴങ്ങളിലേക്കു നമ്മെ വിളിക്കുന്നു. ഇതിലേക്കായി നമ്മുടെ പ്രതിഷ്ഠ 'അതെ'/Yes നമുക്കു സമർപ്പിക്കാം.

**മാർഗ്ഗനിർദ്ദേശം:** പ്രതിഷ്ഠയിൽ എന്നെന്നേക്കുമായുള്ള ഐക്യമാണ് നാം പ്രതിജ്ഞ ചെയ്യുന്നത്. ഈ ലക്ഷ്യത്തിനുവേണ്ടിയുള്ള ബലികളും നാം സ്വീകരിക്കുന്നു. ഇതിന്റെ ലക്ഷ്യം സത്യത്തിന്റെ പ്രകാശത്തിലേക്കാണ്. ആയതുകൊണ്ട് ഇത് രുചിയില്ലാത്തതും അവജ്ഞയോടെ വീക്ഷിക്കപ്പെടുന്നതുമാണ്. അന്ധകാരത്തിൽ കഴിയുന്നവർക്ക് ഒരു പ്രകാശമായിരിക്കാനാണ് നാം വിളിക്കപ്പെട്ടിരിക്കുന്നത്. അസത്യമായതിനെ തുറന്നു കാണിക്കേണ്ടവരാണ് നാം. മനസ്സില്ലാമനസ്സോടെയുള്ള നമ്മുടെ പരിശ്രമങ്ങൾ കാര്യമായ പ്രയോജനം കാണുകയില്ല. മറിയത്തിന്റെ വിമലഹൃദയത്തിന്റെ വിജയത്തിൽ ഉറച്ചതും വ്യതിചലിക്കാത്തതുമായ വിശ്വാസം നമുക്കു വേണം. ഇതിനുള്ള ഉറപ്പ് ഓരോ ദിവസവും നാം അന്വേഷിക്കണം.

**ധ്യാനചിന്ത:** ഓ മറിയത്തിന്റെ വിമലഹൃദയമെ, അങ്ങയുടെ സുനിശ്ചിത വിജയത്തിൽ ഞാൻ വിശ്രമം കണ്ടെത്തട്ടെ. ആത്മാവിലും മനസ്സിലും സമാധാനവും ഐക്യവും അനുരഞ്ജനവും സ്വീകരിക്കണമെ. ഈ ആഗ്രഹം പിതാവായ ദൈവത്തിന്റെ അടുത്തേക്ക് എത്തിക്കണമെ. അതിന്റെ വെളിച്ചത്താൽ തിന്മയുടെ ശക്തികൾ അന്ധരാകട്ടെ. നല്ല ഹൃദയമുള്ളവർക്ക് കൃപയും ലഭിക്കട്ടെ. പ്രിയ അമ്മെ എന്റെ ഹൃദയത്തെ തുറക്കണമെ. ഒരു അശുദ്ധിയും അവശേഷിക്കാൻ ഇടയാക്കരുതെ. വിജയം ആദ്യം എന്റെ ഹൃദയത്തിലും പിന്നീട് ആ കൃപ ലോകത്തിലേക്കും പകരുവാനും ഞാൻ പ്രാർത്ഥിക്കുന്നു.

*'ഇസ്രായേലിന്റെ ദൈവമായ കർത്താവേ, ഇന്ന് എനിക്കു ശക്തി തരണമെ' യൂദിത്ത് 13.17*

ദൈനംദിന പ്രാർത്ഥനകൾ ചൊല്ലുക.

## 22-ാം ദിവസം

**പ്രി**യ മക്കളെ, ഇപ്പോൾ മുമ്പത്തേക്കാളധികമായി ശ്രവിക്കാനും മനസ്സിലാക്കാനും തുടങ്ങുക. ഫാത്തിമായിൽ തുടങ്ങിവച്ചത് പൂർത്തീകരിക്കാൻ ദൈവം ആഗ്രഹിക്കുന്നു. മുമ്പൊരിക്കലും ഇല്ലാത്തവിധം സ്വർഗ്ഗീയ ശക്തി ഭൂമിയിലേക്കു ചൊരിഞ്ഞുകൊണ്ടിരിക്കുന്നു. ഉന്നതത്തിൽനിന്നു ചൊരിഞ്ഞുകൊണ്ടിരിക്കുന്ന അനുഗ്രഹങ്ങൾ ഓരോ ആത്മാവിനും പരമാവധി ലഭിക്കണമെന്നു ദൈവം ആഗ്രഹിക്കുന്നു. എന്റെ വിജയം ഇരുഹൃദയങ്ങളുടെ മൗതിക സംലയനമാണ്. ഇത് കാണുവാനോ കേൾക്കുവാനോ സാധിക്കുകയില്ല. അത് ആത്മാവിന്റെ ആഴങ്ങളിൽ സൃഷ്ടിക്കപ്പെടുന്നതുവഴി അനുഭവിക്കാൻ മാത്രമെ സാധിക്കുകയുള്ളൂ. മുമ്പത്തേക്കാളധികമായി നിന്റെ ഹൃദയം എനിക്കാവശ്യമാണ്. ഹൃദയം തുറന്നു കാത്തിരിക്കുന്ന മക്കൾക്കായി നീ ഒരു കൃപയുടെ നീർച്ചാലായി മാറണം.

കൃപയുടെ തിരമാല വന്നു ആത്മാവിനെ പൂർണ്ണമായി ആവൃതമാക്കും. ഒരുവൻ ആത്മാർത്ഥമായി ആഗ്രഹിച്ചാലേ എല്ലാ അശുദ്ധിയും കഴുകപ്പെടുകയുള്ളൂ. ആത്മാവിനു അഭിവൃദ്ധി പ്രാപിക്കാനും പുണ്യങ്ങളിൽ വളരാനും ഹൃദയത്തിന്റെ ആഴങ്ങളിൽ നിന്നും 'അതെ'/Yes എന്ന ഒരു വാക്ക് ഉച്ചരിച്ചാൽ മതി. എന്റെ വിമലഹൃദയപ്രതിഷ്ഠ എന്ന പിതാവായ ദൈവത്തിന്റെ ഇഷ്ടത്തിലേക്ക് ഓരോ ആത്മാവിനെയും ഞാൻ ക്ഷണിക്കുന്നു. അങ്ങനെ ചെയ്യുമ്പോൾ ആ ആത്മാവ് എന്നിലേക്ക് തുറക്കപ്പെടുന്നതിനേക്കാൾ അധികമായി ദൈവത്തിലേക്ക് തുറക്കപ്പെടും എന്നുള്ളതാണ് പരമപ്രധാനം. ദൈവത്തിന്റെ ഈ ശക്തമായ അഭ്യർത്ഥന ഒരാത്മാവുപോലും തിരസ്കരിക്കാനിടയാകാതിരിക്കട്ടെ. ഭൂമിയിലെ ജനക്കൂട്ടങ്ങൾ ഗാഢമായ ഈ പരിശുദ്ധ ഐക്യത്തിലേക്ക് കടന്നുവരണമെന്നാണ് പിതാവായ ദൈവത്തിന്റെ അതിയായ ആഗ്രഹം. ജനലക്ഷങ്ങൾ ഒരേ സ്വരത്തിൽ ജാതിമതഭേദമെന്യേ ആഗോളതലത്തിൽ എന്റെ വിമലഹൃദയ പ്രതിഷ്ഠ നടത്തി എന്റെ മാതൃആലിംഗനം അനുഭവിക്കട്ടെ.

**നേർവഴി നയിക്കൽ:** ഹൃദയങ്ങളുടെ മൗതിക സംലയനമാണ് വിമലഹൃദയ പ്രതിഷ്ഠ. ഈ ഐക്യം മാനസാന്തരപ്പെടുത്തുകയും രൂപാന്തരപ്പെടുത്തുകയും ചെയ്യുന്നു. പ്രതിഷ്ഠയിൽ കൃപയുടെ തീവ്രമായ ഒഴുക്കാണ് ആത്മാവിലേക്ക് പ്രവഹിക്കുന്നത്. അതുകൊണ്ട് ആത്മാവിനു മാറ്റം വരാതിരിക്കാൻ സാദ്ധ്യതയില്ല. പുണ്യങ്ങളുടെ ഒരു തിരമാലതന്നെ ആത്മാവിലേക്ക് അടിച്ചുകയറി അതിനെ പൊതിഞ്ഞു, അമ്മയുടെ ലോലമായ ആഗ്രഹങ്ങൾക്കനുസരിച്ച് ദൈവത്തെ പ്രസാദിപ്പിക്കാനുള്ള തീക്ഷ്ണമായ ആഗ്രഹം അതിൽ ജനിക്കുന്നു. ഈ പരിശുദ്ധ സംലയനത്തിൽ യേശുവിന്റെ അമ്മയുടെ ഹൃദയത്തിലൂടെ ദൈവശുശ്രൂഷക്കായി നാം മാറ്റിവെക്കപ്പെടുന്നു. യേശുവിന്റെ ഭരണം പരി.മറിയത്തിന്റെ വിജയത്തോടുകൂടിയാണു സംജാതമാകുന്നതെന്ന് നമുക്കറിയാമല്ലോ. അവരുടെ ഇരുഹൃദയങ്ങളുടെ ഐക്യത്തിനാണല്ലോ നമ്മൾ പരിശ്രമിക്കുന്നത്. നമ്മുടെ ഹൃദയം മറിയത്തിന്റെ ഹൃദയവുമായി ഗാഢമായി ഐക്യപ്പെടുമ്പോൾ ഇരുഹൃദയങ്ങളുടെ ഐക്യത്തിലേക്ക് നാം സംവഹിക്കപ്പെടുന്നു. ദൈവികസ്വഭാവത്തിന്റെ ഐക്യം ഇങ്ങനെ സൃഷ്ടിക്കപ്പെടുന്നു. നമ്മൾ പരി.മറിയത്തിന്റെ വിമലഹൃദയവുമായി ഐക്യപ്പെട്ടിരിക്കുമ്പോൾ, മറിയത്തിനു സമർപ്പിക്കപ്പെട്ടിട്ടുള്ള ആത്മാക്കളുമായി നാം ഐക്യത്തിലാകുന്നു. മറിയത്തിന്റെ മാതൃഹൃദയത്തിലൂടെ സാർവത്രിക ഐക്യത്തിനു നാം ഭാഗഭാക്കുകളാകുന്നു.

**മാർഗ്ഗനിർദ്ദേശം:** അത്യധിക ഗൗരവത്തോടെവേണം നാം പ്രതിജ്ഞയിൽ വ്യാപരിക്കാൻ. ഈ സമൃദ്ധമായ കൃപകൾ നന്ദിയോടെയും കൃതജ്ഞതാപൂർണ്ണമായ ഹൃദയത്തോടെയും നാം സ്വീകരിക്കണം. നമ്മൾ ഓരോ ദിവസവും അന്നന്നത്തെ എല്ലാ പ്രവൃത്തികൾക്കും മറിയത്തിന്റെ സഹായം തേടിക്കൊണ്ട് പ്രതിഷ്ഠ നവീകരിക്കണം. മറിയത്തിന്റെ വിജയത്തിനായി കാത്തിരിക്കുന്ന എല്ലാ ആത്മാക്കളോടും മറിയത്തിനോടുള്ള ഭക്തിയെയും പ്രതിഷ്ഠയെയും കുറിച്ച് അറിയിക്കാൻ ഓരോ ദിവസവും നാം ശ്രദ്ധിക്കണം. ആഗോളതലത്തിലുള്ള മറിയത്തിന്റെ വിളിക്കുള്ള പ്രത്യുത്തരം നൽകാൻ നാം വിളിക്കപ്പെട്ടവരാണ്. എല്ലാ ഹൃദയങ്ങളെയും ഐക്യപ്പെടുത്താനുള്ള പരി.മറിയത്തിന്റെ ആഗ്രഹത്തെ ഇതുവഴിയായി മറ്റുള്ളവരെ അറിയിക്കണം. ലോകമെമ്പാടുമുള്ള മുഴുവൻ മനുഷ്യകുലത്തിനുള്ള സാർവത്രിക വിളിയാണ് മറിയത്തിന്റേത്. നമ്മുടെ ആത്മാവ് മുഴുവനായി ദൈവമഹത്വത്തിനായി സമർപ്പിക്കപ്പെട്ടതാണെങ്കിൽ നമ്മുടെ

പ്രതിഷ്ഠയുടെ ദിവസം വിജയത്തിന്റെയും അത്യന്തം ആഹ്ലാദത്തിന്റെയും ദിനമായിരിക്കും. മറ്റൊരു ആത്മാവിനെ ഈ ഉയരത്തിലേക്ക് കൊണ്ടുവരാൻ നാം സ്വയം വിശുദ്ധീകരിക്കപ്പെടുകയും ബലിയാക്കുകയും ചെയ്യണം.

**ധ്യാനചിന്ത:** ഓ മറിയത്തിന്റെ വിമലഹൃദയമെ, ആത്മാർത്ഥതയും വിശുദ്ധിയും നിസ്സാരതയും എന്ന പുണ്യങ്ങൾകൊണ്ട് എന്റെ ആത്മാവിനെ നിറയ്ക്കണമെ. ഈ കൃപകളിലൂടെ മാത്രമെ പ്രതിഷ്ഠയിലെ നിഷ്കളങ്കത നിലനിർത്താൻ എനിക്കു സാധിക്കുകയുള്ളു. അമ്മയുടെ വിളിക്കുള്ള സത്യസന്ധമായ പ്രതികരണം നിലനിർത്താൻ എന്നെ സഹായിക്കണമെ. ഞാൻ കണ്ടുമുട്ടുന്നതിലെല്ലാം അമ്മയുടെ ഹൃദയത്തിന്റെ ദാനങ്ങൾ ലഭിക്കുമാറാകട്ടെ. പ്രിയ അമ്മെ, അങ്ങുമായുള്ള ഐക്യത്തിൽ എനിക്കു ലഭിച്ച അനുഗ്രഹങ്ങൾ മറ്റുള്ളവർക്കു പങ്കിടാനുള്ള കൃപ എനിക്കു നൽകണമെ. പ്രശാന്തതയിലേക്കുള്ള എന്റെ പ്രയാണത്തെ തുടർന്നും നയിക്കണമെയെന്നും അങ്ങയുടെ വിമലഹൃദയത്തോട് അപേക്ഷിക്കുന്നു.

*'നിങ്ങൾ അളക്കുന്ന അളവുകൊണ്ട് തന്നെ നിങ്ങൾക്കും അളന്നുകിട്ടും.' മത്താ.7:12*

ദൈനംദിന പ്രാർത്ഥനകൾ ചൊല്ലുക.

## 23-ാം ദിവസം

**എ**ന്റെ മക്കളെ, നിന്നിൽ നിക്ഷേപിച്ചിരിക്കുന്ന എന്റെ അപേക്ഷയുടെ നിർദ്ദേശങ്ങളും നിന്റെ ഹൃദയത്തിലെ നിയോഗങ്ങളും നിനക്ക് ഉറപ്പ് തരാനാണ് ഞാൻ വന്നിരിക്കുന്നത്. പ്രിയ മക്കളെ, എന്റെ ഏക ലക്ഷ്യം എല്ലാ ഹൃദയങ്ങളെയും ഐക്യത്തിലേക്ക് കൊണ്ടുവരിക എന്നുള്ളതാണ്. ഇത് കേവലം എന്റെ നാമത്തിലോ ഒരു പ്രദേശത്തോ ഒതുങ്ങി നിൽക്കുന്നതല്ല. എന്റെ വിമലഹൃദയ പ്രതിഷ്ഠയിലൂടെ എല്ലാവരേയും എന്റെ പുത്രന്റെ സ്നേഹാലിംഗനത്തിലേക്ക് നയിക്കാനാണ് ഞാൻ സ്വർഗ്ഗത്തിൽ നിന്ന് അയക്കപ്പെട്ടിരിക്കുന്നത്. എല്ലാവരുടെയും പരിശ്രമങ്ങളും ഞാൻ സഫലമാക്കും. പക്ഷെ നിങ്ങളുടെ ഹൃദയം എനിക്കു തരണം. എന്റെ വിമലഹൃദയത്തിന്റെ സുനിശ്ചിത വിജയത്തിന്റെ പതാകയ്ക്കുള്ളിൽ എന്റെ മക്കളോടു ചേർത്ത് നിങ്ങളെ നിർത്താൻ ഞാൻ ആഗ്രഹിക്കുന്നു. എന്റെ ഹൃദയം ഈ ലോകത്തിന്മേൽ ഉണ്ടാക്കുന്ന ആഘാതം എന്തുമാത്രമാണെന്ന് നിനക്കറിയില്ല. അതുകൊണ്ടാണ് ഞാൻ നിങ്ങൾ ഒരുമിച്ചു വരാൻ അപേക്ഷിച്ചത്. ഞാൻ നിന്റെമേൽ ചൊരിയാനാഗ്രഹിക്കുന്ന കൃപ സ്വീകരിക്കൂ, നിന്റെ അഭയമായി ഞാനിതാ വന്നിരിക്കുന്നു.

**നേർവഴി നയിക്കൽ:** ഇതിനു മുമ്പൊരിക്കലും നൽകിയിട്ടില്ലാത്ത ഒരു ദൈവവിളിക്കായിട്ടാണു പരി. മറിയം തന്റെ വിമലഹൃദയത്തിൽ നമ്മെത്തന്നെ പ്രതിഷ്ഠിക്കാൻ നമ്മളോടു അപേക്ഷിക്കുന്നത്. നമ്മുടെ ഹൃദയത്തിലൂടെ സ്വർഗ്ഗീയ കൃപകൾ ചൊരിയാൻ വേണ്ടി നമ്മുടെ ഹൃദയങ്ങൾ തുറക്കാൻവേണ്ടി പരി. മറിയം ആവശ്യപ്പെടുന്നു. ദൈവം ഈ ദിനങ്ങളിൽ നമ്മെ അറിയിക്കാൻ ആഗ്രഹിക്കുന്നതിന്റെ ഗൗരവമെന്താണെന്ന് പരിശുദ്ധ മറിയത്തിന്റെ സ്വരത്തിന്റെ ഗാംഭീരതയിൽനിന്നും നമുക്ക് മനസ്സിലാക്കാൻ സാധിക്കും. ഈ വിളിയുടെ ആഴങ്ങൾ മനസ്സിലാക്കാൻ നമുക്കു സാധിക്കുകയില്ല. ഈ കാലഘട്ടത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് അമ്മ സംസാരിക്കുന്നു. ഈ കൃപയുടെ കാലഘട്ടത്തിലും മുമ്പൊരിക്കലും നൽകിയിട്ടില്ലാത്ത സ്വർഗ്ഗീയ കൃപകൾ ചൊരിയുന്നത് നാം കാത്തിരിക്കുന്നു. ഒരു മടിയുമില്ലാതെ, നിരുപാധികം മുഴുവനായി അമ്മയുടെ മാതൃസംരക്ഷണത്തിലേക്ക് സമർപ്പിക്കാൻ അമ്മ ആവശ്യപ്പെടുന്നു. മുൻകാലങ്ങളിലും നമ്മുടെ ഈ കാലഘട്ടത്തിലും നൽകിയതിനേക്കാൾ അധികം അനുഗ്രഹങ്ങൾക്കായി നാം കാത്തിരിക്കുന്നു.

**മാർഗ്ഗനിർദ്ദേശം:** പ്രതിഷ്ഠയിലൂടെ നമ്മുടെ ദുർബലമായ ഹൃദയങ്ങൾക്കു ദൈവത്തിന്റെ ആഗ്രഹങ്ങൾ അന്വേഷിക്കാനും പൂർത്തിയാക്കാനും സാധിക്കും. മാർഗ്ഗനിർദ്ദേശം നേടുവാനും നേർവഴി നയിക്കപ്പെടുവാനും ദിവ്യകാരുണ്യസന്നിധിയിൽ നാം അഭയം തേടണം. തന്റെ ദൈവികസാന്നിദ്ധ്യത്തിൽ അവിടുത്തെ പരിശുദ്ധ ഹിതത്തിനു മുമ്പിൽ നമ്മെത്തന്നെ സമർപ്പിക്കാം. പ്രതിഷ്ഠയിൽ നമ്മുടെ ആത്മാവിലും മനസ്സിലും നൽകപ്പെട്ട ദൈവികചൈതന്യത്തെ നമുക്ക് ധ്യാനിക്കാം.

എത്ര ഉയരത്തിലേക്കാണു നമ്മുടെ ആത്മാവ് പറക്കേണ്ടത്? സ്വർഗ്ഗത്തിലെ മഹത്വത്തിലേക്കാണ് നാം ക്ഷണിക്കപ്പെട്ടിരിക്കുന്നത്. അങ്ങനെ ദൈവത്തിന്റെ വിശുദ്ധമായ ആലിംഗനത്തിനു നമ്മുടെ ഹൃദയത്തെ സമർപ്പിക്കാം. സന്തോഷത്തിലും ദുഃഖത്തിലും നമ്മുടെ ആത്മാക്കളെ മഹത്വീകരിക്കപ്പെടാൻ നാം വിട്ടുകൊടുക്കണം. സ്വന്തം ഇഷ്ടത്തെ ചെറുത്ത്, ശൂന്യവൽക്കരിക്കരണത്തിലൂടെ നമ്മുടെ ആത്മാക്കളെ ദൈവത്തിന്റെ കൽപ്പനകൊണ്ട് നിറയ്ക്കണം. പ്രതിഷ്ഠയിലൂടെയുള്ള പ്രായോഗിക ജീവിതത്തിൽ കൃപകളും പുണ്യങ്ങളും വളരുന്നതും ദൈവം നമ്മളിൽ നിക്ഷേപിച്ച നിഷ്കളങ്ക ആത്മാവിനേയും നാം കാണണം.

**ധ്യാനചിന്ത:** ഓ മറിയത്തിന്റെ വിമലഹൃദയമെ, അങ്ങയുടെ മാതൃആലിംഗനത്തിലൂടെ എന്റെ ആത്മാവിനെ ദൈവത്തിൽ ലയിപ്പിക്കണമെ. കൃപാപൂരിതയായ അമ്മെ, ധ്യാനത്തിലൂടെ പുണ്യങ്ങൾ വളർത്തി അങ്ങയെ അനുകരിക്കാൻ എനിക്കു കൃപ നൽകണമെ. ദൈവത്തിന്റെ പദ്ധതികൾ ആഴത്തിൽ മനസ്സിലാക്കുവാൻ എന്റെ ഹൃദയത്തെ പ്രോജ്ജ്വലിപ്പിക്കണമെ. സത്യത്തിനും നീതിക്കും വേണ്ടിയുള്ള ആഴമായ ആഗ്രഹം എന്നിൽ ജനിപ്പിക്കണമെ. ദൈവം തരുന്ന വിശ്രമത്തിന്റെ ഉയരങ്ങളിലേക്കു പറന്നുയരാൻ എന്റെ ആത്മാവിനെ ഉണർത്തേണമെ. ഭൂമിയിൽ നിന്നും ഉയർന്നുനിന്ന് ഞാൻ സ്വർഗ്ഗത്തിന്റേതായി മാറുവാൻ എന്റെ പ്രിയ അമ്മെ എന്നെ ധൈര്യപ്പെടുത്തണമെ.

*'അങ്ങയുടെ വചനം എന്റെ പാദത്തിനു വിളക്കും പാതയിൽ പ്രകാശവുമാണ്.' സങ്കീ. 119 : 105*

ദൈനംദിന പ്രാർത്ഥനകൾ ചൊല്ലുക.

## 24-ാം ദിവസം

**പ്രി**യ മക്കളെ, എന്റെ വിമലഹൃദയത്തിനു പ്രതിഷ്ഠ ചെയ്യുന്നതാണ് നിങ്ങളുടെ ജീവിതകാലത്ത് നിങ്ങൾ എനിക്കു തരുന്ന ഏറ്റവും വലിയ സമ്മാനം. ഈ സമ്മാനത്തിലൂടെയാണ് എന്റെ പുത്രനിൽനിന്നും നിങ്ങൾക്കുള്ള സമ്മാനം ഞാൻ വാങ്ങിത്തരുന്നത്.

സാധാരണ നമ്മുടെ സ്വഭാവത്തിൽ 'എന്തുകൊണ്ട്' എന്നൊരു ചോദ്യം ദൈവേഷ്ടത്തിനെതിരെ ഉണ്ടാകുന്നതിനുള്ള ഏക മറുപടിയാണ് ആത്മാർത്ഥതയോടെയുള്ള 'അതെ'/Yes അതു എല്ലാ പ്രാർത്ഥന കളുടെയും ഉത്തരമാണ്. 'എങ്ങനെ' എന്നാണു നാം പ്രതികരിക്കേണ്ടത്. അപ്പോൾ ദൈവം എല്ലാ പ്രശ്നങ്ങൾക്കും പരിഹാരം വെളിപ്പെടുത്തിത്തരും.

യേശുവിന്റെ തിരുഹൃദയത്തിന്റെ ഇഷ്ടങ്ങൾ നിറവേറ്റുന്നതിലൂടെ എന്റെ വിമലഹൃദയത്തിന്റെ അനു കരണമാകും. വിശുദ്ധിയിലായിരിക്കുകയും പുണ്യങ്ങൾ ശീലിക്കുകയും ചെയ്തു കൃപയിൽ പൂരിതരാ വുകയും ചെയ്ത് എന്റെ ഹൃദയത്തിന്റെ പ്രതിബിംബമാകുക.

ദൈവം എനിക്കു തന്ന എല്ലാ കൃപകളും നിങ്ങളുടെ ഹൃദയം എനിക്കു തന്നാൽ ഞാൻ വാഗ്ദാനം ചെയ്യുന്നു. ഇതിനെ നിങ്ങൾ നിത്യമായി എന്റെ സംരക്ഷണയിൽ വിടുക എന്നതാണ് 'അതെ' എന്നു കൊണ്ട് ദൈവം ആഗ്രഹിക്കുന്നത്. നിത്യതവരെയായതുകൊണ്ട് അത് എല്ലാ ദിവസവും നവീകരിക്ക ണം. ഞാൻ അവർക്കു നൽകാനിരിക്കുന്ന കൃപകളെക്കുറിച്ച് എല്ലാവരോടും പോയി പറയുവിൻ.

**നേർവഴി നയിക്കൽ:** നമ്മുടെ അമ്മയുടെ മാതൃസംരക്ഷണത്തിൽ നമ്മുടെ ഹൃദയങ്ങളെ സമർപ്പി ക്കാൻ നാം ഓർക്കണം. നമുക്ക് അമ്മയുടെ വിജയിക്കുന്ന വിമലഹൃദയത്തെക്കുറിച്ച് അധികം അറിയില്ല. അളവുകളില്ലാത്തവിധം വിജയിക്കുന്ന ഇരുഹൃദയങ്ങളുടെ ആഘോഷങ്ങളിലേക്കാണു നിങ്ങൾ ക്ഷണി ക്കപ്പെട്ടിരിക്കുന്നത്.

മറിയത്തിന്റെ വിമലഹൃദയവും നമ്മുടെ ഹൃദയവും തമ്മിലുള്ള ഈ കൂട്ടുകെട്ട് മഹാദുരിതവും അതിയായ ആഹ്ലാദവും കൊണ്ടുവരുന്നു. നമ്മളിലൂടെ പിതാവായ ദൈവത്തിന്റെ ഇഷ്ടം പൂർത്തീകര ണത്തിലേക്കു കൊണ്ടുവരുന്നു. ഇത് 'എങ്ങനെ' സംഭവിക്കും എന്നാണു നാം ചോദിക്കേണ്ടത്. നമ്മുടെ പ്രതിഷ്ഠയിൽ 'എന്തുകൊണ്ട്' എന്ന ചോദ്യം നാം എടുത്തുമാറ്റുന്നു. ദൈവത്തിന്റെ തിരുവിഷ്ടം നിറ വേറ്റാൻ നമ്മുടെ ഹൃദയത്തിന്റെ ആത്മാർത്ഥതയുടെ ആഴങ്ങളിൽനിന്നു നാം അനുവദിക്കുന്നു. ദൈവ ത്തിന്റെ രാജകീയ ഹൃദയത്തിന്റെ പ്രതിബിംബമായി ആനന്ദത്തിൽ നിങ്ങൾ വിരാജിക്കണം.

**മാർഗ്ഗനിർദ്ദേശം:** പ്രതിഷ്ഠയിലെ പ്രലോഭനങ്ങൾ വഴി ലഭിക്കുന്ന സഹനങ്ങളെപ്രതി സ്വയം ആശ്വാസം കണ്ടെത്തും. കുരിശുകളെ ക്ഷമയോടുകൂടെ സ്വീകരിക്കുമ്പോൾ ആ സഹനങ്ങൾ കൃപകളായി മാറും. സ്വർഗ്ഗം സ്വന്തമാക്കാൻ ഭൂമിയിലെ നമ്മുടെ അദ്ധ്വാനം തീരെ കുറവാണ്. ഭൂമിയിൽ ആയിരിക്കുമ്പോൾ നമുക്കു ലഭിക്കുന്ന എല്ലാ സഹനങ്ങളും കൂടി ചേർന്നാലേ സ്വർഗ്ഗത്തിലെ ഒരു നിമിഷത്തെ ആനന്ദമാകു കയുള്ളു. ദൈവം അനുവദിക്കുന്ന സഹനങ്ങളെ എന്തുമാത്രം നാം സ്വീകരിക്കുന്നുവോ അതനുസരിച്ചു നിത്യാനന്ദം അനുഭവിക്കാൻ നമുക്കു സാധിക്കും. ദൈവം പരീക്ഷണങ്ങൾ അയക്കുമ്പോൾ നാം നഷ്ട ധൈര്യരാകരുത്. പകരം അതു ആത്മാവിനു ആശ്വാസമാകണം. കൂടുതൽ കൃപയോടുകൂടി നിത്യജീവ നിൽ പ്രവേശിക്കുന്നുവോ അവർക്ക് വലിയ സമ്മാനങ്ങൾ ലഭിക്കും. ഇതിലേക്കായിട്ടാണ് ദൈവം ദുരി തങ്ങൾ അനുവദിക്കുന്നത്. കൃപകൾ ലഭിക്കാനുള്ള അടിസ്ഥാനമാണ് പുണ്യങ്ങൾ. എന്നാൽ അത് പ്രവൃ ത്തികൊണ്ട് നേടിയെടുക്കണം. കൂടുതൽ പരീക്ഷണങ്ങൾ ലഭിക്കുന്നവർക്ക് ക്ഷമ പരിശീലിക്കാൻ സാധി ക്കുന്നു. അവഹേളിക്കപ്പെടുന്നവർക്ക് എളിമപ്പെടാനുള്ള അവസരങ്ങളും. മാരകരോഗങ്ങൾ ക്ഷമയോ ടെയും സമാധാനത്തോടെയും സഹിക്കുന്നവർ ഭാഗ്യവാന്മാർ, എന്തുകൊണ്ടെന്നാൽ അവർക്ക് മഹത്വ ത്തിന്റെ കിരീടം ലഭിക്കും. ഈ ആത്മാക്കൾക്ക് പരിശുദ്ധിയുടെ പൂച്ചെണ്ടും പുണ്യങ്ങളുടെ മുത്തുമാല കളും ലഭിക്കും. മറിയത്തിന്റെ വിമലഹൃദയത്തിന്റെ സുനിശ്ചിത വിജയം സ്വർഗ്ഗത്തിലെ എല്ലാ കൃപകളും നേടിത്തരും.

**ധ്യാനചിന്ത:** ഓ മറിയത്തിന്റെ വിമലഹൃദയമെ, എന്റെ സ്നേഹത്തെ പരീക്ഷിക്കാനുള്ള ദൈവത്തിന്റെ പരീക്ഷണം അതിജീവിക്കാൻവേണ്ടി ഞാൻ പ്രാർത്ഥിക്കുന്നു. സ്വർഗ്ഗീയ കൃപകൾ എന്റെ മനസ്സിൽ തളം കെട്ടി കിടക്കട്ടെ. പരിശുദ്ധ സ്നേഹത്തിന്റെ തീജ്വാലകൾ സ്വർഗ്ഗീയ മഹത്വത്തിലേക്കു എന്നെ നയിക്കട്ടെ. മാലാഖമാരെ അയയ്ക്കണമെ പ്രിയ അമ്മേ. ഈ പ്രതിഷ്ഠിക്കപ്പെട്ട ആത്മാവിനെ സംരക്ഷിക്കണമെ. നിന്റെ കരുണാമയമായ സംരക്ഷണത്തിനു എന്നെത്തന്നെ വിട്ടുതരുന്നു. നിന്റെ സന്താനമായിരിക്കാൻ മാത്രമെ ഞാനാഗ്രഹിക്കുന്നുള്ളു. എന്റെ ആത്മാവിനെ നിന്റെ മേലങ്കിക്കുള്ളിൽ കാക്കണമെ. പരിശുദ്ധ കന്യകെ, നിന്നിൽ അഭയം തേടുവാനും ആശ്രയിക്കുവാനും എന്നെ സഹായിക്കണമെ.

*'നമുക്കു വെളിപ്പെടാനിരിക്കുന്ന മഹത്വത്തോടു തുലനം ചെയ്യുമ്പോൾ ഇന്നത്തെ കഷ്ടതകൾ നിസ്സാരമാണെന്ന് ഞാൻ കരുതുന്നു' റോമ 8:18*

ദൈനംദിന പ്രാർത്ഥനകൾ ചൊല്ലുക.

## 25-ാം ദിവസം

**പ്രി**യ മക്കളെ, പ്രത്യേകമാംവിധം മാനസാന്തരത്തിലേക്കു വിളിക്കാനാണു ഞാൻ വന്നിരിക്കുന്നത്. എന്റെ തിരുനാൾ ദിവസങ്ങളിൽ നിങ്ങൾ വിമലഹൃദയ പ്രതിഷ്ഠ നടത്തണം. കാരണം ആത്മായരെന്ന നിലയിൽ നിങ്ങൾ എന്റെ പുത്രനെ അമൂല്യമാംവിധം മഹത്വപ്പെടുത്തും. യേശു ആദ്യം എന്റെ ഹൃദയമാണു അവതരിക്കാൻ തിരഞ്ഞെടുത്തത്. ഇപ്പോൾ നിങ്ങളെ അവിടുന്ന് ക്ഷണിക്കുന്നു. അവിടുന്ന് ആദ്യമായി മനുഷ്യന്റെ മാംസത്തെ സ്പർശിച്ചടുത്തേക്ക് വന്നാൽ അവിടുത്തെ കണ്ടെത്താൻ സാധിക്കും. ഇവിടെ യേശു ജന്മംകൊണ്ടത് എന്റെ ഹൃദയത്തിൽനിന്നും രക്തം ഗർഭപാത്രത്തിലേക്കു ഒഴുകിയപ്പോഴാണ്. അവിടുന്ന് മാംസം ധരിക്കുന്നതിനുമുമ്പ് കാത്തിരുന്നതുപോലെ ഇപ്പോൾ വിമലഹൃദയത്തിൽ നിങ്ങളെ കാത്തിരിക്കുന്നു.

ഈ അഭയത്തിലേക്കു നിങ്ങൾ കടന്നുവരൂ. അങ്ങനെ നിങ്ങളെ എന്റെ ഗർഭപാത്രത്തിലേക്കു കൊണ്ടുപോയി ഞാൻ നിങ്ങൾക്ക് അമ്മയും നിങ്ങൾ എനിക്ക് അമൂല്യരായ മക്കളുമായിത്തീരും.

**നേർവഴി നയിക്കൽ:** എല്ലാ കൃപകളും ദാനങ്ങളും മറിയത്തിലൂടെ നമുക്കു ലഭിക്കാൻവേണ്ടി അതിന്റെ സൂക്ഷിപ്പുകാരിയും ഭരണവും വിതരണവും പരിശുദ്ധത്രിത്വം പരി.മറിയത്തെ ഏൽപ്പിച്ചിരിക്കുന്നു. പുത്രന്റെ പുണ്യങ്ങളും പരിശുദ്ധാത്മാവിന്റെ ദാനങ്ങളും അമ്മ ആഗ്രഹിക്കുന്നവർക്ക്, ആഗ്രഹിക്കുന്നവിധം നൽകുന്നു.

പ്രകൃതി നിയമമനുസരിച്ച് ഒരു ശിശുവിനു പിതാവും മാതാവും വേണം. അതുപോലെതന്നെയാണ് ദൈവികസ്വഭാവത്തിലും. ഒരു ശിശു ദൈവത്തെ പിതാവായും പരി.മറിയത്തെ മാതാവായും സ്വീകരിക്കുന്നു. തിരഞ്ഞെടുക്കപ്പെട്ടവരുടെ ശിരസ്സും രാജാവുമായ യേശുവിനു ജന്മംകൊടുത്തതു പോലെ യേശുവിന്റെ ശരീരത്തിലെ അവയവങ്ങളായ പ്രജകൾക്കു പരി.മറിയം ജന്മം കൊടുക്കുന്നു. ദൈവവുമായി ഒന്നാകണമെന്നാഗ്രഹിക്കുന്നവർ കൃപയാൽ മറിയത്തെ അമ്മയായി സ്വീകരിക്കണം. ഇതുവഴിയായി പരി.മറിയം ദൈവത്തിന്റെ കൃപകൾ മക്കളിലേക്കു ഒഴുക്കിക്കൊണ്ടിരിക്കുന്നു.

പരി.കന്യകാമറിയം പരിശുദ്ധാത്മാവിന്റെ മണവാട്ടിയായതുകൊണ്ട് പരിശുദ്ധാത്മാവ് പരിശുദ്ധ മറിയത്തോടൊപ്പം, മറിയം വഴിയായും, മറിയത്തിലൂടെയും പ്രവർത്തിക്കുന്നു. വചനം മാംസം ധരിച്ച യേശുക്രിസ്തുവാണു പരിശുദ്ധാത്മാവിന്റെ ഏറ്റവും ശ്രേഷ്ഠമായ ദൈവികമായ പ്രവർത്തി. മറിയത്തിലും മറിയംവഴിയായും തിരഞ്ഞെടുക്കപ്പെട്ടവരെ പരിശുദ്ധാത്മാവു തുടർന്നും രൂപപ്പെടുത്തിക്കൊണ്ടിരിക്കുന്നു. എങ്ങനെ ഒരു ശിശു അമ്മയിൽനിന്നും ആവശ്യമായിട്ടുള്ളതെല്ലാം വലിച്ചെടുക്കുന്നുവോ അതുപോലെ തന്നെ മക്കളെന്ന നിലയിൽ എല്ലാ കൃപകളും നമ്മുടെ പരി.അമ്മയിൽനിന്നും വലിച്ചെടുക്കുന്നു.

**മാർഗ്ഗനിർദ്ദേശം:** നമ്മൾ എല്ലാ അഭയവും മറിയത്തിൽ തേടുമ്പോൾ, മറിയത്തിന്റെ ഗർഭപാത്രത്തിൽ പ്രവേശിക്കുകയും, യേശുക്രിസ്തുവിന്റെ പ്രകാശത്തിലേക്ക് വീണ്ടും ജനിക്കുകയും ചെയ്യുന്നു. ഈ പ്രകാശധാരയിലേക്കു അമ്മയുടെ പരിപാലനയിൽ നയിക്കപ്പെടുന്നു. അമ്മയുടെ ലോലമായ മാതൃസംരക്ഷണത്തിലൂടെ പരിശുദ്ധിയിലേക്കുള്ള ശരിയായ വഴിയിൽ നടത്തപ്പെടുകയും ചെയ്യുന്നു. അമ്മയുടെ വിമലഹൃദയത്തിൽ ആശ്രയിക്കുകയും പ്രതിഷ്ഠയിൽ നമ്മുടെ അസുരക്ഷിതാവസ്ഥയും ബലഹീനതകളും അമ്മയ്ക്ക് നൽകുന്നു. ഓരോ ദിവസവും നമ്മൾ നമ്മുടെ ഹൃദയം അമ്മയ്ക്ക് നൽകുന്നു. അപ്പോൾ അമ്മയ്ക്ക് നമ്മളെ നയിക്കാനും നമ്മുടെ ബുദ്ധിമുട്ടുകളിൽ ആനന്ദം തരുവാനും സാധിക്കും. അവസാനമായി അമ്മയുടെ ശുശ്രൂഷയ്ക്കായി പൂർണ്ണമായി നമ്മെത്തന്നെ വിട്ടുകൊടുക്കണം. അപ്പോൾ അമ്മ നമ്മുടെ നിയോഗങ്ങളെല്ലാം അമ്മയുടെ തിരുക്കുമാരന്റെ പാദപീഠത്തിൽ വയ്ക്കും. ആയതുകൊണ്ട് പരിശുദ്ധ മറിയത്തിന്റെ സുനിശ്ചിത വിജയത്തിനായി നാം നിലകൊള്ളണം. പരിശുദ്ധ മറിയത്തിന്റെ മഹത്വത്തിനായി കൂടെനിൽക്കണം. പരിശുദ്ധ മറിയം ആക്രമിക്കപ്പെടുമ്പോൾ നമ്മൾ ചെറുത്ത് നിൽക്കണം. പരിശുദ്ധ മറിയത്തിനെതിരെ ദൂഷണം പറയുന്നവർക്കെതിരായി ഒരു സമ്മാനവും പ്രതീക്ഷിക്കാതെ പരിഹാരം ചെയ്യണം. എല്ലാ ആത്മാക്കളെയും അമ്മയുടെ പരിപാലനയിലേക്കു കൊണ്ടുവരുവാൻ പരിശ്രമിക്കണം.

**ധ്യാനചിന്ത:** ഓ മറിയത്തിന്റെ വിമലഹൃദയമേ, എന്റെ ഈ ചെറിയ ഹൃദയത്തിന്റെ അവസ്ഥ അങ്ങേയ്ക്ക് ഞാൻ പണയപ്പെടുത്തുന്നു. ഒരു ശിശുവിന്റെ ആത്മാവിനെപ്പോലെ, വിനീതവും വിശുദ്ധിയും നിറച്ച പുണ്യങ്ങൾ അഭ്യസിപ്പിക്കണമെ. അങ്ങയുടെ സുനിശ്ചിത വിജയത്തിന്റെ ഒരു ഉപകരണമായി മാറ്റുവാൻ എന്നെ ശക്തിപ്പെടുത്തണമെ. ഒരു നിമിഷംപോലും വിശ്രമിക്കാതെയും പാഴാക്കാതെയും പ്രാർത്ഥിക്കാനുള്ള കൃപ നൽകണമെ. ഈ ശിശുവിന്റെ ആത്മാവിനെ അങ്ങയുടെ സ്വന്തമാക്കി സംരക്ഷിക്കണമെ. എന്റെ അമ്മെ എന്നെ എന്നിൽനിന്നും മോചിപ്പിക്കണമെ.

*'എന്നെ കൊണ്ടുപോവുക, നമുക്കു വേഗം പോകാം'. ഉത്തമ. 1 : 4*

ദൈനംദിന പ്രാർത്ഥനകൾ ചൊല്ലുക.

## 26-ാം ദിവസം

**പ്രി**യമക്കളെ, എന്റെ മേലങ്കിക്കുള്ളിലേക്കു നിങ്ങളെ ക്ഷണിക്കുന്നത് സന്തോഷത്തിന്റെ സദ്‌വാർത്ത അറിയിക്കാനാണ്. യുഗങ്ങളായി കാത്തിരുന്ന വിളിയാണ് ഞാൻ നിങ്ങൾക്ക് തരുന്നത്. എന്റെ സുനിശ്ചിത വിജയമാകുവാൻ നിങ്ങളെ ഞാൻ ക്ഷണിക്കുന്നു. ഞാൻ ചൊരിയുന്ന കൃപകൾ സ്വീകരിച്ച് മുന്നോട്ടു പോകുവാൻ ഞാൻ നിങ്ങളോട് ആവശ്യപ്പെടുന്നു. നിങ്ങളുടെ പ്രതിഷ്ഠയിലൂടെ വിമലഹൃദയ ഭക്തി വർദ്ധിപ്പിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. നിങ്ങൾ സ്വന്തമാക്കിയ ഈ സമ്മാനം മറ്റ് ആത്മാക്കളിലും നിങ്ങൾ പ്രകാശിപ്പിക്കണം. സ്വർഗ്ഗീയമായ ഒരു ഐക്യം, അമ്മയും ശിശുവുമായുള്ള ഒരു ഐക്യം സ്ഥാപിക്കുവാൻ നിങ്ങൾ ഒരുമിച്ചു കൂടി മറ്റുള്ളവരെ കൂട്ടിച്ചേർക്കണം. എന്റെ തിരുനാൾ ദിവസങ്ങളിൽ നിങ്ങൾ നിങ്ങളുടെ ഹൃദയവുമായി വരണം. ജാതിമതഭേദമെന്യെ ലോകത്തിന്റെ നാനാഭാഗങ്ങളിൽ നിന്നും ഒരുമിച്ചു വരിക. മുമ്പത്തേക്കാളധികമായി എന്റെ സുനിശ്ചിത വിജയത്തിനുവേണ്ടിയുള്ള അപേക്ഷകൾ ഉയരട്ടെ. ഞാൻ നിങ്ങളോടുകൂടെ ഉണ്ടായിരിക്കും. എന്റെ വിമലഹൃദയത്തിലേക്കു നിങ്ങളെ സ്വീകരിക്കാൻ ഞാൻ വരുന്നു. എന്റെ തീക്ഷ്ണമായ ആഗ്രഹം സാധിച്ചു തരണമെ മക്കളെ.

**നേർവഴി നയിക്കൽ:** പരി.മറിയം തനിക്കുവേണ്ടി ഒന്നും മാറ്റിവെച്ചില്ല. കാരണം മറിയം ദൈവത്തിനു വേണ്ടി മാത്രം സൃഷ്ടിക്കപ്പെട്ടവളായിരുന്നു. ഒരാത്മാവ് മറിയവുമായി ഐക്യപ്പെട്ടിരിക്കുന്നതു പോലെ മറിയം ദൈവവുമായി ഐക്യപ്പെട്ടിരിക്കുകയും തന്നെത്തന്നെ മുഴുവനായി ദൈവത്തിനു കൊടുക്കുകയും ചെയ്യുന്നു. ദൈവത്തിന്റെ പ്രതിഫലനമാണ് മറിയം. പരിശുദ്ധ മറിയത്തിന്റെ ഹൃദയത്തിലൂടെ പുത്രനിലേക്കും പുത്രനിലൂടെ പിതാവിലേക്കും അവസാനം നിത്യജീവൻ അതിന്റെ പൂർണ്ണതയിലും നാം അനുഭവിക്കുന്നു. പരി. മറിയം യേശുവിനു രൂപം കൊടുത്തതുപോലെ ഓരോ ആത്മാവിനും ജീവൻ കൊടുക്കുന്നു. ഹൃദയത്തിലെ വികാരവിചാരങ്ങളുടെ വിശുദ്ധിക്കായി പരി.മറിയം മാദ്ധ്യസ്ഥം വഹിക്കുകയും അമ്മയുടെ പരിശ്രമം ഫലം ചൂടുകയും ചെയ്യുന്നു. ഹൃദയം അമ്മയുടെ എളിമയിൽ ആഴപ്പെടുകയും വിശ്വാസത്താൽ മനസ്സ് പ്രകാശിപ്പിക്കപ്പെടുകയും ചെയ്യുന്നു. അമ്മയുടെ നിരന്തരമായ മാതൃസ്നേഹത്തിന്റെ ആലിംഗനത്താൽ ആത്മാവ് മഹത്തരമാക്കപ്പെടുകയും അമ്മയുടെ പരിശുദ്ധിയിൽ കഴുകി സ്നേഹത്തിൽ കത്തിജ്വലിക്കുകയും ചെയ്യുന്നു. ഇതെല്ലാമാണ് വിമലഹൃദയപ്രതിഷ്ഠയുടെ ഫലങ്ങൾ.

**മാർഗ്ഗനിർദ്ദേശം:** പരി.മറിയം നമ്മുടെ ഹൃദയങ്ങളിൽ വസിച്ച് നമ്മുടെ ആത്മാവിലേക്കു ചൊരിഞ്ഞ കൃപകളെയും ദാനങ്ങളെയുംകുറിച്ച് ഹൃദയംനിറഞ്ഞ നന്ദിയോടെ അവിടുത്തെ പക്കലേക്കു പോകണം. മനുഷ്യബുദ്ധിക്ക് അളക്കാൻ പറ്റാത്ത അത്രയ്ക്ക് സ്നേഹം വിമലഹൃദയ പ്രതിഷ്ഠയുടെ യോഗ്യതകളാൽ മറിയം നമുക്കു നൽകുന്നു. ഓരോ ആത്മാവിനെയും വ്യക്തിപരമായ മാർഗ്ഗനിർദ്ദേശങ്ങളിൽ അതിനെ പോഷിപ്പിക്കുകയും വളർത്തുകയും ചെയ്യുന്നു. നമ്മുടെ ശത്രുക്കളിൽനിന്നും പരി. മറിയം നമ്മെ സംരക്ഷിക്കുന്നു. അവസാനമായി, അവിടുത്തെ പരിപാലനയിൽ ഏൽപ്പിക്കപ്പെട്ട ആത്മാക്കൾക്കുവേണ്ടി സ്വർഗ്ഗസ്ഥനായ പിതാവിന്റെ പക്കൽ മാദ്ധ്യസ്ഥം വഹിക്കുന്നു. പരി.മറിയം അവയെ സൂക്ഷിക്കുകയും പരിപാലിക്കുകയും ശ്രദ്ധിക്കുകയും നമ്മുടെ ഹൃദയത്തിൽ നിക്ഷേപിച്ച കൃപകൾ നഷ്ടപ്പെടാതിരിക്കാൻ സൂക്ഷിക്കുകയും ചെയ്യും. പ്രതിഷ്ഠയിലൂടെ ഉണ്ടാകുന്ന നമ്മുടെ കൂട്ടുകെട്ടിൽ പരി. മറിയം നമ്മുടെ ഹൃദയത്തിന്റെ മദ്ധ്യത്തിൽ വസിക്കുന്നു.

**ധ്യാനചിന്ത:** ഓ, മറിയത്തിന്റെ വിമലഹൃദയമെ, എന്റെ മാനസാന്തരപ്പെടാൻ ആഗ്രഹിക്കാത്ത മേഖലകളെ ഞാൻ സമർപ്പിക്കുന്നു. പരിശുദ്ധ സ്നേഹം എന്നിൽ വർദ്ധിപ്പിക്കണമെ. അങ്ങയുടെ പരിശുദ്ധ മാലാഖമാരെയയച്ച് ഈ സ്നേഹത്തിന്റെ ജ്വാലയെ ഉജ്ജ്വലിപ്പിക്കണമെ. അത് എന്റെ ഹൃദയത്തെ പൊതിഞ്ഞ് വിമലഹൃദയപ്രതിഷ്ഠ കൂടുതൽ ഫലപ്രദമാകട്ടെ. പ്രിയ അമ്മേ, അങ്ങയുടെ ദിവ്യസുതന്റെ സാന്നിദ്ധ്യത്തിൽ എപ്പോഴും ആയിരിക്കുവാൻ എന്നെ സഹായിക്കണമെ. എന്റെ ആത്മാവിനെ പരിശുദ്ധാത്മാവുമായി യോജിപ്പിച്ച് സുവിശേഷവൽക്കരണത്തിന്റെ കൃപകൾ ലഭിക്കുവാൻ എന്നെ സഹായിക്കണമെ.

*'ദൈവകൃപ നിറഞ്ഞവളെ സ്വസ്തി, കർത്താവ് നിന്നോടുകൂടെ' ലൂക്ക 1 : 28*

ദൈനംദിന പ്രാർത്ഥനകൾ ചൊല്ലുക.

## 27-ാം ദിവസം

**പ്രി**യമക്കളെ, എന്റെ മകൻ ജറുസലേംസ്ത്രീകളോട് പറഞ്ഞു; നിങ്ങൾ എനിക്കുവേണ്ടി കരയണ്ട, നിങ്ങളുടെ മക്കൾക്കുവേണ്ടി കരയുവിൻ. ഈ തലമുറയിലെ എന്റെ ഈ മക്കളാണ് അത്. യേശുവിന്റെ പ്രകാശം കാണാൻ സാധിക്കാതെ അന്ധകാരത്തിൽ ആണ്ടുപോയ മക്കളെക്കുറിച്ചാണ് അവൻ അനുകമ്പയോടെ സംസാരിച്ചത്. കണ്ണുകൾക്കൊണ്ട് കാണാനോ ഹൃദയംകൊണ്ട് ഗ്രഹിക്കാനോ പറ്റാത്ത മക്കൾ.

ഈ ലോകത്തിൽ എന്റെ സജീവസാന്നിദ്ധ്യത്തിന്റെ അടയാളമാകുവാനാണ് ഈ തലമുറയെ ഞാൻ പ്രത്യേകമാംവിധം വിളിക്കുന്നത്. എന്റെ വിമലഹൃദയത്തിന്റേതായി മാറ്റുവാനായിട്ടാണ്, അല്ലാതെ ഭക്തിയിൽ കൂടുതൽ വളരാനല്ല. പരിശുദ്ധിക്കുവേണ്ടി ദാഹിച്ചു ജ്വലിക്കുന്ന ഹൃദയത്തിനുവേണ്ടി പ്രാർത്ഥിക്കുവിൻ. വിശുദ്ധിക്കുവേണ്ടി പ്രാർത്ഥിക്കുക. നിന്റെ ആത്മാവിനെ കൃപയിലും, പുണ്യങ്ങളിലും പരിശുദ്ധിയിലും വളർത്താൻ എന്നോട് അപേക്ഷിക്കുക. ഈ ഓരോ ദാനങ്ങളും നിന്റെ ആഗ്രഹമനുസരിച്ച് നൽകുന്നു. പക്ഷെ പ്രായോഗികമാക്കുന്നതിനനുസരിച്ചേ അത് വളരുകയുള്ളു. വിമലഹൃദയം വഴി നൽകുന്ന കൃപയാൽ എല്ലാ ദാനങ്ങളും നിങ്ങൾക്ക് നൽകാൻ എനിക്ക് സാധിക്കും. പരിശുദ്ധാത്മാവിന്റെ ശക്തിയാൽ ജീവിതത്തിൽ പകർത്താനും സാധിക്കും. നിങ്ങളുടെ പ്രതിഷ്ഠയിൽ ഈ കൃപ അലിഞ്ഞു ചേർന്നിരിക്കുന്നു. ഈ പ്രവൃത്തിയിലൂടെ ചൊരിയപ്പെട്ട ദാനങ്ങൾ ഇപ്പോൾ മനസ്സിലാക്കാൻ സാധിക്കുന്നുണ്ടല്ലോ. എന്റെ വിമലഹൃദയത്തിൽ നിങ്ങളുടെ പ്രതിഷ്ഠവഴി എന്റെ സുനിശ്ചിത വിജയത്തിലേക്കുള്ള എന്റെ വിളിയോടുള്ള നിങ്ങളുടെ പ്രതികരണം തികച്ചും ദൈവികവും പരിപൂർണ്ണവുമായിരിക്കുന്നു. സത്യമായിട്ടും നമ്മുടെ ഹൃദയങ്ങൾ അനന്തമായി കൂട്ടിച്ചേർക്കപ്പെട്ടതുകൊണ്ട് നമുക്ക് അസാധ്യമായി ഒരു കാര്യവുമില്ല.

**നേർവഴി നയിക്കൽ:** പരിശുദ്ധാത്മാവ് തന്റെ മണവാട്ടിയുടെ ആഗമനത്തിനായി ഒരാത്മാവിൽ കാത്തിരിക്കുന്നു. തന്റെ മണവാട്ടി ഒരാത്മാവിൽ വന്നു വാസമുറപ്പിച്ചു എന്നു കാണുമ്പോൾ പൂർണ്ണശക്തിയോടെ അതിലേക്കു പ്രവേശിക്കുന്നു. അവൻ തന്റെ മണവാട്ടിയെ വലയംചെയ്തു കഴിയുമ്പോൾ ആ ആത്മാവുമായിട്ടു സമൃദ്ധമായി വാർത്താവിനിമയം നടത്തുന്നു. അപ്പോൾ സ്വർഗ്ഗീയ ദാനങ്ങളും കൃപകളും ചൊരിഞ്ഞ് അവർ ഐക്യത്തിൽ ജീവിക്കുന്നു. നമ്മുടെ ഹൃദയത്തിൽ ഇരുഹൃദയങ്ങളുടെ സംലയനമാണ് പ്രതിഷ്ഠയിലൂടെ നൽകപ്പെടുന്ന ഏറ്റവും വലിയ പങ്ക്. പരിശുദ്ധാത്മാവ് തന്റെ മണവാട്ടിയുടെ ആത്മാവും നമ്മുടെ ആത്മാവും തമ്മിൽ വേണ്ടത്ര ഐക്യം കാണായ്കയാലാണ് പരിശുദ്ധാത്മാവു വന്നിട്ടും വലിയ അത്ഭുതങ്ങളൊന്നും ആത്മാവിൽ സംഭവിക്കാത്തത്. പരിശുദ്ധ മറിയം നമ്മുടെ ആത്മാവിൽ നിലയുറയ്ക്കുമ്പോൾത്തന്നെ ധാരാളം കൃപകളും കൊണ്ടുവരുന്നു.

**മാർഗ്ഗനിർദ്ദേശം:** പരിശുദ്ധിക്കുവേണ്ടിയുള്ള ദാഹത്താൽത്തന്നെ പരി.മറിയം, ഭൂമിയിലെ ഏറ്റവും മഹത്തരമായ തന്റെ വിശ്വാസം എന്ന ദാനംതന്നെ നമ്മിലേക്കു ചൊരിയും. നമ്മൾ അമ്മയോടൊപ്പം ദൈവത്തെ സമീപിക്കുന്നതുകൊണ്ട് അമ്മ നമ്മളിൽ ഉറച്ച വിശ്വാസം ഉണർത്തും. നിങ്ങളുടെ കഴിവുകളും കൃപകളും, ആവശ്യങ്ങളും അമ്മയെ ഭരമേൽപ്പിക്കുന്നതുകൊണ്ടാണ് വിശ്വാസം എന്ന ദാനം നിങ്ങൾക്കു നൽകപ്പെടുന്നത്. അങ്ങനെ ദൈവത്തിന്റെ ഹിതം എന്നിൽ നിറവേറട്ടെ എന്നു പറയാൻ സാധിക്കും. കൃപയിലും വിശ്വാസത്തിലും നിങ്ങൾ വളരാൻ കാരണം തന്നിൽത്തന്നെ ആശ്രയിക്കാതെ പരി.മറിയത്തിൽ ആശ്രയിക്കുന്നതുകൊണ്ടാണ്. നിങ്ങളുടെ ആത്മാവിന്റെ സ്ഥാനത്ത് അമ്മയുടെ ആത്മാവ് ദൈവത്തിൽ ആനന്ദിക്കും. പ്രതിഷ്ഠ നടത്തുന്ന ആ നിമിഷത്തിൽ പരിശുദ്ധാത്മാവിന്റെ സാന്നിദ്ധ്യത്താൽ വലിയ രൂപാന്തരം സംഭവിക്കും.

**ധ്യാനചിന്ത:** ഓ മറിയത്തിന്റെ വിമലഹൃദയമെ, അമ്മയുടെ മാതൃഹൃദയത്തിൽ എന്റെ ആവശ്യങ്ങൾ ഞാൻ ഉണർത്തുന്നു. എന്റെ ഹൃദയത്തിൽ മായാത്ത വിശ്വാസവും ആഴമായ എളിമയും തീക്ഷ്ണമായ പ്രാർത്ഥനയും ഉറച്ച പ്രത്യാശയും പങ്കിടുന്ന സ്നേഹവും രൂപപ്പെടുത്തണമെ. അങ്ങനെ എന്റെ പ്രതിഷ്ഠ ഫലപ്രദമാകട്ടെ. ഹൃദയങ്ങളുടെ രാജ്ഞി, അങ്ങയുടെ മണവാളനായ പരിശുദ്ധാത്മാവിനെ കൂട്ടിക്കൊണ്ട് വന്ന് എന്റെ ഹൃദയത്തിന്റെ ആഴങ്ങളിൽ വസിക്കണമെ.

*'എന്റെ ആത്മാവ് കർത്താവിനെ മഹത്വപ്പെടുത്തുന്നു. എന്റെ ചിത്തം എന്റെ രക്ഷകനായ ദൈവത്തിൽ ആനന്ദിക്കുന്നു.' ലൂക്ക. 1 : 46, 47*

ദൈനംദിന പ്രാർത്ഥനകൾ ചൊല്ലുക.

## 28-ാം ദിവസം

**പ്രി**യ മക്കളെ, ഈ ദിവസങ്ങളിൽ നിങ്ങളിൽനിന്നും ഞാൻ വലിയ പ്രതീക്ഷ കൊണ്ടുനടക്കുകയാണെന്നറിയാമല്ലോ. തീർച്ചയായും ഞാൻ നിങ്ങളുടെ കൂടെയുണ്ട്. പ്രതിഷ്ഠയുടെ പ്രാധാന്യത്തെക്കുറിച്ചുള്ള ദൈവത്തിന്റെ ആഗ്രഹം പ്രകാശത്തിലേക്കു കൊണ്ടുവരാൻ ഞാൻ ആവശ്യപ്പെടുന്നു. ഇതുവഴി കൃപയുടെ പ്രകാശത്തെ എന്റെ മക്കളിലേക്കു ചൊരിയാൻ ഞാൻ കാത്തിരിക്കുന്നു. ഹൃദയത്തിന്റെ തുറവിയിലൂടെ ഈ ലോകം ആന്തരീകമായും ഭാഗീകമായും പറുദീസയായി മാറട്ടെ.

സന്തോഷവും ആശ്വാസവും മുന്നറിയിപ്പും ഈ ലോകത്തിനു നൽകാനായിട്ടാണു ഞാൻ വരുന്നത്. പ്രിയ മക്കളെ, എന്റെ ഹൃദയത്തിന്റെ പ്രകാശം നിങ്ങളിലും നിങ്ങളിലൂടെ ഈ ലോകത്തും പരക്കുവാൻ ഇടയാകട്ടെ.

**നേർവഴി നയിക്കൽ:** പരി.മറിയത്തിലൂടെയാണ് ഈ ലോകത്തിന്റെ രക്ഷ തുടങ്ങി വെച്ചത്. മറിയത്തിലൂടെതന്നെ അത് പൂർണ്ണമാക്കുകയും ചെയ്യും. പരിശുദ്ധാത്മാവാണു മറിയത്തെ നമുക്ക് വെളിപ്പെടുത്തി തന്നതും, മറിയത്തിലൂടെ യേശു നൽകപ്പെട്ടതും. യേശുവിനെ വെളിപ്പെടുത്തിയതും അവിടുത്തെ എല്ലാവരും വിശ്വസിച്ചു സ്വീകരിച്ച് സ്നേഹിക്കാൻ ഇടയാക്കിയതും. എന്നാൽ ദൈവം ഈ അവസാനനാളുകളിൽ തന്റെ ഉൽകൃഷ്ടസൃഷ്ടിയായ (Master piece) മറിയത്തെ ഈ ലോകത്തിനു വെളിപ്പെടുത്താൻ ആഗ്രഹിക്കുന്നു. മറിയത്തിലൂടെയും മറിയത്താലും ദൈവത്തെ മഹത്വപ്പെടുത്താൻ ദൈവം ആഗ്രഹിക്കുന്നു. സ്വർഗ്ഗത്തിന്റെ വാതിലായ പരി.മറിയത്തിന്റെ ഗർഭപാത്രത്തിലൂടെയാണ് യേശു നമ്മുടെ മദ്ധ്യേ വന്നത്. അതുകൊണ്ട് യേശുവിന്റെ മഹത്വത്തിനായി മറിയം അംഗീകരിക്കപ്പെടേണ്ടതും അറിയപ്പെടേണ്ടതുമാണ്. അതുകൊണ്ട് എല്ലാ ആത്മാക്കളും പ്രകാശിപ്പിക്കപ്പെടുന്നതും പ്രത്യേകിച്ച് വിശുദ്ധീകരിക്കപ്പെടുന്നതും, കർത്താവായ ദൈവത്തെ കണ്ടെത്തുന്നതും അമ്മയുടെ വിമലഹൃദയത്തിലൂടെയാണ്. ആഗ്രഹിച്ച് അന്വേഷിക്കാതെ ആർക്കും മറിയത്തെ അറിയാനും സാധിക്കുകയില്ല. അതുകൊണ്ട് ദൈവത്തിന്റെ ഉപരി മഹത്വത്തിനായി യേശുവിന്റെ അമ്മയെ ബഹുമാനിക്കുക എന്ന യേശുവിന്റെ ഇഷ്ടം നാം പൂർത്തീകരിക്കണം അഥവാ സാധിച്ചുകൊടുക്കണം.

**മാർഗ്ഗനിർദ്ദേശം:** ഒരു ശിശു രാവിലെ ഉണർന്നാൽ തന്റെ അമ്മയെ നോക്കുന്നതും അന്വേഷിക്കുന്നതും പോലെ നാം ഓരോ പ്രഭാതത്തിലും അമ്മയുടെ മുഖം തേടണം. ആ ശിശു അമ്മയുടെ മുഖം കാണാൻ സാധിച്ചില്ലെങ്കിൽ അമ്മ അടുത്തു വരുന്നതുവരെ അവൻ കരഞ്ഞുകൊണ്ടിരിക്കും. നമ്മുടെ അമ്മയായ മറിയത്തെപ്രതി നമ്മൾ ചെയ്യേണ്ടതും അങ്ങനെയാണ്. അമ്മ എവിടെയാണെന്നു നമുക്ക് അറിയില്ലെങ്കിൽ കരയാൻ നാം ഭയപ്പെടേണ്ട. നാം ഒറ്റപ്പെട്ട അവസ്ഥ അനുഭവപ്പെടുന്നെങ്കിൽ എത്രയും പെട്ടെന്നു അമ്മയെ വിളിച്ചുവരുത്തണം. അമ്മയുടെ കരങ്ങൾ അന്വേഷിച്ച് ഒരിക്കലും വിടാത്തവണ്ണം അതിനെ മുറുക്കിപ്പിടിക്കണം. അന്ധകാരത്തിന്റെ മദ്ധ്യത്തിൽ പ്രതിഷ്ഠയിലൂടെയാണ് നാം അമ്മയെ കണ്ടെത്തുന്നത്.

**ധ്യാനചിന്ത:** ഓ മറിയത്തിന്റെ വിമലഹൃദയമെ, ഹൃദയത്തെ മാറ്റാനുള്ള കഴിവു അങ്ങേയ്ക്കുണ്ട്. എന്നെ രൂപാന്തരപ്പെടുത്തണമെ. അങ്ങയെ അമ്മയാക്കാനുള്ള യോഗ്യതയുള്ള ഒരു ശിശുവാക്കി എന്നെ മാറ്റണമെ. ഞാൻ അങ്ങിൽ പ്രത്യാശവെക്കുന്നു. അങ്ങയുടെ നല്ല മുഖം ഓരോ പ്രഭാതത്തിലും അന്വേഷിക്കാൻ ഇടവരട്ടെ. പ്രതിഷ്ഠയിലൂടെ അങ്ങയുടെ കരങ്ങൾ മുറുകെപ്പിടിക്കാൻ എന്നെ അനുവദിക്കണമെ.

*'മറിയമാകട്ടെ ഇവയെല്ലാം ഹൃദയത്തിൽ സംഗ്രഹിച്ച് ഗാഢമായി ചിന്തിച്ചുകൊണ്ടിരിക്കുന്നു.'*
*ലൂക്ക. 2:19*

ദൈനംദിന പ്രാർത്ഥനകൾ ചൊല്ലുക.

## 29-ാം ദിവസം

**പ്രി**യമക്കളെ, എന്റെ മാതൃഹൃദയത്തിൽ പ്രതിഷ്ഠിച്ചിരിക്കുന്ന ഓരോ ആത്മാവിനും എന്റെ സ്വർഗ്ഗീയ കൃപകളുടെ കഴിവുകൾ നൽകിയിരിക്കുന്നു. നിങ്ങൾ എന്റെ സുനിശ്ചിത വിജയത്തിന്റെ പൂർത്തീകരണ മായി മാറിയിട്ടുണ്ടെങ്കിൽ അത് അനായാസം നൽകപ്പെട്ടിരിക്കുന്നു. നിത്യരക്ഷയ്ക്കുവേണ്ടിയുള്ള എന്റെ സംഭാവനകളാണു നിങ്ങൾ. അവസാനം നിങ്ങൾ എന്റെ മകന്റെ തിരുഹൃദയത്തിന്റെ സാക്ഷികളാകും. അവന്റെ കരുണയുടെയും സ്നേഹത്തിന്റെയും അടയാളമായി മാറും. വിജയിക്കുന്ന എന്റെ വിമലഹൃദ യത്തിൽ നിങ്ങളുടെ പ്രതിഷ്ഠയുടെ പ്രായോഗിക ഭാഗഭാഗിത്വത്തിലൂടെ അത് പ്രകടമാകും. എന്റെ തിരുക്കുമാരന്റെ പ്രകാശം കൂടുതൽ വെളിപ്പെടാനും അങ്ങനെ ഞങ്ങളുടെ ഇരുഹൃദയങ്ങൾ സ്നേഹി ക്കപ്പെടാനും നിങ്ങളുടെ ഹൃദയങ്ങൾ തുറന്നുതരാൻ ഞാൻ ആഗ്രഹിക്കുന്നു. ഞാൻ പൂർത്തീകരിക്കാ നാഗ്രഹിക്കുന്ന യേശുവിന്റെ ഏറ്റവും അമൂല്യമായ ആഗ്രഹമാണിത്.

**നേർവഴി നയിക്കൽ:** മുമ്പൊരിക്കലും പ്രകടമായിട്ടില്ലാത്തവിധം പരി.മറിയത്തിന്റെ ശോഭ ഈ അവ സാന നാളുകളിൽ കരുണയിലൂടെയും ശക്തിയിലൂടെയും കൃപയിലൂടെയും പ്രകടമാകും. കരുണയിൽ പാപികളെ സ്നേഹത്തോടെ തിരിച്ചുകൊണ്ടുവരുവാനും മാനസാന്തരത്തിലൂടെയും പ്രതിഷ്ഠയിലൂടെയും പരിശുദ്ധ സഭയെ നവീകരിക്കാനുമായാണു ഞാൻ വരുന്നത്. യുദ്ധം ചെയ്യാൻ വന്നിരിക്കുന്ന പിശാചി നെതിരെ ശക്തമായ ഒരു സൈന്യത്തെ അണിനിരത്താനാണു പരിശുദ്ധ മറിയം വരുന്നത്. പരിശുദ്ധ മറിയത്തിന്റെ സുനിശ്ചിതവിജയത്തിനുവേണ്ടി പോരാടുന്ന പടയാളികൾക്കു നിലനിൽപ്പിനുവേണ്ടി കൃപ യിൽ അമ്മ പ്രശോഭിക്കേണ്ടത് ആവശ്യമാണ്. സാത്താൻ അഴിച്ചുവിടുന്ന ക്രൂരമായ പീഢനങ്ങൾക്കും പരിശുദ്ധിക്ക് എതിരായിട്ടുള്ള എല്ലാ മ്ലേച്ഛതകൾക്കുമെതിരെ പോരാടാനാണ് പരി. മറിയം വരുന്നത്. ഇങ്ങനെ എഴുതപ്പെട്ടിരിക്കുന്നു; സുനിശ്ചിത വിജയത്തിന്റെ മഹത്വത്തിൽ 'നീയും സ്ത്രീയും തമ്മിലും നിന്റെ സന്തതിയും അവളുടെ സന്തതിയും തമ്മിലും ഞാൻ ശത്രുത ഉളവാക്കും.' ഉൽപ. 3:15. പരിശുദ്ധ മറിയം തന്റെ കാലുകൊണ്ട് സാത്താന്റെ തലതകർക്കും. ഈ ശത്രുത സാത്താനും മേരിയുംതമ്മിലാണ്.

ഈ അന്തിമ പോരാട്ടത്തിൽ ആണ് നമ്മൾ പരിശുദ്ധ മറിയത്തെ രാജ്ഞിയായി പ്രഖ്യാപിച്ചത്. പരിശുദ്ധ മറിയത്തിന്റെ വിമലഹൃദയത്തിന്റെ സുനിശ്ചിത വിജയം. ഇതുവരെ നിശ്ചലമായിരുന്ന നമ്മുടെ ഹൃദയങ്ങളിൽനിന്നാണ് സുനിശ്ചിത വിജയം ആരംഭിക്കുന്നത്.

**മാർഗ്ഗനിർദ്ദേശം:** നമ്മുടെ പ്രതിഷ്ഠയിലൂടെയാണ് പരി.മറിയം ലോകത്തിന്റെമുമ്പിൽ പ്രകടമാകുന്നത്. ഇതുവഴി മറിയത്തിന്റെ കൃപയുടെ ശോഭ മറ്റുള്ളവരുടെ മുമ്പിൽ വിതറാൻ നമുക്കു സാധിക്കും. മറിയ ത്തിന്റെ സുനിശ്ചിത വിജയത്തിന്റെ യുദ്ധത്തിൽ സത്യത്തിന്റെ ദീപസ്തംഭങ്ങൾ ആകാനാണു നാം വിളിക്കപ്പെട്ടിരിക്കുന്നത്. മറിയത്തിന്റെ മക്കൾക്കെതിരെയുള്ള ഒരു യുദ്ധമാണ് ഇത്. അഹങ്കാരത്താൽ സാത്താനു നഷ്ടമായത് എളിമയാൽ മറിയം സ്വന്തമാക്കി. അനുസരണക്കേടുകൊണ്ട് നഷ്ടമാക്കിയത് പരിശുദ്ധ മറിയം പൂർണ്ണവിധേയത്തോടുകൂടിയുള്ള അനുസരണംകൊണ്ട് സ്വന്തമാക്കി. ആദ്യപാപത്തിൽ ദൈവം സൃഷ്ടിച്ച പറുദീസ നശിപ്പിച്ചു. പക്ഷെ മറിയം വിശ്വസ്തദാസിയായി മക്കളുടെ രക്ഷയ്ക്കായി വന്നു. ഈശോയുടെ തിരുഹൃദയഭരണത്തിനുവേണ്ടി മറിയത്തിന്റെ സഹദാസന്മാരായ മക്കൾ തങ്ങ ളുടെ ഹൃദയങ്ങൾ അമ്മയ്ക്ക് പ്രതിഷ്ഠിച്ചു. അതുകൊണ്ട് ഈ യുദ്ധം പ്രകാശത്തിന്റെ മക്കളും അന്ധ കാരത്തിന്റെ മക്കളും തമ്മിലാണ്. ഈ ദിവസങ്ങളിൽ മുമ്പത്തേക്കാളധികമായി ഈ പീഢനം നമുക്കു അനുഭവിക്കാൻ സാധിക്കുന്നുണ്ട്. നമ്മൾ ഓർമ്മിക്കണം എളിമയുള്ള ആത്മാക്കൾ അഹങ്കാരത്തിന്മേൽ വിജയം വരിക്കും.

**ധ്യാനചിന്ത:** ഓ മറിയത്തിന്റെ വിമലഹൃദയമെ, അങ്ങയുടെ സുനിശ്ചിത വിജയത്തിന്റെ മഹത്വം എന്നിൽ പ്രകടമാക്കണമെ. ഈ യുദ്ധത്തിൽ എന്നെ ശക്തിപ്പെടുത്തണമെ. കാരണം ഇതു മനുഷ്യചരിത്രത്തിലെ ഏറ്റവും ഭീകരമായ പോരാട്ടമാണ്. പൂർണ്ണമായി വിട്ടുകൊടുക്കാനുള്ള കൃപ ഈ പ്രതിഷ്ഠയിൽ എനിക്ക് നേടിത്തരണമെ. പുണ്യങ്ങളാൽ അലംകൃതമായ സത്യത്തിന്റെ വാൾ ധരിച്ച എന്റെ ആത്മാവിനെ അങ്ങ

യുടെ സുനിശ്ചിത വിജയത്തിൽ ഒരു പതാകയായി ഉയർത്തണമെ. സുവിശേഷം പഠിപ്പിക്കുന്ന മൂല്യങ്ങളിലും ധാർമ്മികബോധത്തിലും ഉറച്ചു നിൽക്കുവാൻ പ്രോത്സാഹിപ്പിക്കണമെ. പ്രാർത്ഥനയിൽ ശക്തിപ്പെടുത്തി പരിശുദ്ധാത്മാവും അങ്ങുമായുള്ള ഐക്യം കണ്ടെത്താൻ എനിക്കിടയാകട്ടെ. എന്റെ ആത്മാവിനു കൂടുതൽ സഹനശക്തി നൽകി പീഡനങ്ങളും പ്രലോഭനങ്ങളും അതിജീവിച്ച് അങ്ങയുടെ സുനിശ്ചിതവിജയത്തിന്റെ മഹത്വത്തിൽ ഞാൻ ആനന്ദിക്കട്ടെ.

*'ഇപ്പോൾ മുതൽ സകല തലമുറകളും എന്നെ ഭാഗ്യവതി എന്നു പ്രകീർത്തിക്കും. ശക്തനായവൻ എനിക്ക് വലിയ കാര്യങ്ങൾ ചെയ്തിരിക്കുന്നു.' ലൂക്ക 1 : 48-49*

ദൈനംദിന പ്രാർത്ഥനകൾ ചൊല്ലുക.

## 30-ാം ദിവസം

**പ്രി**യ മക്കളെ, എന്റെ മക്കളെ, എന്റെ വിമലഹൃദയത്തിൽ പ്രതിഷ്ഠ ചെയ്യുവാനുള്ള ആഹ്വാനസന്ദേശം പ്രചരിപ്പിക്കുവാൻ വേണ്ട അവസരങ്ങളും സൗകര്യങ്ങളും കാണുക. ഒരവസരങ്ങളും പാഴാക്കരുത്. ധാരാളം വ്യക്തികൾ ഈ വിളി സ്വീകരിക്കാനും വളരുവാനും വേണ്ടി കാത്തിരിക്കുന്നുണ്ട്. വ്യക്തിപരമായും ലോകം മുഴുവനും നവീകരണത്തിനും രൂപാന്തരീകരണത്തിനു വേണ്ടി കൃപ ചൊരിയുന്ന സമയമാണ്. പരിശുദ്ധിയിലേക്കുള്ള വിളിയാണിത്. സഭയിൽ ആന്തരീകമായും ബാഹ്യമായും എന്റെ വിജയം അനുഭവപ്പെടും. എന്റെ പുത്രന്റെ രക്ഷാകരസന്ദേശസത്യങ്ങളുടെ പുനഃസ്ഥാപനത്തിനുസമയമായി. ഭൂമിയുടെ എല്ലാ മുക്കിലും മൂലയിലും യേശുവിന്റെ നീതിയുടെയും കൃപയുടെയും പ്രതിഫലനം ഉണ്ടാകും.

ഈ ലക്ഷ്യത്തിനു വേണ്ടി പ്രവർത്തിക്കുന്ന എല്ലാവരെയും പ്രകാശിപ്പിക്കുകയും ഓർമ്മപ്പെടുത്തുകയും ചെയ്യുക. അതിന്റെ പൂർത്തീകരണത്തിനുവേണ്ടി ഞാൻ കൊടുക്കുന്ന പ്രാധാന്യത്തെക്കുറിച്ചും തിടുക്കത്തെക്കുറിച്ചും ബോധ്യപ്പെടുത്തുക. ഇതെല്ലാം എങ്ങനെ സംഭവിക്കുമെന്ന് ശങ്കിച്ചു നിൽക്കാതെ ശ്രദ്ധാപൂർവ്വം ശ്രവിച്ച് അതിന് പ്രത്യുത്തരം നൽകിയാൽ മതി. സ്വർഗ്ഗത്തിൽനിന്നും ശക്തിയിറങ്ങുമ്പോൾ ഭൂമി മുഴുവൻ പ്രകമ്പനം കൊള്ളുമെന്നു ഞാൻ നിങ്ങൾക്ക് ഉറപ്പു നൽകുന്നു. അധികം താമസിയാതെ ആകാശത്തിലും തെരുവീഥികളിലും ഏറ്റുമുട്ടലിന്റെ പ്രതിധ്വനികൾ കാണാൻ സാധിക്കും. ഒരു ഹൃദയവും ഒറ്റപ്പെട്ടു നിൽക്കുകയില്ല. ഒന്നുകിൽ എന്റെ വിമലഹൃദയത്തിലായിരിക്കും, അല്ലെങ്കിൽ സാത്താന്റെ പിടിയിലായിരിക്കും. ഇതാ രണ്ട് സത്യങ്ങൾ നമ്മുടെ മുമ്പിൽ വച്ചിരിക്കുന്നു. ആത്മാവ് കൃപയാൽ സംരക്ഷിക്കപ്പെടുന്ന അവസ്ഥ അല്ലെങ്കിൽ ദുഷ്ടാരൂപിയാൽ സംവഹിക്കപ്പെടുന്ന അവസ്ഥ. ഏതെങ്കിലും ഒന്നു തെരഞ്ഞെടുക്കേണ്ടിവരും. എന്റെ ഹൃദയത്തെ ശ്രവിക്കുന്നവർ ഇത് ഗൗരവ പൂർവ്വം ധ്യാനിക്കുക.

**നേർവഴി നയിക്കൽ:** ദൈവം തന്റെ അമ്മ കൂടുതൽ അറിയപ്പെടാനും സ്നേഹിക്കപ്പെടാനും ആഗ്രഹിക്കുന്നു. മറിയത്തിന്റെ എല്ലാ മക്കളും അമ്മയുടെ മഹത്വം അറിയുകയും മറിയത്തിന്റെ വിമലഹൃദയത്തിൽ പ്രതിഷ്ഠിക്കുകയും ചെയ്യും. അവർ അമ്മയുടെ മാതൃ ആലിംഗനവും നന്മയും അനുഭവിക്കും. എല്ലാ കാര്യങ്ങൾക്കും അവർ അമ്മയിൽ ശരണം വെക്കും. അമ്മയുടെ പോരാളികൾ ഈ ആധുനിക കാലത്തെ അപ്പസ്തോലന്മാരായി മാറും. എന്റെ സുനിശ്ചിത വിജയത്തിന്റെ ശുശ്രൂഷകരായിരിക്കും അവർ. ദൈവികസ്നേഹം പരത്തിക്കൊണ്ട് നടക്കുന്ന തീപ്പന്തങ്ങളായിരിക്കും. പരി.മറിയം പ്രതിഷ്ഠിക്കപ്പെട്ട ആത്മാക്കളിൽ നിന്നുയരുന്ന തീജ്വാലകൊണ്ട് ശത്രുവിന്റെ ഹൃദയത്തെ പിളർക്കും. അവരുടെ ഹൃദയങ്ങൾ ഒന്നിലും അസ്വസ്ഥപ്പെടാതെ എല്ലാറ്റിൽനിന്നും അകന്നുനിന്നു സത്യത്തിന്റെ പ്രകാശവും പരി.മറിയത്തിന്റെ വിമലഹൃദയത്തിന്റെ മഹത്വവും പരത്തിക്കൊണ്ടിരിക്കും. സുനിശ്ചിത വിജയത്തിന്റെ ശക്തമായ സൈന്യത്തിന്റെ പടയാളികളാകാൻ നാം വിളിക്കപ്പെട്ടിരിക്കുന്നു.

**മാർഗ്ഗനിർദ്ദേശം:** അവസാനനാളുകളിലെ സത്യഅപ്പസ്തോലന്മാരായി നാം മാറും. ആകാംക്ഷയോടെ കാത്തിരിക്കുന്ന ഹൃദയങ്ങൾക്ക് പ്രതിഷ്ഠയുടെ അത്ഭുതസിദ്ധികൾ വെളിപ്പെടുത്തും. ഒരുവിധ ആകുലതകളോ പണമോ വസ്തുക്കളോ ഇല്ലാത്തവരായിരിക്കും. പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടുന്ന ഈ ഗണം തിരഞ്ഞെടുക്കപ്പെട്ട പുരോഹിതന്മാരുടെ മദ്ധ്യേ ആയിരിക്കും. അവർക്ക് പരിശുദ്ധിയുടെ ചിറകുകളും ആത്മാക്കളുടെ രക്ഷയ്ക്കായുള്ള തീജ്ജ്വാലയും ഉണ്ടായിരിക്കും. അവർ എവിടെ പോയാലും പരിശുദ്ധാത്മാവ് അവരുടെ കൂടെ ഉണ്ടായിരിക്കും. പരിശുദ്ധ കന്യകയുടെ മൃദുലമായ സ്വരത്തിൽ ദൈവസ്നേഹത്തിന്റെയും കരുണയുടെയും വാക്കുകളല്ലാതെ മറ്റൊന്നും അവർ പ്രസംഗിക്കുകയില്ല.

**ധ്യാനചിന്ത:** ഓ മറിയത്തിന്റെ വിമലഹൃദയമെ, ഈ പോരാട്ടത്തിൽ എന്നെ നേർവഴി നയിക്കണമെ. അങ്ങയുടെ വിജയത്തിന്റെ സത്യ അപ്പസ്തോലനാക്കണമെ. അങ്ങയുടെ തിരുക്കുമാരന്റെ ശുശ്രൂഷയുടെ പോരാളിയായി പ്രത്യേകമാംവിധം എന്റെ ഹൃദയത്തെ ഒരുക്കണമെ. അങ്ങേയ്ക്കുവേണ്ടി ഒരു ആത്മാവിനെയെങ്കിലും നേടി പിതാവിന്റെ മുമ്പിൽ സമർപ്പിക്കുവാൻ എന്നെ അയയ്ക്കണമെ. തിരഞ്ഞെടുക്കപ്പെട്ട അങ്ങയുടെ മറ്റ് മക്കളോടൊപ്പം എന്റെ ഹൃദയത്തെയും ഒന്നിപ്പിക്കണമെ. എന്റെ അമ്മെ നിന്റെ സുനിശ്ചിത വിജയത്തിന് ഉറച്ച ബോധ്യത്തോടെ, ശക്തമായി നിലകൊള്ളുവാൻ എന്നെ സഹായിക്കണമെ.

*'അപ്പോൾ അവനെ ശക്തിപ്പെടുത്തുവാൻ സ്വർഗ്ഗത്തിൽനിന്ന് ഒരു ദൂതൻ പ്രത്യക്ഷപ്പെട്ടു' ലൂക്ക. 22-43.*

ദൈനംദിന പ്രാർത്ഥനകൾ ചൊല്ലുക.

## 31-ാം ദിവസം

**പ്രി**യമക്കളെ, എല്ലാവിധത്തിലും എന്റെ വിമലഹൃദയത്തിനു പ്രതിഷ്ഠ നടത്തിയതിന്റെ ഉറപ്പ് നൽകുക. ഈ വിളിക്കുവേണ്ടി പ്രയത്നിക്കുന്നവരെ നേർവഴി നയിക്കാനും സംരക്ഷിക്കാനും ഞാനും ആഗ്രഹിക്കുന്നു. ദൈവത്തിന്റെ ദൃഷ്ടിയിൽ ഇങ്ങനെയുള്ള ആത്മാക്കളാണ് ദൈവത്തിന്റെ കൃപ കണ്ടെത്തുന്നത്.

ദൈവത്തിന്റെ ഈ ആഗ്രഹത്തിന്റെ അളവുകളില്ലാത്ത സ്നേഹത്തെക്കുറിച്ച് ധ്യാനിക്കുവാൻ ഞാൻ സഹായിക്കാം. എന്റെ ഹൃദയത്തിലൂടെയാണ് യേശു നിങ്ങളുടെ അടുത്തേക്ക് വന്നത്. അതുകൊണ്ട് എന്റെ ഹൃദയത്തിലൂടെതന്നെ എല്ലാ ഹൃദയങ്ങളെയും യേശുവിന്റെ ഹൃദയവുമായി ഒന്നിപ്പിക്കണമെന്ന് അവിടുന്ന് ആഗ്രഹിക്കുന്നു. യേശുവിന് എന്നോടുള്ള സ്നേഹത്തിൽനിന്നാണ് എല്ലാ ആത്മാക്കൾക്കുമുള്ള കൃപകൾ ഉളവാകുന്നത്.

സ്വർഗ്ഗത്തിന്റെ എല്ലാ സമ്പത്തും ഈ ആത്മാക്കൾക്ക് വിതരണം ചെയ്യുന്നതും എന്റെ വിമലഹൃദയം പോലും അവർക്ക് പങ്കിടണമെന്നും യേശു ആഗ്രഹിക്കുന്നു. പരിമിതമായ സമയമേ അവശേഷിച്ചിട്ടുള്ളു. ആയതുകൊണ്ട് എല്ലാ ആത്മാക്കളും സ്വർഗ്ഗത്തിന്റെ ഈ ദാനം സ്വീകരിക്കുവാൻ എന്റെ വിമലഹൃദയത്തിന് പ്രതിഷ്ഠ നടത്തുവാൻ ഒരുമിച്ചു വിളിച്ചുകൂട്ടുവിൻ. എല്ലാവരും ഒരുമിച്ചു വരുക, അതിന്റെ പ്രാധാന്യത്തെക്കുറിച്ച് ഞാൻ പറഞ്ഞുതരാം. നേതൃത്വം നൽകുന്നവർക്ക് പരിശുദ്ധാത്മാവിന്റെ ശക്തിയും കൃപയും ഞാൻ നൽകും. ഈ ദാനങ്ങളിലൂടെ അവർ അനേകരെ സുവിശേഷവൽക്കരിക്കുകയും അങ്ങനെ നമുക്കു ഒരുമിച്ച് ദൈവത്തിന്റെ ഈ ഉൽക്കടമായ ആഗ്രഹത്തെ പൂർത്തീകരിക്കാം. എന്റെ പ്രിയമക്കളെ, നിങ്ങളുടെ മുഴുവൻ ശ്രദ്ധയും ഭക്തിയും ഈ വിഷയത്തിലേക്കുതിരിക്കണമെന്ന് ഞാനപേക്ഷിക്കുന്നു.

**നേർവഴി നയിക്കൽ:** ഒരേ വാക്കിൽ പറയുകയാണെങ്കിൽ ഈ കാലഘട്ടത്തിലെ അപ്പസ്തോലന്മാർ യേശുക്രിസ്തുവിന്റെ യഥാർത്ഥ ശിഷ്യന്മാരായിരിക്കും. ഒത്തുതീർപ്പുകളില്ലാതെ സുവിശേഷസത്യങ്ങൾ പഠിപ്പിക്കുന്നവരായിരിക്കും. ഈ ലോകത്തിനു തെറ്റായ ധാരണകൾ നൽകാതെ, സുവിശേഷത്തിന്റെ ഇടുങ്ങിയ വഴികളായ നഗ്നസത്യങ്ങൾ അവർ നിങ്ങൾക്ക് വെളിപ്പെടുത്തിത്തരും. കൈകളിൽ ജപമാലയും തോളിൽ കുരിശും അവർ വഹിക്കും. അവരുടെ കണ്ണുകളിൽ ക്രിസ്തുവിന്റെ പ്രകാശവും ഹൃദയങ്ങളിൽ മേരിയുടെ പേരും കൊത്തിവച്ചിട്ടുണ്ടാകും. ദൈവത്തിന്റെ ആഗ്രഹപ്രകാരം ദൈവകൃപയാൽ ഐക്യപ്പെടുന്ന ഒരു സൈന്യത്തെ പരിശുദ്ധ മറിയത്തിന്റെ വിമലഹൃദയത്തിലൂടെ ഒരുക്കപ്പെടുന്നു.

**മാർഗ്ഗനിർദ്ദേശം:** ഈ വിളിയുടെ ലക്ഷ്യത്തിലേക്കു നീങ്ങുന്നവർ തീജ്ജ്വാലകളാൽ കത്തിജ്വലിക്കുന്ന ഹൃദയം, ഒരിക്കലും അണഞ്ഞുപോകാത്തതും ഒന്നിനും തണുപ്പിക്കാൻപറ്റാത്തതും, എന്നാൽ പരി. മറിയത്തിന്റെ ഹൃദയത്തിന്റെ ഊഷ്മളത അനുഭവിക്കുന്നവരുമായിരിക്കും. കാലത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട പോരാട്ടത്തിൽ പരിശുദ്ധ മറിയത്തിന്റെ ശുശ്രൂഷയ്ക്കായി നാം വിളിക്കപ്പെട്ടിരിക്കുന്നു. ഈ ലോകത്തിൽ നടക്കുന്ന സംഭവങ്ങളിൽനിന്നും വ്യക്തമായ അടയാളങ്ങളിൽനിന്നും യുദ്ധം അതിന്റെ അന്ത്യമുഹൂർത്തത്തിലാണെന്ന് മനസ്സിലാക്കാം. ഓരോ ദിവസവും അതിന്റെ വിജയത്തിനായി നമുക്ക് യുദ്ധം ചെയ്യാം. കുരിശിന്റെ ദാനത്താലും അതിന്റെ ഭാരത്താലും നമ്മെ ശക്തിപ്പെടുത്തും. അവസാനം ഉയിർപ്പിന്റെ ആഹ്ലാദത്താൽ നിറയ്ക്കപ്പെടും.

നമ്മുടെ ഓട്ടം ഓടിക്കഴിയുമ്പോൾ, വിജയത്തിന്റെ കിരീടം സ്വീകരിക്കുമ്പോൾ, നമ്മുടെ അമ്മയുടെ ഹൃദയമാണ് നമ്മെ നയിച്ചതെന്ന് നമുക്കു മനസ്സിലാകും. ഒരു മനുഷ്യനുപോലും മനസ്സിലാക്കാൻ പറ്റാത്തവിധം കുഴികളിൽ നിന്നും കെണികളിലും നിന്നും ഒരാത്മാവിനെ അമ്മയുടെ പുണ്യത്താൽ നയിക്കും. അമ്മയ്ക്ക് മാത്രമെ അതിനു സാധിക്കൂ. അവസാനവിജയത്തിന്റെ ഉറപ്പാണ് നമ്മുടെ പ്രതിഷ്ഠ.

**ധ്യാനചിന്ത:** ഓ മറിയത്തിന്റെ വിമലഹൃദയമെ, അങ്ങയുടെ മാതൃഹൃദയത്തിന്റെ ആലിംഗനത്തിലും നീല മേലങ്കിയുടെ സംരക്ഷണത്തിലും ഞങ്ങളെ ഒളിപ്പിക്കണമെ. എന്നെക്കുറിച്ചുള്ള ദൈവീക പദ്ധതി അറിയുവാൻ എന്നെ സഹായിക്കണമെ.

*'ഇതിനുവേണ്ടിയാണു ഞാൻ ഈ ലോകത്തിലേക്ക് വന്നതും-സത്യത്തിനു സാക്ഷ്യം നൽകാൻ. സത്യത്തിൽ നിന്നുള്ളവൻ എന്റെ സ്വരം കേൾക്കുന്നു.' യോഹ. 18:37*

ദൈനംദിന പ്രാർത്ഥനകൾ ചൊല്ലുക.

# 32-ാം ദിവസം

**പ്രി**യ മക്കളെ, ദൈവത്തിന്റെ അപേക്ഷ പൂർത്തീകരിക്കുന്നതിനു ആവശ്യമായതെല്ലാം തരുവാനായിട്ടാണ് ഈ ദിവസങ്ങളിൽ ഞാൻ വരുന്നത്. ഈ ലോകത്തിനു എനിക്കുള്ള തീവ്രമായ സ്നേഹത്തെ പ്രതി എന്റെ ഹൃദയം അതിനു നൽകുന്നു. എന്റെ വിമലഹൃദയത്തിലൂടെ ഈ രണ്ടാമത്തെ കൃപ മനുഷ്യകുലത്തിന്മേൽ ഇറങ്ങിവരട്ടെ. എന്റെ ഉദരത്തിലൂടെ നിത്യരക്ഷയുടെ വീരയോദ്ധാവായി ഈ ലോകത്തിലേക്കു വന്നതുപോലെതന്നെ ഒരിക്കൽക്കൂടി അവിടുത്തെ ലോലമായ സ്നേഹിക്കുന്ന ഹൃദയം നൽകാൻ യേശു ആഗ്രഹിക്കുന്നു. എന്റെ വിമലഹൃദയം തന്നെയാണ് ഒരിക്കൽക്കൂടി യേശുവിന്റെ തിരുഹൃദയം നൽകാൻ തിരഞ്ഞെടുത്തത്.

ആയതുകൊണ്ട്, എന്റെ മക്കളെ, എന്റെ വിജയത്തിനു സമർപ്പിക്കപ്പെട്ടിരിക്കുന്ന ഓരോ ഹൃദയവും എത്ര പ്രാധാന്യം അർഹിക്കുന്നതാണെന്ന് കാണുക. എന്റെ ഹൃദയത്തിലൂടെ യേശുവിന്റെ ഹൃദയം നിങ്ങൾക്ക് കണ്ടെത്താനാകും. ഈ തീവ്രമായ സ്വർഗ്ഗീയ കൃപയാൽ അവരെ ഉരുക്കിവാർത്ത് എന്റെ ഹൃദയംപോലെയാക്കുന്നു. വിളി ഓരോ ഹൃദയത്തിനും നൽകണമെന്നു ഞാൻ ആവശ്യപ്പെടുന്നു. അങ്ങനെ അവർ സ്വർഗ്ഗത്തിന്റെ വാതിലായ പരി.മറിയത്തിലൂടെ മാത്രമെ അകത്ത് പ്രവേശിക്കുകയുള്ളു. ദൈവം ആഗ്രഹിക്കുന്നതുപോലെ ഒരിക്കൽക്കൂടി അവർ യേശുവിന്റെ പ്രകാശത്തിൽ വിശ്രമിക്കട്ടെ.

**നേർവഴി നയിക്കൽ:** മറിയത്തിന്റെ ഈ പോരാളികളിൽനിന്നാണ് ഭാവിയിലെ വിശുദ്ധരും ദൃഷ്ടാന്തങ്ങളും ഉണ്ടാകുന്നത്. അവർ പരിശുദ്ധ മറിയത്തിന്റെ വിമലഹൃദയവിജയത്തിന്റെ മൂലക്കല്ലുകളും അഗ്നിയിൽ ശോധന ചെയ്യപ്പെട്ടവരുമായിരിക്കും. ഈ ശ്രേഷ്ഠമായ ആത്മാക്കൾ കൃപയിലും തീക്ഷ്ണതയിലും നിറഞ്ഞവരായിരിക്കും. ദൈവത്തിന്റെ ശത്രുക്കളെ നേരിടാൻ തിരഞ്ഞെടുക്കപ്പെട്ടവരാണവർ. നാലുഭാഗത്തും പോരാട്ടം ചെയ്തുകൊണ്ടിരുന്നാലും അവർ മറിയത്തിന്റെ വിമലഹൃദയത്തെ കേന്ദ്രീകരിച്ചായിരിക്കും നിലകൊള്ളുക. അവർ പരി.മറിയത്താൽ പ്രകാശിപ്പിക്കപ്പെട്ടവരും അവളുടെ കൈകളാൽ ശക്തിപ്പെട്ടവരും, അമ്മയുടെ ആത്മാവിനാൽ നയിക്കപ്പെടുന്നവരും, അമ്മയുടെ ഭുജത്താൽ താങ്ങിനിറുത്തപ്പെട്ടവരും, അമ്മയുടെ മേലങ്കിയുടെ സംരക്ഷണയുള്ളവരുമായിരിക്കും. അവരുടെ വാക്കിലും പ്രവർത്തിയിലും ലോകത്തെ മുഴുവൻ വിമലഹൃദയത്തിലേക്കു കൊണ്ടുവരാനാകും. അവർ ധാരാളം ശത്രുക്കളെ നേടും. എന്നാൽ ദൈവത്തിന് വിജയവും മഹത്വവും നൽകും. അവർ മറിയത്തിന്റെ വിമലഹൃദയത്തോടു ചേർക്കപ്പെട്ട സുനിശ്ചിത വിജയത്തിന്റെ അപ്പസ്തോലന്മാരാണ്.

**മാർഗ്ഗനിർദ്ദേശം:** എല്ലാവർക്കും പരി.മറിയത്തോടുള്ള ഭക്തി നിത്യജീവനുവേണ്ടി അദ്ധ്വാനിക്കാൻ അനിവാര്യമാണ്. പൂർണ്ണതയിലേക്കു വിളിക്കപ്പെട്ടവർക്ക് അതിലും അത്യന്താപേക്ഷിതമാണ്. പരി.മറിയത്തെക്കൂടാതെ ദൈവവുമായിട്ട് ആഴത്തിൽ ഐക്യപ്പെടുവാനോ പരിശുദ്ധാത്മാവുമായി ചങ്ങാത്തം സ്ഥാപിക്കാനോ സാധ്യമല്ല. ഈ ഐക്യം മറിയത്തിന്റെ വ്യക്തിപരമായ ഗുണങ്ങളെയും അമ്മയുടേതായ പ്രേരണയെയും ആശ്രയിച്ചിരിക്കുന്നു. സ്വർഗ്ഗത്തിന്റെ ഇടുങ്ങിയ വാതിലിലൂടെ കടക്കാൻ പരിശുദ്ധ മറിയമാണ് അതിനു വഴിയൊരുക്കുന്നത്. നമ്മുടെ വിമലഹൃദയ പ്രതിഷ്ഠയിലൂടെ മറിയത്തിന്റെ ഗർഭപാത്രത്തിലേക്ക് ഗോപ്യമായ രീതിയിൽ നാം വിളിക്കപ്പെട്ടിരിക്കുന്നു. എളിമയുള്ള ഹൃദയമുള്ളവർക്ക്, സ്വർഗ്ഗത്തിന്റെ എല്ലാ രഹസ്യങ്ങളും മറിയം വെളിപ്പെടുത്തിക്കൊടുക്കുന്നു. പരിശുദ്ധ കന്യകയാകുന്ന രഹസ്യ പറുദീസായിലേക്കു നാം തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു. ഈ മൗതിക യാഥാർത്ഥ്യത്തിൽ നിന്നാണ് ദൈവത്തിന്റെ ഛായയിൽ നാം രൂപാന്തരപ്പെടുന്നത്. ഐക്യത്തിന്റെയും മാനസാന്തരത്തിന്റെയും പരിശുദ്ധിയുടെയും ദൃഷ്ടാന്തങ്ങൾ ആയി നാം മാറുന്നു.

**ധ്യാനചിന്ത:** ഓ മറിയത്തിന്റെ വിമലഹൃദയമെ, വിളിക്കപ്പെട്ടിരിക്കുന്ന പൂർണ്ണത പ്രാപിക്കാൻ എന്നെ സഹായിക്കണമെ. വിശുദ്ധിയിൽ നിലനിൽക്കാൻ വേണ്ടുന്ന ദൈവൈക്യം എനിക്ക് നൽകണമെ. പ്രിയ അമ്മേ, അങ്ങ് സ്വന്തമായ നിലയിൽ പ്രതിഷ്ഠിക്കപ്പെട്ടതുപോലെ എന്നെ അങ്ങയുടെ ഉദരത്തിൽ ഒളിപ്പിക്കണമെ. നിയോഗിക്കപ്പെട്ടിരിക്കുന്ന ജോലി പൂർത്തിയാക്കാൻ എന്നെ പ്രകാശിപ്പിക്കണമെ. അങ്ങയുടെ മാതൃത്വം ആഗ്രഹിക്കുന്നവരുടെ മദ്ധ്യേ അയച്ച് അങ്ങയുടെ സുനിശ്ചിതവിജയത്തിനുവേണ്ടി ഞാൻ കൊയ്തെടുക്കട്ടെ.

*'സ്വർഗ്ഗത്തിൽ വലിയ ഒരു അടയാളം കാണപ്പെട്ടു. സൂര്യനെ ഉടയാടയാക്കിയ ഒരു സ്ത്രീ' വെളി. 12:1*

ദൈനംദിന പ്രാർത്ഥനകൾ ചൊല്ലുക.

## 33-ാം ദിവസം

പ്രിയ മക്കളെ, നിങ്ങൾ പ്രതിഷ്ഠചെയ്യുന്നതിനുമുമ്പ്, ഒരു വാക്ക് ഉച്ചരിക്കുന്നതിനു മുമ്പ് നിങ്ങളുടെ ആന്തരീക ഉദ്ദേശ്യം എന്താണെന്നു പരിശോധിക്കണം. ഈ ഹൃദയങ്ങൾ തമ്മിലുള്ള ഐക്യം സ്നേഹത്തിന്റെ ശുദ്ധ സമ്മാനമാണ്. ഈ ഉദ്ദേശ്യമല്ല കാണുന്നതെങ്കിൽ എല്ലാം നിറുത്തിവച്ച് വീണ്ടും എല്ലാം അയവിറക്കി വിമലഹൃദയത്തിനുവേണ്ടിയുള്ള സ്നേഹത്താൽ നിറഞ്ഞതിനുശേഷം തുടങ്ങുക.

അമ്മേ ഞങ്ങളുടെ പ്രതിഷ്ഠ അങ്ങയോടുള്ള സ്നേഹത്തെപ്രതി മാത്രമല്ലേ? ഇത് സത്യത്തിൽ പ്രതിഷ്ഠയുടെ ഒരു പ്രവൃത്തിയാണ്. അങ്ങേയ്ക്കുവേണ്ടിയുള്ള എന്റെ സ്നേഹത്തിലും അമ്മയ്ക്ക് എന്നോടുള്ള സ്നേഹത്തിന്റെയും പൂർണ്ണമായ വിട്ടുകൊടുക്കലിന്റെയും ഹൃദയ കൈമാറ്റമാണിത്.

അമ്മേ ഞാനിത് മനസ്സിലാക്കുന്നു. ഇത് അവിടുത്തെ ഹൃദയത്തിന്റെ മദ്ധ്യത്തിൽ മുളച്ചുപൊന്തുകയാണെങ്കിൽ, ഓരോ ആത്മാവിനേയും പുത്രന്റെ പാതയിലേക്കുനയിക്കാൻ എനിക്കു സാധിക്കും. അമ്മേ, ഈ കാരണത്തിനുവേണ്ടി മാത്രം ആത്മാവ് അവിടുത്തെ അടുത്തേക്കു വരണമെന്നാണോ അമ്മ ആഗ്രഹിക്കുന്നത്? അതെ മക്കളെ, പ്രതിഷ്ഠിക്കപ്പെടേണ്ടിയുള്ള ഓരോ ആത്മാവിനേയും ഇന്നു മുതൽ ഒരുക്കുവാൻ ഞാൻ ആരംഭിക്കുന്നു.

**നേർവഴി നയിക്കൽ:** വിമലഹൃദയ പ്രതിഷ്ഠയുടെ ഉദ്ദേശ്യം ഓരോ ആത്മാവിനെയും ദൈവത്തിന്റെ മുമ്പിൽ പാപമില്ലാത്ത പൂർവ്വാവസ്ഥയിലേക്കു കൊണ്ടുവരികയാണ്. ആയതുകൊണ്ട് പ്രതിഷ്ഠ നടത്തുമ്പോൾ ഈ ഉദ്ദേശ്യം വ്യക്തമായി മനസ്സിലാക്കിക്കൊണ്ടുവേണം അത് ചെയ്യുവാൻ. പിതാവായ ദൈവം തന്റെ പുത്രനെ ഭൂമിയിലേക്ക് അയച്ചതിന്റെ ഉദ്ദേശ്യം എല്ലാ ആത്മാക്കളെയും അവരുടെ പൂർവ്വാവസ്ഥയിലേക്ക് തിരിച്ചുകൊണ്ടുവരുന്നതിനാണ്. അതുകൊണ്ട് ഓരോ പ്രവർത്തിയെയും ഇത് ലക്ഷ്യംവച്ചുകൊണ്ടുള്ളതായിരിക്കണം.

അതുകൊണ്ട് പ്രതിഷ്ഠയിൽ എല്ലാ രക്ഷാകര കൃപകളും യോഗ്യതകളും പരി.മറിയത്തിലൂടെയാണ് ദൈവത്തിന്റെ മുമ്പിൽ സമർപ്പിക്കേണ്ടത്. സഹരക്ഷക എന്ന നിലയിൽ അമ്മയുടെ പങ്ക് പൂർത്തീകരിക്കാനും യേശുവിനോട് ചേർന്ന് അവിടുത്തെ രക്ഷാകരഗുണങ്ങൾ പ്രതിഷ്ഠയിലൂടെ അതിന്റെ പൂർണ്ണരൂപത്തിൽ എത്തിക്കാനും അമ്മയ്ക്ക് അവസരമാകും.

**മാർഗ്ഗനിർദ്ദേശം:** ദൈവത്തെ മാത്രം പ്രസാദിപ്പിക്കാനായി നാം ചെയ്യുന്ന ഓരോ പ്രവർത്തനങ്ങളിലും ഇതിനുവേണ്ടി ഒരു കാര്യം ചെയ്യുമ്പോൾ അത് വിജയകരമല്ലെന്നു തോന്നിയാലും, അസ്വസ്ഥമാകാതെ ശാന്തസ്ഥിരതരായി ലക്ഷ്യം നേടിയ മനോഭാവത്തിൽ മുന്നോട്ടു പോകണം.

രണ്ടാമതായി, മറ്റുള്ളവർ നന്മചെയ്തതിനെപ്രതി ആഹ്ലാദിക്കുക, അതു നാം ചെയ്തതാണെന്നു കരുതുക. ദൈവത്തിന്റെ ഇഷ്ടംമാത്രം അന്വേഷിക്കുന്ന ഒരാത്മാവ് നന്മകൾ മറ്റുള്ളവർ ചെയ്തതാണോ അഥവാ സ്വയം ചെയ്തതാണോ എന്ന് അന്വേഷിക്കുകയില്ല.

മൂന്നാമതായി, മറ്റുള്ളവരേക്കാൾ കൂടുതൽ കാര്യങ്ങൾ ഏൽപ്പിക്കപ്പെടണമെന്ന് ആഗ്രഹിക്കാതെ ഏൽപ്പിച്ച കാര്യങ്ങൾ ചെയ്യുക.

നാലാമതായി, നമ്മുടെ സൽപ്രവൃത്തികൾക്ക് ഒരു നന്ദിയും അംഗീകാരവും പ്രതീക്ഷിക്കാതെ, അവഹേളിക്കപ്പെട്ടാൽപോലും അസ്വസ്ഥമാകാതെ ദൈവത്തിനു നന്ദിയും സ്തുതിയും അർപ്പിക്കുന്നു.

അഞ്ചാമതായി, ഓരോ ഉത്തരവാദിത്വങ്ങൾ മറ്റുള്ളവർക്ക് ഏൽപ്പിക്കപ്പെടുമ്പോൾ സ്വന്തം സമാധാനം നഷ്ടമാകാതെ സമചിത്തരായിരിക്കുക. അതുവഴി നിങ്ങൾ ദൈവത്തിനു മഹത്വം നൽകും.

**ധ്യാനചിന്ത:** ഓ മറിയത്തിന്റെ വിമലഹൃദയമെ, എന്റെ എല്ലാ പ്രവർത്തികളിലും സമാധാനവും സ്വസ്ഥതയും കണ്ടെത്താൻ പ്രതിഷ്ഠയിലൂടെ എന്നെ സഹായിക്കണമെ. അതിന്റെ ഫലങ്ങളിൽ എന്റെ ഇഷ്ടങ്ങൾ മേഘങ്ങളെപ്പോലെ തടസ്സമാകാതിരിക്കട്ടെ. എന്റെ ഉത്തരവാദിത്വങ്ങളിൽ എന്റെ ഇഷ്ടം അന്വേ

ഷിക്കാതെ അങ്ങയുടെ സുനിശ്ചിതവിജയത്തിന്റെ പൂർത്തീകരണംമാത്രം തേടുവാൻ ഞാൻ പ്രാർത്ഥിക്കുന്നു. എന്റെ ലക്ഷ്യം നേടുവാനുള്ള കൃപ എന്റെ ആത്മാവിനു നൽകണമെ. യേശുവിന്റെ സ്നേഹത്തെപ്രതി അത് പൂർത്തീകരിക്കുവാൻ എന്നെ സഹായിക്കണമെ. പ്രതിഷ്ഠയിലെ എന്റെ 'അതെ'/Yes പിതാവായ ദൈവം ഞാൻ എന്താകണമെന്നാഗ്രഹിക്കുന്നുവോ അതിനുവേണ്ടി എന്റെ ഭൂതകാലവും വർത്തമാനകാലവും ഭാവിയും സന്തോഷവും ദുഃഖങ്ങളും പ്രാർത്ഥനകളും ബലികളും എനിക്കുള്ളതെല്ലാം ഞാൻ സമർപ്പിക്കുന്നു.

*'ദൈവത്തെ സ്നേഹിക്കുന്നവർക്ക് അവിടുത്തെ പദ്ധതിയനുസരിച്ച് വിളിക്കപ്പെട്ടവർക്ക് അവിടുന്ന് സകലവും നന്മയ്ക്കായി പരിണമിപ്പിക്കുന്നു.' റോമ. 8:28*

ദൈനംദിന പ്രാർത്ഥനകൾ ചൊല്ലുക.

# പരിശുദ്ധ മറിയത്തിന്റെ വിമലഹൃദയത്തിന്റെ സുനിശ്ചിത വിജയത്തിനു വേണ്ടിയുള്ള പ്രതിഷ്ഠ

അമ്മയുടെ മാതൃനിർവിശേഷമായ വിളിയോട് / ഐക്യപ്പെട്ടുകൊണ്ട് / അമ്മയുടെ സുനിശ്ചിത വിജയത്തിന്റെ / ഈ പുലരിയിൽ, / അങ്ങയുടെ വിമലഹൃദയത്തിൽ / ഞങ്ങളുടെ പ്രതിഷ്ഠയുടെ പ്രതിജ്ഞ / ഞങ്ങൾ ഏറ്റു പറയുന്നു.

പ്രിയ അമ്മേ, / എന്നെ അങ്ങയുടെ / മാതൃകരങ്ങളിൽ വഹിച്ച് / സ്വർഗ്ഗത്തിലെ പിതാവായ ദൈവത്തിന്റെ സമക്ഷം / സമർപ്പിക്കണമേ എന്ന് / ഞാൻ പ്രാർത്ഥിക്കുന്നു. / അങ്ങയുടെ വിമലഹൃദയത്തിന്റെ സുനിശ്ചിത വിജയത്തിന്റെ / സഹനങ്ങൾ സ്വീകരിച്ചുകൊണ്ട് / പ്രത്യേകമാം വിധം / അങ്ങയുടെ പ്രിയപുത്രന്റെ ശുശ്രൂഷയ്ക്ക് / തിരഞ്ഞെടുത്തയയ്ക്കേണമെ.

പരമപാവനമായ ഈ പ്രവൃത്തിയിൽ / അങ്ങയുടെ സന്താനമെന്ന നിലയിൽ / അങ്ങയുടെ 'അതെ'/Yes യിൽ / എന്റെ 'അതെ'യും ഞാൻ സമർപ്പിക്കുന്നു. / ഫാത്തിമയിൽ അങ്ങയുടെ വാഗ്ദാനം അനുസരിച്ചുള്ള / ഈ അന്തിമപോരാട്ടത്തിൽ / ശക്തമായ കോട്ടയായി ഞാൻ നിലകൊള്ളുന്നു. / അങ്ങയുടെ വിജയത്തിന്റെ വലിയ രാജ്യമായ / റഷ്യയുടെ മാനസാന്തരത്തിലൂടെ / ലോകത്തിന്റെ മുഴുവൻ മാനസാന്തരവും / അങ്ങിനെ ലോകസമാധാനം സ്ഥാപിതമാവുമെന്ന / അങ്ങയുടെ വാഗ്ദാനം നിറവേറുമെന്നും / ഞങ്ങൾ വിശ്വസിക്കുന്നു.

ചക്രവാളത്തിൽ പ്രഭാതത്തിലെ രശ്മികൾ / പ്രകാശം പരത്തുന്നതുപോലെ, / ഈ അന്ധകാര സമയത്തിൽ / അപ്പോസ്തോലന്മാരുടെ രാജ്ഞിയായ സഹരക്ഷകെ, / ഞങ്ങളെ നേർവഴി നയിക്കണമെ. / സത്യത്തിന്റെ വാളുമായി ഞങ്ങളെ അയക്കേണമെ. / ഈ പോരാട്ടത്തിൽ ഞങ്ങളെ നയിക്കേണമേ. / അങ്ങയുടെ വിമലഹൃദയം / ഞങ്ങളുടെ അഭയത്തിന്റെ ദീപസ്തംഭമായിരിക്കട്ടെ. / പുണ്യങ്ങളുടെ കവചം / പിതാവായ ദൈവത്തിന്റെ സ്നേഹത്തിന്റെയും / അപരിമിതമായ കരുണയുടെയും ദൃഷ്ടാന്തമായിരിക്കട്ടെ.

അങ്ങയുടെ പുത്രന്റെ / സജീവ സാന്നിദ്ധ്യത്തിന്റെ അടയാളമായ / പരിശുദ്ധ കുർബാന / അങ്ങയുടെ സൈന്യനിരയിൽ / ഐക്യപ്പെടുത്തുന്ന ശക്തിയായിരിക്കുമെന്നു / അങ്ങയുടെ വിജയത്തിന്റെ അപ്പോസ്തലനെ(യെ)ന്ന നിലയിൽ / ഞാൻ അമ്മയ്ക്ക് പ്രതിജ്ഞ ചെയ്യുന്നു.

ദിവ്യകാരുണ്യത്തിന്റെ മുമ്പിൽ / ഏക ലക്ഷ്യത്തോടും വിശ്വാസത്തോടും / ഉത്തമബോധ്യത്തോടും കൂടെയായിരിക്കുവാൻ / കൃപ നൽകണമെ. / ഒരു ഹൃദയം യേശുവെന്നിൽ സൃഷ്ടിക്കട്ടെയെന്നും / ഞാൻ എല്ലാവർക്കും യേശുവിന്റെ പ്രതിഫലനമായിരിക്കട്ടെ എന്നും / ഞാൻ പ്രാർത്ഥിക്കുന്നു. / പരിശുദ്ധാത്മാവിന്റെ വരവിലൂടെ / ചൊരിയപ്പെടുന്ന ദാനങ്ങളിലൂടെ / എന്റെ പ്രതിഷ്ഠ ഫലദായകമാക്കുവാൻ, / ഓ പരിശുദ്ധിയുടെ നിറകുടമായ പരിശുദ്ധ കന്യകേ, / സ്വർഗ്ഗീയ കൃപാവരങ്ങളുടെ മദ്ധ്യസ്ഥേ; / അങ്ങയുടെ മണവാളനായ പരിശുദ്ധാത്മാവുമായി / എന്റെ ഹൃദയത്തിൽ വാസം ചെയ്യണമെ. / പരിശുദ്ധാത്മാവിന്റെ ശക്തമായ സാന്നിദ്ധ്യത്താൽ / നിരന്തരമായ പ്രാർത്ഥനയിൽ ഉറച്ചുനിന്ന് / പിതാവായ ദൈവത്തിന് / പൂർണ്ണമായി വിട്ടുകൊടുക്കാനിടയാകട്ടെ. / ഇരുഹൃദയങ്ങളുടെ ഐക്യം / ലോകമെമ്പാടും ഓളംവെട്ടുവാൻ തക്കവണ്ണം / പരിശുദ്ധാത്മാവ് ഇറങ്ങിവരട്ടെ.

## പ്രതിജ്ഞ

ഞാൻ.................................................................................................................................../ അങ്ങയുടെ സുനിശ്ചിത വിജയത്തിന്റെ / എല്ലാ മാലാഖമാരോടും, / സ്വർഗ്ഗത്തിലെ വിശുദ്ധരോടും / പരിശുദ്ധ മാതൃസഭയോടും ചേർന്ന് / എന്റെ മാമ്മോദീസാ വാഗ്ദാനങ്ങൾ നവീകരിച്ച് / നിന്റെ കരങ്ങളിലേക്ക് നൽകുന്നു.

ഞാൻ എന്തായിരിക്കുന്നുവോ, / പിതാവായ ദൈവം / ഞാൻ എന്താകുവാൻ ആഗ്രഹിക്കുന്നുവോ, ആയതിലേക്ക് എന്റെ പ്രിയ അമ്മേ, / എന്റെ ഭൂതകാലവും വർത്തമാനവും, / ഭാവിയും, സന്തോഷങ്ങളും, / ദുഃഖങ്ങളും, സഹനങ്ങളും / ഞാൻ അങ്ങേയ്ക്ക് സമർപ്പിക്കുന്നു.

അങ്ങയുടെ / വിമലഹൃദയത്തിന്റെ ആഴങ്ങളിലൂടെ / 'അതെ'/Yes യിൽ ഒന്നായി തീരേണ്ടതിന് / അമ്മേ, ഞാൻ എന്റെ സ്നേഹവും വാഗ്ദാനവും / നിനക്ക് നൽകുന്നു.

ഞാൻ ............................................................................................................/ മറിയത്തിന്റെ വിമലഹൃദയത്തിൽ / എന്റെ പ്രതിഷ്ഠ പ്രതിജ്ഞ ചെയ്യുന്നു.

സാക്ഷ്യപ്പെടുത്തി സ്വീകരിക്കുന്നു,

എന്ന്,